KOTTAYAM PUBLIC LIBRARY
Call No MP9 Acc. No 77747
Author ടി. വി. കെ
Title ഉക്രേനിയൻ നാടോടിക്കഥകൾ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

3

# ഉക്രേനിയൻ നാടോടിക്കഥകൾ

Dear reader,

It is not at all good for your taste in reading. So you may please continue your search for a good one.

Yours faithfully

A READER

പ്രസാധകർ:

പ്രഭാതം പ്രിൻറിംഗ് & പബ്ലിഷിംഗ് കമ്പനി (പ്രൈവററ്) ലിമിററഡ്,

കോഴിക്കോട്.

# ഉക്രേനിയൻ നാടോടിക്കഥകൾ

77747

വിവർത്തകൻ: ടി. വി. കെ.

പ്രഭാത് ബുക്ക് ഹൌസ്.

1957

M+9

ഒന്നാം പതിപ്പ്
കോപ്പി 1000

നവമ്പർ 1957
വില 1ക.

വിതരണം:

പ്രഭാത് ബുക്ക് ഹൌസ്,

കണ്ണൂര്—കോഴിക്കോട്—എറണാകുളം—ആലപ്പുഴ—കോട്ടയം
കൊല്ലം—തിരുവനന്തപുരം—മംഗലാപുരം.

അച്ചടി:

ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്.



## 1. കിഴവന്റെ കൈയുറ

ഒരു ദിവസം തന്റെ നായയോടൊപ്പം ഒരു കിഴവൻ കാട്ടിലൂടെ നടക്കുകയായിരുന്നു. അയാൾ നടന്നുനടന്നു തന്റെ കൈയുറ വീണു പോയതറിഞ്ഞില്ല.

കൈയുറ വീണസമയത്ത് അവിടെ ഒരു ചുണ്ടെലി എവിടെ നിന്നോ ഓടിയെത്തി. കൈയുറ കണ്ടപ്പോൾ അതിന്നു കൗതുകം തോന്നി, അതിന്നകത്തു കയറി ഇരിപ്പായി.

ഞാനിവിടെ" താമസിക്കാൻ പോവ്വാ", ചുണ്ടെലി പറഞ്ഞു.

കുറച്ചുകഴിഞ്ഞു് ആ വഴിക്കു ഒരു തവള തുള്ളിത്തുള്ളിവന്നു. കൈയുറ കണ്ടപ്പോഠം അതു ശങ്കിച്ചുനിന്നു് ഉറക്കെ വിളിച്ചുചോദിച്ചു:

"ക്രോം, ക്രോ. ആരാ ഇതിനകത്തു താമസിക്കുന്നേ?"

"ഞാനാ വാലാത്താൻ ചുണ്ടെലി. അല്ല, നിങ്ങളാരാ?"

"ഞാനോ? ഞാനാ പോക്കാച്ചി തവള. ഞാൻ അകത്തേക്കു വരട്ടെ?"

"ശരി, പോന്നോളൂ."

അങ്ങിനെ, തവള കൈയുറക്കകത്തു കയറി. ചുണ്ടെലി സ്ഥലം നീങ്ങിക്കൊടുത്തു. രണ്ടുപേരുംകൂടി കൈയുറ തങ്ങളുടെ പാർപ്പിടമാക്കി.

കുറേ സമയം കഴിഞ്ഞു. ഒരു എലി ആ വഴിക്കു വന്നു. കൈയുറ കണ്ടപ്പോഠം അതവിടെനിന്നു വിളിച്ചുചോദിച്ചു:

"ഏ, ആരാ ഇവിടെ താമസിക്കുന്നേ?"

"ഞങ്ങളാ. വാലാത്താൻ ചുണ്ടെലീയും പോക്കാച്ചി തവളയും. നിങ്ങളാരാണെന്നറിഞ്ഞില്ല."

"ഞാനാ ചട്ടക്കാലൻ പെരിച്ചാഴി. ഞാൻ നിങ്ങളുടെക്കൂടെ താമസിച്ചോട്ടെ?"

"ഓ, ശരി. കയറിക്കോളൂ"

അങ്ങിനെ പെരിച്ചാഴിയും കൈയുറക്കകത്തു കയറി. ചുണ്ടെലിയും തവളയും സ്ഥലം മാറിക്കൊടുത്തു. മൂന്നുപേരുംകൂടി കൈയുറയെ തങ്ങളുടെ പാർപ്പിടമാക്കി മാററി.

കുറച്ചുകൂടി കഴിഞ്ഞു് ഒരു കുറുക്കൻ ആ വഴിക്കു വന്നു

"ക്കൂഫി, ആരാ ഇവിടെ താമസിക്കുന്നേ?"

"ഞങ്ങളാ. വാലാത്താൻ ചുണ്ടെലിയും പോക്കാച്ചി തവളയും ചട്ടക്കാലൻ എലിയും. നിങ്ങളാരാ?"

"ഞാനാ മുച്ചിരിയൻ കുറുക്കൻ. എനിക്കുകൂടി കുറച്ചു സ്ഥലം തരാമോ?"

ചുണ്ടെലിയും തവളയും എലിയും സ്വല്പം മാറിക്കൊടുത്തു. കുറുക്കൻ വലിഞ്ഞുകയറി. അവർ നാലുപേരുംകൂടി കൈയുറ തങ്ങളുടെ പാർപ്പിടമാക്കി.

കുറച്ചു സമയം പിന്നെയും കഴിഞ്ഞു. ഒരു ചെന്നായ അലഞ്ഞു തിരിഞ്ഞ് ആ വഴിക്കു വന്നു. കൈയുറ കണ്ടപ്പോൾ ചെന്നായ നിന്നു വിളിച്ചു ചോദിച്ചു:

"ഏയ്, ചങ്ങാതികളേ, ആരാ ഇവിടെ താമസിക്കുന്നേ?"

"ഞങ്ങളാ. വാലാത്താൻ ചുണ്ടെലിയും പോക്കാച്ചി തവളയും ചട്ടക്കാലൻ പെരുച്ചാഴിയും മുച്ചിരിയൻ കുറുക്കനും. നിങ്ങളാരാ?"

"ഞാനാ തൊണ്ടപൊട്ടി ചെന്നായ. എനിക്കു അകത്തേക്കുവരണം"

"വരാമല്ലോ. കയറിക്കോളൂ" അങ്ങിനെ ചെന്നായയും കയറിക്കൂടി. ചുണ്ടെലിയും തവളയും എലിയും കുറുക്കനും സ്വല്പം മാറിക്കൊടുത്തു. അഞ്ചുപേരും ചേർന്ന് കൈയുറ തങ്ങളുടെ പാർപ്പിടമാക്കി.

കുറേനേരം കഴിഞ്ഞപ്പോൾ ഒരു കരടി മണത്തു മണത്തു ആ വഴിക്കു വന്നു.

"ഗ്രും ഗ്രും. ആരാ ഈ കൈയുറയിൽ താമസിക്കുന്നെ?"

"ഞങ്ങളാ. വാലാത്താൻ ചുണ്ടെലിയും പോക്കാച്ചി തവളയും ചട്ടക്കാലൻ പെരുച്ചാഴിയും മുച്ചിരിയൻ കുറുക്കനും തൊണ്ടപൊട്ടി ചെന്നായയും. നിങ്ങളാരാന്നറിഞ്ഞില്ല".

"ഞാനോ? ഞാനാണ് മടമാന്തി കരടി. നിങ്ങാംക്കെന്നെക്കൂടി കൂട്ടാൻ വിരോധമില്ലെന്നു എനിക്കറിയാം."

"എൻെറ പൊന്നേ, തോററല്ലോ എല്ലാവർക്കും ഇതിന്നകത്തു കയറണം. വലിയ ഞെരുക്കമാണ് ഇതിനകത്തു്".

"ഓ, സാരമില്ലെന്നേ. ഞാൻ ഒപ്പിച്ചോളാം".

"എന്നാൽ, നിങ്ങളും പോരന്നോള. പക്ഷെ, മുന്നറിയിപ്പു തന്നില്ലെന്നൊന്നും പറയേണ്ട".

കേറംകേണ്ട താമസം, കരടിയും ഞെങ്ങിഞെരുങ്ങി ഒരു വിധത്തിൽ കയറിപ്പററി. അവർ ആറുപേരുംകൂടി കൈയുറ തങ്ങളുടെ പാർപ്പിടമാക്കി. അതോടെ ഒന്നനങ്ങാൻപോലും തരപ്പെടാതെ അവർ ഞെരിഞ്ഞമന്നിരുന്നു.

അങ്ങിനെയിരിക്കുമ്പോറം ചില്ലിക്കമ്പുകറം പൊട്ടുന്ന ശബ്ദം കേട്ടു. ഒരു കാട്ടുകരടി ആ വഴിക്കു വരികയാണ്. കൈയുറയുടെ അടുത്തെത്തിയപ്പോഠം അതു നിന്നു് ഉറക്കെ വിളിച്ചുചോദിച്ചു:

"ഏയ്, നല്ലവരേ. ആരെല്ലാമാണിവിടെ താമസം?"

"ഞങ്ങളാ. വാലാത്താൻ ചുണ്ടെലിയും പോക്കാച്ചി തവളയും ചാട്ടക്കാലൻ എലിയും മുച്ചിരിയൻ കുറക്കനും തൊണ്ടപൊട്ടി ചെന്നായയും മടമാന്തി കരടിയും. നിങ്ങളാരാ?"

"ഹോ. ഹോ. ഞാനാ മുക്കറേൻ കാട്ടുകരടി. നീങ്ങളൊക്കെ ചേന്നാൽതന്നെ വലിയൊരു കൂട്ടമായി. എന്നാലും, എങ്ങിനെയെങ്കിലും എനിക്കുകൂടി, ഇതിനകത്തു നീങ്ങാം സ്ഥലം തരുമെന്നു എനിക്കറിയാം."

"എന്താ ഈ പറയുന്നതു്? സ്ഥലം തരേ? ഞങ്ങാംക്കുതന്നെ അനങ്ങാൻ മേലാ"

"വേണെങ്കി ചക്ക വേരിന്മേലും കായ്ക്കുമെന്നില്ലേ?"

"ഓ, ശരി. ശരി. കടന്നുവന്നോളു. പക്ഷെ, നിങ്ങൾ മാത്രമല്ല അകത്തെന്നു മറക്കാതിരുന്നാമതി."

അങ്ങിനെ കാട്ടുകരടിയും ഒരു വിധത്തിൽ ഞെരുങ്ങി വലിഞ്ഞു കയറിക്കൂടി. ഏഴുപേരും കൂടിയായപ്പോൾ കൈയുറ ഏതു നിമിഷവും പൊട്ടിച്ചിതറുമെന്ന നിലയിലായി.

ആ സമയത്താണ് തൻെറ കൈയുറ വീണുപോയതായി വയസ്സൻ മനസ്സിലാക്കുന്നത്. കൈയുറയുംതേടി അയാൾ തിരിഞ്ഞുനടന്നു അയാൾ കാലു നീട്ടിനീട്ടിവെച്ചു വളരെ വളരെ നേരം നടന്നു. അയാളുടെ നായ ഓടി ഓടി തളർന്നു. അവസാനം മഞ്ഞുകട്ടകൾക്കുമേലെ ഉറ കണ്ടെത്തി. അതു സാവധാനം നീങ്ങുന്നു!

നായ ബഹളംകൂട്ടി. ബൗ, ബൗ, ബൗ!

അകത്തിരുന്ന ഏഴുപേരും പേടിച്ചരണ്ടു ഒപ്പം പുറത്തേക്കു ചാടി പ്രാണനുംകൊണ്ടു ഓട്ടം തുടങ്ങി.

വയസ്സൻ അടുത്തുവന്നു തൻെറ കൈയുറ കുനിഞ്ഞെടുത്തു.

അങ്ങിനെ കഥയും അവസാനിച്ചു.



## 2. കൊച്ചു വയ്ക്കോൽകാള

പണ്ടുപണ്ടാണ്. ഒരു കിഴവനും കിഴവിയും ഉണ്ടായിരുന്നു. കിഴവൻ താർ ഉണ്ടാക്കും. കിഴവി വീടു നോക്കിനടത്തും.

ഒരു ദിവസം കിഴവി ശുണ്ഠീകയറി മുറുമുറുക്കാൻ തുടങ്ങി:

“എനിക്കൊരു കൊച്ചു വയ്ക്കോൽകാളയെ ഉണ്ടാക്കിത്തരാമോ?” കിഴവി കിഴവനോടു് ചോദിച്ചു.

“നിനക്കെന്തുപററി, തന്തക്കിഴവീ? എന്തിനു നിനക്കു ഒരു കാള?”

"ഞാനതിനെ മേയ്ക്കാൻ കൊണ്ടുപോകും."

കിഴവന്നു ഉത്തരം മുട്ടി. അയാറം ഒരു ചെറിയ വയ്ക്കോൽകാളയെ ഉണ്ടാക്കി അതിന്റെ പുറത്തും പള്ളക്കും താറതേച്ചു. രാവിലെ കിഴവി കൊച്ചു വയ്ക്കോൽകാളയെ തെളിച്ചുമേയ്ക്കാൻ കൊണ്ടുപോയി. ഒപ്പം തന്റെ റാട്ടും എടുത്തിരുന്നു.

ഒരു കുന്നിൻചെരുവിൽ കിഴവി ഇരുന്നു റാട്ടിൽ നൂല്ക്കാൻ തുടങ്ങി

മേഞ്ഞോ നീ മേഞ്ഞോ നീ
ഇമ്മിണി കുട്ടാ—കറുത്ത് കുട്ടാ
മേഞ്ഞോ നീ മേഞ്ഞോ നീ
ഇമ്മിണി കുട്ടാ—കറുത്ത കുട്ടാ.

പാട്ടുപാടിപ്പാടി കിഴവി നൂല നൂററുകൊണ്ടിരുന്നു. അങ്ങിനെ നൂററുനൂററു കിഴവി തളർന്നുറങ്ങിപ്പോയി.

പെട്ടെന്നു് തൊട്ടടുത്തുള്ള കൊടുങ്കാട്ടിൽനിന്നു് ഒരു കരടി ഓടി ക്കൊണ്ടുവന്നു.

കരടി നേരിട്ടു ചെന്നതു കാളക്കുട്ടന്റെ അടുത്തേക്കായിരുന്നു.

"നീ ആരാ?" കരടി ചോദിച്ചു.

"ഞാനാ കൊച്ചുവയ്ക്കോൽ കാള. പുറത്തു താറതേച്ച കാളക്കുട്ടനെ കേട്ടിട്ടില്ലേ, അവൻതന്നെ", കാളക്കുട്ടൻ മറുപടി നൽകി.

"എനിക്കു് കുറച്ചു താറതാ, കാളക്കുട്ടാ. എന്റെ പള്ളമുഴുവൻ നായ്ക്കറം കടിച്ചു കീറിക്കളഞ്ഞു"

പക്ഷെ കാളക്കുട്ടൻ അവിടെ നിശ്ശബ്ദനായി നിന്നതല്ലാതെ ഒരക്ഷരം പറഞ്ഞില്ല.

കരടിക്കു ദേഷ്യം കയറി. കാളക്കുട്ടന്റെ പള്ളയിലേക്കു കൈ ചുരുട്ടി കുത്തി. കൈ, കാളയുടെ പള്ളയിൽ കുടുങ്ങേണ്ട താമസം, അതവിടെ പററിപ്പിടിച്ചു.

ഈ സമയത്തു കിഴവി ഉറക്കമുണർന്നു. തൻെറ ശബ്ദം മുഴവനുമെടുത്തു കിഴവി വിളിച്ചുപറഞ്ഞു:

"ഏ, തന്തക്കിഴവാ. വായോ, വായോ. കാളക്കുട്ടൻ ഒരു കരടീയെ പിടിച്ചിരിക്കുന്നു".

കിഴവൻ ബദ്ധപ്പെട്ടു ഓടിവന്നു. കരടീയെ കടന്നു പിടിച്ചു വലിച്ചെടുത്തു ഒരു അറയിൽ അടച്ചുപൂട്ടി. അടുത്ത ദിവസം കാളക്കുട്ടനേയും തെളിച്ചു കിഴവി മേയ്ക്കാനിറങ്ങി. ഒപ്പം നൂലുനൂൽക്കുന്ന റാട്ടും എടുത്തിരുന്നു. ഒരു കുന്നിൻചരുവിലിരുന്നു കിഴവി നൂൽക്കാൻ തുടങ്ങി.

മേഞ്ഞോ നീ മേഞ്ഞോ നീ
ഇമ്മിണി കുട്ടാ—കറുത്ത കുട്ടാ
മേഞ്ഞോ നീ മേഞ്ഞോ നീ
ഇമ്മിണി കുട്ടാ—കറുത്ത കുട്ടാ.

പാട്ടു പാടിപ്പാടി കിഴവി റാട്ടു ചുററിക്കൊണ്ടിരുന്നു. അങ്ങിനെ നൂലു നൂററുനൂററ് കിഴവി തളർന്നുറങ്ങിപ്പോയി.

പെട്ടെന്ന് തൊട്ടടുത്തുള്ള കൊടുങ്കാട്ടിൽനിന്നു ഒരു ചെന്നായ ഇറങ്ങിവന്നു.

കാളക്കുട്ടനെ കണ്ടപ്പോൾ ചെന്നായ ചോദിച്ചു:

"ഏ, നീ ആരാ?"

"ഞാനാ കൊച്ചു വയ്ക്കോൽകാള. പുറത്തു താറതേച്ച കാളക്കുട്ടനെ കേട്ടിട്ടില്ലേ, അവൻതന്നെ", കാളക്കുട്ടൻ പറഞ്ഞു.

"എനിക്കു കുറച്ചു താറതരാമോ? എൻെറ പള്ള മുഴവൻ നായ്ക്കൾ കടിച്ചെടുത്തുകളഞ്ഞു"

"ഓ, വിരോധമില്ല; തരാലോ".

പക്ഷെ, കാളക്കുട്ടനെ തൊടേണ്ട താമസം, ചെന്നായയുടെ കൈ അവിടെ ഒട്ടിപ്പിടിച്ചു.

കിഴവി ഉറക്കമുണർന്നു ഉറക്കെ നിലവിളിച്ചു.

"ഏ, തന്തക്കിഴവാ. വായോ വായോ കാളക്കുട്ടൻ ഒരു ചെന്നായയെ പിടിച്ചിരിക്കുന്നു."

കിഴവൻ ബദ്ധപ്പെട്ടു ഓടിവന്നു. ചെന്നായ്യെ കടന്നുപിടിച്ചു വലിച്ചെടുത്തു അറയിലടച്ചുപൂട്ടി.

മൂന്നാംദിവസം കിഴവി കാളക്കുട്ടനെ വീണ്ടും മേയ്ക്കാൻ കൊണ്ടുപോയി ഒപ്പം നൂല്ക്കാനുള്ള റാട്ടും എടുത്തിരുന്നു. പാടിപ്പാടി കിഴവി നൂലു നൂററുകൊണ്ടിരുന്നു. അങ്ങിനെ നൂററുനൂററ് കിഴവി ഉറങ്ങിപ്പോയി.

എവിടെനിന്നെന്നില്ലാതെ ഒരു കുറുക്കൻ ഓടിക്കിതച്ചെത്തി. കുറുക്കൻ കാളക്കുട്ടനോടു ചോദിച്ചു:

"നീ ആരാ?"

"ഞാനാ കൊച്ചുവയ്ക്കോൽ കാള. പുറത്തു താറതേച്ച കാളക്കുട്ടനെ കേട്ടിട്ടില്ലേ, അവൻതന്നെ."

"എൻെറ കാളക്കുട്ടാ, കുറച്ചു താറ് എനിക്കു തരൂ. എൻെറ പുറം മുഴുക്കെ നായ്ക്കൾ കടിച്ചുപറിച്ചതു കണ്ടോ?"

"എടുത്തോളൂ"

കുറുക്കൻ താറുവാരാൻ കൈ നീട്ടി. നീട്ടേണ്ട താമസം, കൈ അവിടെ കെണിഞ്ഞു. കിഴവി ഉറക്കം ഞെട്ടി ഉറക്കെ വിളിച്ചുപറഞ്ഞു.

"തന്തക്കിഴവാ, വായോ വായോ. കാളക്കുട്ടൻ ഒരു കുറുക്കനെ പിടിച്ചു"

കിഴവൻ ഓടിവന്നു കുറുക്കനെ കടന്നു പിടിച്ചു അറയിലിട്ടു പൂട്ടി.

അങ്ങിനെ അവ മൂന്നും ആ അറയിലായി.

അറയുടെ വാതിൽപടിയിലിരുന്നു കിഴവൻ തൻെറ കത്തിയണ യ്ക്കാൻതുടങ്ങി. കിഴവൻ പറഞ്ഞു:

"കരടിയുടെ തോലുരിയണം. എനിക്കൊരു നല്ല കോട്ടുണ്ടാക്കാം."

കരടി അതുകേട്ടു പേടിച്ചു വിറച്ചുപോയി.

"എന്നെ കൊല്ലാതെ കിഴവാ", കരടി നിലവിളിച്ചു: "എന്നെ പോകാനനുവദിക്കൂ. ഞാൻ നിങ്ങൾക്കു തേൻ കൊണ്ടുവന്നുതരാം."

"എന്നെ സുയിപ്പാക്കാൻ പറയുന്നതല്ലല്ലോ, ആണോ?"

"അയ്യോ, ഒരിക്കലുമല്ല."

"ശരി, പോയ്ക്കോ. എന്നെ തോല്പിക്കാമെന്നു വിചാരിക്കേണ്ട, കേട്ടോ"

കിഴവൻ കരടിയെ തുറന്നുവിട്ടു വീണ്ടും കത്തി അണയ്ക്കാൻ തുട ങ്ങി. കിഴവൻ എന്തോ മുരമുരക്കുകയാണെന്നു കേട്ട ചെന്നായ വിളി ച്ചുചോദിച്ചു:

"ഏ കിഴവാ, എന്തിനാ കത്തിയണയ്ക്കുന്നേ?"

"ഞാൻ നിൻെറ തോലുരിയാൻ പോവ്വാ. തണുപ്പുകാലത്തേക്കു ഒരു കോട്ടു തുന്നാമല്ലോ"

"എന്നെ പോകാൻ അനുവദിക്കണേ," ചെന്നായ വിളിച്ചുകേണു: "ഞാൻ നിങ്ങൾക്കു ഒരു പററം ആടുകളെ കൊണ്ടുവന്നുതരാം."

"ശരി. പോയ്ക്കോ. എന്നെ തോല്പിക്കാമെന്നു വിചാരിക്കേണ്ട, കേട്ടോ."

കിഴവൻ ചെന്നായയെ തുറന്നിറക്കി വീണ്ടും കത്തിയണയ്ക്കാൻ തുടങ്ങി.

"ഏ, കിഴവാ, പറയൂ, എന്തിനാ താൻ കത്തിയണയ്ക്കുന്നേ?", കുറു ക്കൻ ചോദിച്ചു.

“എന്തൊരു മുററിവളന്ന രോമമാണ് നിനക്കുള്ളതു്! എൻെറ കിഴവിയുടെ കോട്ടിന്നു അതുകൊണ്ടു നല്ലൊരു കോളറുണ്ടാക്കണം,” കിഴവൻ പറഞ്ഞു.

“അയ്യോ,” കുറുക്കൻ നിലവിളിച്ചു. “ദയവുചെയ്തു എന്നെ കൊല്ലാതെ കിഴവാ ഞാൻ തനിക്കു കുറേ കോഴിക്കുഞ്ഞുകളെയും വാത്തുകളേയും കൊണ്ടുവന്നുതരാം.”

“ശരി, പോയ്ക്കോ. എന്നെ തോല്പിക്കാൻ നോക്കേണ്ട, കെട്ടോ.”

കിഴവൻ കുറുക്കനെ തുറന്നിളക്കി. പിറേറന്നു, നേരം വെളുക്കുന്നതിന്നും വെള്ള കീറുന്നതിന്നും മുമ്പായി കിഴവൻ തൻെറ വാതിലിന്നു “ടക്ക് ടക്ക്” എന്ന ഒരു മുട്ടുകേട്ടു

“ആരോ വിളിക്കുന്നു” കിഴവി പറഞ്ഞു, “ആരാന്നു ചെന്നു നോക്കു്.”

കിഴവൻ വാതിൽ തുറന്നു. അതാ നില്ക്കുന്നു തേൻകൂടുമായി കരടി.

കിഴവൻ തേൻകൂടു വാങ്ങി ഒരു മൂലക്കു വെച്ചില്ല. അപ്പോഴേക്കും വാതിലിന്നു വീണ്ടും മുട്ടുകേട്ടു.

ഒരു പററം ചെമ്മരിയാടുമായി ചെന്നായ വന്നിരിക്കുന്നു. പിന്നാലെതന്നെ കോഴിക്കുഞ്ഞുകളും വാത്തുകളുമായി കുറുക്കനും എത്തി.

കിഴവനും കിഴവിയും മതിമറന്നാഹ്ളാദിച്ചു. ആ സമയം മുതൽ അവർ ആയുരാരോഗ്യത്തോടെ സന്തോഷപൂർവ്വം ജീവിച്ചു. കൊല്ലം കഴിയുംതോറും അവരുടെ സമ്പത്തു കൂടിക്കൂടിവന്നു.



## 3. പ്രമാണിയായ പൂച്ച

പണ്ടൊരിക്കൽ ഒരു മനുഷ്യനുണ്ടായിരുന്നു. അയാൾക്കു് ഒരു പൂച്ചയുണ്ടായിരുന്നു. ഒരു ചുണ്ടെലിയെക്കൂടി തേടിപ്പിടിക്കാൻ കഴിയാത്തവണ്ണം പൂച്ച അത്രയും കീഴവനായിരുന്നു.

"ഈ തന്തപ്പൂച്ചയെക്കൊണ്ടു ഞാനെന്തു ചെയ്യാനാണു്?" പൂച്ചയുടെ യജമാനൻ മനസ്സിലോർത്തു. "കാട്ടിലേക്കു പോയി ഇതിനെ അവിടെ വിട്ടുപോരുന്നതാണു് നല്ലതു്."

അതുതന്നെയാണ് ആ മനുഷ്യൻ ചെയ്യുന്നതും.

പൂച്ച ഒരു വലിയ വൃക്ഷത്തിന്റെ ചുവട്ടിലിരുന്നു കരയാൻ തുടങ്ങി. പെട്ടെന്നതാ, എങ്ങുന്നെന്നില്ലാതെ മുച്ചിരിച്ചി കുറുക്കൻ അവിടെ ഓടിക്കിതച്ചെത്തുന്നു

"ആരാണിീ?" കുറുക്കൻ ചോദിച്ചു

പൂച്ച വിക്കിവിക്കി പറഞ്ഞു. "പർ-ർ-ർ, പർ-ർ-ർ-ഞാനാണ് രാജരാജ മന്ത്രിശ്രീ പൂച്ചത്തമ്പുരാൻ". മുച്ചിരിച്ചിക്കു വലിയ സന്തോഷമായി. അത്രയും വലിയ ഒരാളുമായി പരിചയപ്പെടുന്നതു ചില്ലറ കാര്യമല്ലല്ലോ.

"അങ്ങേയ്ക്കു് എന്നെ കല്യാണം കഴിച്ചുകൂടെ, തമ്പുരാനേ? അങ്ങയ്ക്കു് ഞാൻ മാതൃകാഭാര്യയായിരിക്കും. അങ്ങയെ ഞാൻ നല്ലപോലെ പോററുകയും ചെയ്യും," മുച്ചിരിച്ചി അപേക്ഷിച്ചു. "ശരി അങ്ങിനെയാവട്ടെ" പൂച്ചത്തമ്പുരാൻ മറുപടി നൽകി. "എനിക്കു തടസ്സമൊന്നുമില്ല."

അങ്ങിനെ പൂച്ചയും കുറുക്കനും വിവാഹിതരായി. കുറുക്കന്റെ കുടിലിൽ രണ്ടുപേരും താമസമാക്കുകയും ചെയ്തു.

പൂച്ചത്തമ്പുരാനെ സന്തോഷിപ്പിക്കാനും സംതൃപ്തിപ്പെടുത്താനും മുച്ചിരിച്ചി നല്ലപോലെ പാടുപെട്ടു. ഭർത്താവിന്റെ രാത്രിഭക്ഷണത്തിന്നു് ഒന്നുകിൽ ഒരു കോഴിക്കുഞ്ഞിനേയോ അല്ലെങ്കിൽ വല്ല കാട്ടുപക്ഷികളെയോ കുറുക്കൻ പിടിച്ചുകൊണ്ടുവരും. താൻ പട്ടിണികിടന്നും കുറുക്കൻ ഭർത്താവിനെ പോററും. എന്തെങ്കിലും എവിടെനിന്നെങ്കിലും ഭർത്താവിന്നു ഇരതേടിയേ മടങ്ങൂ എന്നു മുച്ചിരിച്ചിക്കുമുണ്ടായിരുന്നു.

ഒരു ദിവസം ചട്ടക്കാലൻ എലി മുച്ചിരിച്ചിയെ കണ്ടുമുട്ടി. എലി പറഞ്ഞു:

"ഞാൻ നിന്നെ കല്യാണം കഴിക്കാൻ 'പോവ്വാ, മുച്ചിരിച്ചി."

"അയ്യോ, ചട്ടക്കാലാ, വയ്യ, വയ്യ. അതു ചെയ്യരുതു്", മൂച്ചിരിച്ചി പറഞ്ഞു. "ഇപ്പോൾ എന്റെ കൂടെ പൂച്ചത്തമ്പുരാൻ താമസിക്കുന്നുണ്ടു്. നിങ്ങളെ അയാൾ ചീന്തി എറിഞ്ഞുകളയും."

പൂച്ചത്തമ്പുരാൻ കടിലിൽനിന്നു് പുറത്തിറങ്ങി തന്റെ പുറമൊന്നു വില്ലുപോലെ വളച്ചു് മുക്കുകൊണ്ടു ശക്തിയായി ഒന്നു ചീറ്റി ചട്ടക്കാലനെ നോക്കി പറഞ്ഞു:

"ഫ്-ർ-ർ. ഫ്-ർ-ർ-" അതു കണ്ടപ്പോൾ ചട്ടക്കാലൻ പേടിച്ചു കിടുകിടാ വിറച്ചുപോയി. ചത്തില്ലെന്നേ ഉള്ളു. ചട്ടക്കാലൻ പ്രാണനുംകൊണ്ടു വന്നവഴിയേ ഓടിപ്പോയി. കാട്ടിലുള്ള തന്റെ കൂട്ടുകാരെ വിവരമറിയിച്ചു. ചെന്നായയും കരടിയും കാട്ടുപന്നിയുമായിരുന്നു ചട്ടക്കാലന്റെ കൂട്ടുകാർ. പൂച്ചത്തമ്പുരാൻ എന്ന ഒരു ഭയങ്കരജന്തുവിനെ താൻ നേരിട്ടു കണ്ടതായി ചട്ടക്കാലൻ കൂട്ടുകാരെ അറിയിച്ചു.

പൂച്ചത്തമ്പുരാനുമായി ലോഗ്യത്തിൽ കഴിഞ്ഞുകൂടുന്നതാണു് നല്ലതെന്നു് അവർക്കു നാലുപേർക്കും തോന്നി. ഇതും മനസ്സിൽവെച്ചു്, പൂച്ചത്തമ്പുരാനേയും ഭാര്യ മൂച്ചിരിച്ചിയേയും വിരുന്നിനു ക്ഷണിക്കാൻ അവർ തീരുമാനിച്ചു. സദ്യയുടെ ഒരുക്കങ്ങളെപ്പററി അവർ സംസാരിച്ചു. ചെന്നായ പറഞ്ഞു:

"സൂപ്പിനുള്ള ആട്ടിറച്ചിയും മാട്ടിറച്ചിയും ഞാൻ കൊണ്ടുവന്നു തരാം."

"ഉരുളക്കിഴങ്ങും ബീററ്റൂട്ടും ഞാൻ കൊണ്ടുവന്നു തരാം," പന്നി പറഞ്ഞു.

"ഞാൻ കുടിക്കാനുള്ള തേൻ കൊണ്ടുവരാം", കരടി പറഞ്ഞു.

കുറച്ചു കാബേജ് കൊണ്ടുവരാൻ ചട്ടക്കാലനും ഓടിപ്പോയി.

എല്ലാം വിഭവങ്ങളുമെത്തി. സദ്യയൊരുങ്ങി. തീനുകൾ മേശമേൽ നിരത്തിക്കഴിഞ്ഞതിനുശേഷം ഒരു തർക്കമുൽഭവിച്ചു. ആരാണു്

പൂച്ചത്തമ്പുരാനേയും ശ്രീമതിയേയും ക്ഷണിച്ചുകൊണ്ടുവരാൻ പോകേണ്ടതു്? ഒരു യോജിപ്പിലെത്താൻ അവർക്കു കഴിഞ്ഞില്ല.

"തടിയനായതുകൊണ്ടു് എനിക്കധികം നടക്കാൻവയ്യെന്നറിയാമല്ലോ", കരടി പറഞ്ഞു

"ഞാൻ മന്ദഗതിക്കാരനാണു്. അവരെക്കൂട്ടി വരാൻ ഒരുപാടു സമയമെടുക്കും", പന്നി പറഞ്ഞു.

"എനിക്കു വയസ്സായി. പിന്നെ, ചെവികേഠംക്കാനും മേല," ചെന്നായ പറഞ്ഞു.

മററു വഴിയൊന്നുമില്ലാത്തതുകൊണ്ടു് ചട്ടക്കാലനു പോകേണ്ടി വന്നു.

എലി ഓടി മുച്ചിരിച്ചിയുടെ കുടിലിന്നടുത്തെത്തി. ജനലിന്നു മൂന്നുതവണ മുട്ടി മുച്ചിരിച്ചി എന്നു വിളിച്ചു. മുച്ചിരിച്ചി പീടത്തെഴുന്നേററു പുറത്തുവന്നു നോക്കി. ചട്ടക്കാലൻ പിൻകാൽ മടക്കിക്കുത്തി വിനയത്തോടെ തൻെറ മുമ്പിൽ നിൽക്കുന്നു!

"എന്താ വേണ്ടതു് നിനക്കു്?" മുച്ചിരിച്ചി ചോദിച്ചു.

"ചെന്നായയും കരടിയും പന്നിയും ഞാനും ചേർന്നു നിങ്ങളേയും പൂച്ചത്തമ്പുരാനേയും ഇന്നൊരു സദ്യക്കു ക്ഷണിക്കാൻ ആഗ്രഹിക്കുന്നു,' അതും പറഞ്ഞു ചട്ടക്കാലൻ തിരിഞ്ഞുനോക്കാതെ ഓടിപ്പോയി.

മൂന്നു സ്നേഹിതന്മാരും കാത്തുനിന്നിരുന്ന സ്ഥലത്തു ചട്ടക്കാലൻ തിരിച്ചുവന്നു.

കരടി ചോദിച്ചു:

"അവരുടെ സ്പൂണുകഠംകൂടെ കൊണ്ടുപോരണമെന്നു പറയാൻ മറന്നിട്ടില്ലല്ലോ?"

"ഓ എൻെറ പൊന്നേ, ഞാൻ അതു ചത്തപോലെ അങ്ങു

മറന്നു," ചട്ടക്കാലൻ ബേജാറോടെ പറഞ്ഞു. വീണ്ടും മുച്ചിരിച്ചി യുടെ കുടിൽ ഉന്നംവെച്ച് ഒരോട്ടംകൊടുത്തു.

ജനാലക്കു മുട്ടി എലി വിളിച്ചുപറഞ്ഞു:

"ദേ, പഹിന്നേ, നിങ്ങൾ പോരുമ്പഴേ, നിങ്ങളുടെ കോരികകൾ കൊണ്ടുവരാൻ മറക്കേണ്ട, കെട്ടോ."

മുച്ചിരിച്ചി അകത്തുനിന്നു വിളിച്ചുപറഞ്ഞു:

"ഞങ്ങൾ മറക്കുകേല ബേജാറൊന്നും വേണ്ട."

മുച്ചിരിച്ചി തൻെറ ഏററവും നല്ല ഉടുപ്പുകൾ എടുത്തണിഞ്ഞു. പൂച്ചത്തമ്പുരാൻെറ കൈയുംപിടിച്ചു വിരുന്നിനു പുറപ്പെട്ടു.

വിരുന്നുസ്ഥലത്തെത്തിയപ്പോൾ പൂച്ചത്തമ്പുരാൻ മൂക്കുകൊണ്ടു ശക്തിയായി ഒന്നു ചീററി ഫ്-ർ-ർ-ഫ്-ർ-ർ-ർ എന്ന ഒച്ച പുറപ്പെ ടുവിച്ചു. പൂച്ചത്തമ്പുരാൻെറ രണ്ടു കണ്ണുകളും രണ്ടു നീല മെഴുകുതിരി വെളിച്ചംപോലെ ജ്വലിക്കുന്നുണ്ടായിരുന്നു.

ഇതു കണ്ടപ്പോൾ ചെന്നായ നിന്നു വിറച്ചു. അതു കാട്ടുപൊന്തയിൽ കടന്നൊളിച്ചു. പന്നി മേശയുടെഅടിയിലേക്കു നൂഴ്ന്നു രക്ഷപ്പെട്ടു. കരടി, ബദ്ധപ്പെട്ടു ഒരു മരത്തിൻെറ ശിഖരത്തിൽ കയറിക്കൂടി. ചട്ടക്കാലൻ അ തിൻെറ മുളത്തിലും ചെന്നൊളിച്ചു.

പൂച്ചത്തമ്പുരാൻ, മേശപ്പുറത്തു പാകം ചെയ്തു ഇറച്ചി കണ്ടപ്പോൾ മ്യോം മ്യോം എന്നു പറഞ്ഞു അതു വാരി വാരി വിഴുങ്ങാൻ തുടങ്ങി.

"പോരാ പോരാ. പോരാ." എന്നാണു് പൂച്ചത്തമ്പുരാൻ പറയു ന്നതെന്നു ഒളിച്ചിരുന്ന സുഹൃത്തുക്കൾ ധരിച്ചു.

"എന്തൊരു പെരുവയറൻ!"

മൂക്കററം തിന്നുകയും കുടിക്കുകയും ചെയ്തപ്പോൾ പൂച്ചത്തമ്പുരാൻ മേശപ്പുറത്തുതന്നെ ചുരുണ്ടു വളഞ്ഞു കിടന്നു കൂർക്കംവലി തുടങ്ങി.

മേശക്കടിയിൽ പതുങ്ങിയിരിക്കുകയായിരുന്ന പന്നി സ്വല്പമൊന്നേ

നങ്ങി പൂച്ചത്തമ്പുരാൻ ധരിച്ചതു്, മേശക്കടിയിൽ ഒരു ചുണ്ടെലിയുണ്ടെന്നാണു്. എലിയെ പിടിക്കാൻ പൂച്ചത്തമ്പുരാൻ ചുവട്ടിലേക്കു ഉള്ളി മേശക്കടിയിൽ പന്നിയെ കണ്ടപ്പോൾ പൂച്ചത്തമ്പുരാൻ പേടിച്ചരണ്ടു കരടി കയറി ഇരിക്കുകയായിരുന്ന മരക്കൊമ്പിലേക്കു ചാടിക്കയറി.

പൂച്ചത്തമ്പുരാൻ തന്നെ ദ്രോഹിക്കാനാണു് വരുന്നതെന്നു കരടി കരുതി കൂടുതൽ മേലോട്ടു കയറി. പക്ഷെ, മരക്കൊമ്പു പൊട്ടി കരടി താഴെ പൂച്ചത്തമ്പുരാന്റെ മേൽവീണു. രണ്ടു പേരുംകൂടി കെട്ടിമറിഞ്ഞു ചെന്നായ പതിയിരിക്കുന്ന പൊന്തക്കാട്ടിൽ ചെന്നു വീണു.

തന്റെ അവസാനമെത്തിയെന്നു ചെന്നായ കരുതി പ്രാണനുംകൊണ്ടു് ഓടാൻ തുടങ്ങി. ചട്ടക്കാലനു് അവരുടെ ഒപ്പമെത്താൻ കഴിഞ്ഞില്ല. അത്രയും വേഗതയിലായിരുന്നു മററവരുടെ ഓട്ടം.

പൂച്ചത്തമ്പുരാൻ മേശയുടെ മേൽകയറി അവശേഷിച്ച മാട്ടിറച്ചിയും തേനും അകത്താക്കി ശ്രീമതിയും വയറു നിറയെ കയററി. ഏമ്പക്കമിട്ടു് അവർ സ്വന്തം കുടിലിലേക്കു മടങ്ങി.

കുറെ കഴിഞ്ഞു കരടിയും പന്നിയും ചെന്നായയും എലിയും അവിടെ വന്നുചേർന്നു. അവർ പറഞ്ഞു:

“എന്തൊരു ഭയങ്കര ജന്തുവാണീ പൂച്ചത്തമ്പുരാൻ! ചെറിയൊരു ജീവി. എന്നിട്ടും നമ്മെ നാലുപേരെയും പിടിച്ചു വിഴുങ്ങാൻ പുറപ്പെട്ടില്ലേ?”

———



## 4. പൂച്ചയും പൂവങ്കോഴിയും

പണ്ടുപണ്ടാണ്. ഒരു പൂച്ചയും പൂവങ്കോഴിയുമുണ്ടായിരുന്നു. വളരെ സ്നേഹത്തോടുകൂടി അവർ എപ്പോഴും ഒരു കൊച്ചുകുടിലിൽ ഒന്നിച്ചു പാർത്തുവന്നു. ഒരു ദിവസം വിറകുപെറുക്കാൻവേണ്ടി പൂച്ച കാട്ടിലേക്കു പുറപ്പെട്ടു. പോകുന്നതിന്നു മുമ്പായി പൂവങ്കോഴിയോടു പറഞ്ഞു:

"പെററങ്ങാ, ഞാൻ വിറകുപെറുക്കാൻ കാട്ടിലേക്കു പോവുാം. അടുപ്പിന്നടുത്തിരുന്നു നീ നിന്റെ കഞ്ഞി കുടിച്ചോ. ആരെയും കുടിലി

ന്നകത്തേക്കു കേററരുതു്, കെട്ടോ. നീ പുറത്തേക്കെങ്ങും പോവുകയും ചെയ്യരുതു്. ആരു വന്നു വിളിച്ചാലും ശരി''

"ശരി, ശരി, സമ്മതിച്ചു," പൂവങ്കോഴി മറുപടി നൽകി. പൂച്ച വാതിൽ ഭദ്രമായി വലിച്ചുപൂട്ടി കാട്ടിലേക്കു പോവുകയും ചെയ്തു.

അല്പസമയം കഴിഞ്ഞപ്പോൾ കുടിലിന്നു പുറത്തു് ഒരു കുറുക്കൻ പാഞ്ഞെത്തി. കോഴിയെ കുറുക്കന്നു് എന്തിഷ്ടമാണെന്നു നിങ്ങൾക്കെല്ലാമറിയാമല്ലോ. പൂവങ്കോഴിയോടു കുറുക്കൻ വിളിച്ചുപറഞ്ഞു:

"പൊന്നാര കൊച്ചു പൂവങ്കോഴി
വന്നാട്ടെ, ഒന്നു പറഞ്ഞോട്ടെ
ഗോതമ്പിൻ കതിരുതരാം ചോറു
എന്തു മാധുര്യമായിരിക്കുമെന്നോ
മുട്ടായിപോലെയതു തിന്നാം
എൻെറ പെററങ്ങു വാതിലു തുറന്നേ
നീയതു ചെയ്യുകയില്ലെങ്കിൽ
ഞാനീ ജാലകം കേറിമറഞ്ഞെത്തും
നേരാണെൻറമ്മയച്ഛനാണേ
ഞാനീ ജാലകം കേറി മറഞ്ഞെത്തും"

പൂവങ്കോഴി അകത്തുനിന്നു മറുപടി നൽകി:

"കൊക്കരെക്കോ, കൊക്കരെക്കൊ,
പോയ്ക്കോ, പോയ്ക്കോ നീ കുറുക്കാ
പുസ്സിനോടു് ഞാൻ കൊടുത്ത
വാക്കു തെററി ഞാൻ നടക്കാ",

കുറുക്കൻ ജനല പൊളിച്ചു അകത്തു കയറി പൂവങ്കോഴിയെ കഴുത്തിന്നു കടന്നുപിടിച്ചു മുറുക്കിക്കടിച്ചു പുറത്തേക്കു നടകൊണ്ടു. കോഴി വളരെ വ്യസനത്തോടെ പൂച്ചയോടായി ഇങ്ങിനെ പറഞ്ഞു:

"അയ്യോ ചതിച്ചല്ലോ പൊന്നാങ്ങളേ
കാലൻ പിടിച്ചെന്നെ കൊണ്ടുപോണേ!
ഞാനിപ്പം ചാവുമല്ലോ പാഞ്ഞുവായോ
വേഗം വന്നെത്തണേ പൊന്നാങ്ങളേ.

ഇക്കാണും ഘോരമാം കാട്ടുകൾക്കും,
ഇക്കാണും നീലതടാകങ്ങൾക്കും,
കുത്തിയൊലിക്കൊന്നൊരാറുകൾക്കും,
നോക്കെത്താ ദൂരത്തെ ദ്വീപുകൾക്കും,
നീളെകിടക്കുന്ന കുന്നുകൾക്കും,
മാനം തൊടുന്ന മലനിരക്കും,
അപ്പുറത്തേക്കെന്നെ കൊണ്ടുപോന്നേ
വെക്കം പാഞ്ഞെത്തണേ പൊന്നാങ്ങളേ"

കോഴിയുടെ നിലവിളി പൂച്ച കേട്ടു. പൂച്ച പാഞ്ഞുവന്നു കുറുക്കന്റെ വായിൽനിന്നു കോഴിയെ രക്ഷിച്ചെടുത്തു കുടിലിലേക്കു കൂട്ടിക്കൊണ്ടുപോയി പറഞ്ഞു:

"കുറുക്കൻ വന്നു എന്തു പറഞ്ഞാലും നീ മറുപടിപറയാൻ പോകേണ്ട. ഞാൻ ഇക്കുറി വളരെ ദൂരം പോവുന്നു."

പൂച്ച പോയി.

പൂച്ച പോകുന്നതു കണ്ട ഉടൻ കുറുക്കൻ വീണ്ടും ഓടിയെത്തി.

കുടിലിന്റെ ജനാലക്കൽ ചെന്നു കുറുക്കൻ മുട്ടിവിളിച്ചു. വളരെ മധുരമായ സ്വരത്തിൽ കുറുക്കൻ പാടാൻ തുടങ്ങി:

"പൊന്നാരകൊച്ചു പൂവങ്കോഴി,
വന്നാട്ടെ, ഒന്നു പറഞ്ഞോട്ടെ
ഗോതമ്പിൻ കതിരുതരാം പോരൂ
എന്തു മാധുര്യമായിരിക്കുമെന്നോ
മുട്ടായിപോലെയതു തിന്നാം

എൻെറ പെററെങ്കാ വാതിലുത്തുറന്നേ
നീയതു ചെയ്യുകയില്ലെങ്കിൽ
ഞാനീ ജാലകം കേറിമറിഞ്ഞെത്തും
നേരാണെൻറമ്മയച്ഛനാണെ
ഞാനീ ജാലകം കേറിമറഞ്ഞെത്തും"

കോഴിക്കു മറുപടിപറയാതിരിക്കാൻ കഴിഞ്ഞില്ല. അകത്തുനിന്നു അതു വിളിച്ചുപറഞ്ഞു:

"കൊക്കരെക്കോ, കൊക്കരെക്കോ,
പോയ്ക്കോ, പോയ്ക്കോ നീ കുറുക്കാ
പുസ്സിനോടു ഞാൻ കൊടുത്ത
വാക്കുതെററി ഞാൻ നടക്കാ"

ഇതു കേട്ടപ്പോൾ കുറുക്കൻ ജനാല കയറിമറിഞ്ഞു അകത്തുകടന്നു. പൂച്ചക്കു തിന്നാനുള്ള കഞ്ഞിയും കറിയും നക്കിക്കുടിച്ച് കോഴിയേയും കടിച്ചെടുത്തു പുറത്തേക്കു കടന്നു. കോഴി വിളിച്ചുപറയാൻ തുടങ്ങി:

"അയ്യോ ചതിച്ചല്ലോ പൊന്നാങ്ങളെ
കാലൻപിടിച്ചെന്നെ കൊണ്ടുപോന്നേ
ഞാനിപ്പം ചാവുമല്ലോ പറഞ്ഞുവായോ
വേഗംവന്നെത്തണേ പൊന്നാങ്ങളെ
ഇക്കാണും ഘോരമാം കാടുകൾക്കും
ഇക്കാണും നീലതടാകങ്ങൾക്കും
കുത്തിയൊലിക്കുന്നൊരാറുകൾക്കും
നോക്കെത്താദൂരത്തെ ദ്വീപുകൾക്കും
നീളെകിടക്കുന്ന കുന്നുകൾക്കും
മാനംതൊടുന്ന മലനിരക്കും
അപ്പുറത്തേക്കെന്നെ കൊണ്ടുപോന്നേ
വെക്കം പാഞ്ഞെത്തണേ പൊന്നാങ്ങളേ"

ഒരിക്കൽ വിളിച്ചപ്പോഴും ആരും വന്നില്ല. രണ്ടാമതും വിളിച്ചു. അപ്പോൾ പൂച്ച ഓടികൊണ്ടുവന്നു. കുറുക്കന്റെ വായിൽനിന്നും കോഴിയെ വലിച്ചെടുത്തു അതിനെ വീട്ടിലേക്ക കൂട്ടികൊണ്ടു പോയി. വളരെ കർശനമായി പൂച്ച കോഴിയോടു പറഞ്ഞു:

"പെററെങ്കാ, നീ അടുപ്പിന്റെ അടുത്തിരുന്നു കഞ്ഞികുടിച്ചാൽ മതി. അനങ്ങിപ്പോകരുത്. കുറുക്കൻ വന്നു വിളിച്ചാൽ നീ മിണ്ടാൻ പോണ്ടാ. ഈ കുറി ഞാൻ വളരെവളരെ ദൂരം പോവുകയാണ്. നീ എത്ര ഉച്ചത്തിൽ വിളിച്ചു കൂവിയാലും ഞാനതു കേട്ടില്ലെന്നുവരും."

പൂച്ച പോയി. അതു കാണേണ്ട താമസം, കുറുക്കൻ ഓടിവന്നു. അകത്തിരിക്കുന്ന കോഴി കേൾക്കെ ഉറക്കെ കുറുക്കൻ പാടാൻ തുടങ്ങി:

"പൊന്നാരകൊച്ചു പൂവങ്കോഴീ
വന്നാട്ടെ, ഒന്നു പറഞ്ഞോട്ടെ
ഗോതമ്പിൻ കതിരുതരാം പോരു
എന്തു മാധുര്യമായിരിക്കുമെന്നോ
മുട്ടായിപോലെയതു തിന്നാം
എന്റെ പെററെങ്കാ വാതില്ല തുറന്നേ
നീയതു ചെയ്യുകയില്ലെങ്കിൽ
ഞാനീജാലകം കേറി മറഞ്ഞെത്തും
നേരാണെന്റമ്മയച്ഛനാണെ
ഞാനീജാലകം കേറിമറഞ്ഞെത്തും"

കോഴിക്കതിന്നു മറുപടി പറയാതിരിക്കാൻ കഴിഞ്ഞില്ല. അകത്തു നിന്നു കോഴി വിളിച്ചുപറഞ്ഞു:

"കൊക്കരെകോ, കൊക്കരെകോ
പോയ്ക്കോ, പോയ്ക്കോ നീ കുറുക്കാ
പൂസ്സിനോടു ഞാൻ കൊടുത്ത
വാക്കു തെററി ഞാൻ നടക്കാ"

ഇതു കേട്ടപ്പോഠം കുറുക്കൻ ജനാലയിലൂടെ അകത്തേയ്ക്കു തുള്ളി ബാക്കിയുണ്ടായിരുന്ന കഞ്ഞിയും കറിയും കുടലിലാക്കി കോഴിയുടെ കഴുത്തിനു പിടിച്ചു കടിച്ചു് പുറത്തേയ്ക്കു പോന്നു.

കോഴി പൂച്ചയുടെ സഹായത്തിന്നു വിളിച്ചു കരഞ്ഞു. ഒരു തവണയല്ല. രണ്ടു തവണയല്ല. മൂന്നു തവണ കരഞ്ഞു. പക്ഷെ, പൂച്ച പോയതു വളരെ വളരെ ദൂരത്തേക്കായിരുന്നു. കോഴിയുടെ നിലവിളി അതു കേട്ടില്ല. കുറുക്കൻ കോഴിയെ തൻെറ വീട്ടിലേയ്ക്കു കൊണ്ടുപോയി. കുറുക്കൻെറ വീട്ടിലുള്ള ചെറിയ കുറുക്കന്മാർ ഉച്ചഭക്ഷണത്തിന്നു ഇതിനെ ഇഷ്ടപ്പെടുമെന്നു കുറുക്കൻ കരുതി.

അന്നു വൈകുന്നേരം കാട്ടിൽനിന്നു പൂച്ച വീട്ടിലേയ്ക്കു മടങ്ങി എത്തി. അകം മുഴുവൻ തിരഞ്ഞു നോക്കിയെങ്കിലും കോഴിയെ എങ്ങും കണ്ടില്ല. കോഴി പോയിരിയ്ക്കുന്നു! പൂച്ചക്കു വലിയ സങ്കടമായി. അതു ഇരുന്നു വളരെനേരം ആലോചിച്ചു. പിന്നേയും പിന്നേയും ആലോചിച്ചു. പൂച്ച ഒരു തമ്പുരുവും മനോഹരമായ ചിത്രവേലയുള്ള ഒരു ചാക്കും കൈയിലെടുത്തു കുറുക്കൻെറ കുടിലിലേയ്ക്കു പോയി.

അപ്പോഠം അവിടെ കുറുക്കൻ ഉണ്ടായിരുന്നില്ല. കുറുക്കൻ നായാട്ടിന്നു പോയിരുന്നു. കുറുക്കൻെറ നാലു പെൺകുട്ടികളും മകനായ ഫിലിപോക്കും മാത്രമെ കുടിലിലുള്ളു.

പൂച്ച ജനാലയുടെ കീഴിൽ ചെന്നുനിന്നു തൻെറ തമ്പുരു മീട്ടാൻ തുടങ്ങി. വളരെ മധുരമായി ഇങ്ങിനെ പാടി:

“കുറുക്കൻെറ വീടു പുതിയതാണല്ലൊ
പുതിയൊരിവീടു് വലിയതാണല്ലൊ
കുറുക്കനു നാലു കിടാത്തികളല്ലോ
അവർ നാലുപേരും സുന്ദരികളല്ലൊ
മകനായ ഫിലിപോക്ക് രസികനാണല്ലൊ
അവനെപ്പോഠം ചിരിയും കളിയുമാണല്ലൊ

പുറത്തേയ്ക്കു വന്നു ഞാനീ മണിമീണമീട്ടി
മധുര മധുരമായി ഉറക്കനെ പാടാം."

പൂച്ചയുടെ പാട്ടു കേട്ടപ്പോഠം കറക്കന്റെ മൂത്ത മകഠംക്കു പുറത്തേക്കു പോയി എങ്ങിനെയാണ് തമ്പുരു മീട്ടുന്നതെന്നു കേഠംക്കാൻ ആഗ്രഹമുണ്ടായി. മൂത്തവഠം അനിയത്തിമാരോടു പറഞ്ഞു:

"ഇവിടെത്തന്നെ ഇരിക്കണം, കെട്ടോ. ആരാ പുറത്തുനിന്നു ഇത്ര മധുരമായി പാടുന്നതെന്നു ഞാൻ നോക്കിവരാം."

മൂത്തവഠം പുറത്തേക്കു വന്നു. മുന്നിൽ കിട്ടേണ്ട താമസം, പൂച്ച അതിന്റെ മൂക്കിനു പിടിച്ചു തന്റെ ചാക്കിനുള്ളിലാക്കി.

വീണ്ടും പൂച്ച പാടാൻ തുടങ്ങി:

"കറക്കന്റെ വീടു പുതിയതാണല്ലോ
പുതിയൊരീ വീടു വലിയതാണല്ലോ
കറക്കനു നാലു കിടാത്തികളല്ലോ
അവർ നാലുപേരും സുന്ദരികളല്ലോ...."

ഇതു കേട്ടപ്പോഠം കറക്കന്റെ രണ്ടാമത്തെ മകഠംക്കു പുറത്തുചെന്നു ആരാണ് പാടുന്നതെന്നു കേഠംക്കാൻ കൌതുകംതോന്നി. കുടിലിൽ നിന്നു പുറത്തേക്കിറങ്ങി പാളിനോക്കി. പൂച്ച അതിനേയും കടന്നു പിടിച്ചു ചാക്കിനുള്ളിലാക്കി.

വീണ്ടും തന്റെ തമ്പുരു മനോഹരമായി മീട്ടാനും വളരെ മധുരമായി പാടാനും തുടങ്ങി:

"കറക്കന്റെ വീടു പുതിയതാണല്ലോ
പുതിയൊരീവീടു വലിയതാണല്ലോ
കറക്കനു നാലു കിടാത്തികളല്ലോ
അവർ നാലുപേരും സുന്ദരികളല്ലോ."

77747

കർഷകന്റെ മൂന്നാമത്തെ മകൾക്ക് അതു കേട്ടപ്പോൾ പുറത്തുവന്നു ആരാണ് പാടുന്നതെന്നു കേൾക്കാൻ കൌതുകമുണ്ടായി. അവളും പുറത്തുവന്നു നോക്കി. പൂച്ച അതിനേയും പിടിച്ചു ചാക്കിലാക്കി.

നാലാമത്തെ മകളും പുറത്തു വന്നു. അതിനേയും പൂച്ച പിടിച്ചു ചാക്കിനുള്ളിലിട്ടു.

അവസാനം കൊച്ചുഫിലിപ്പോക്ക വളരെ പതുക്കെ വീട്ടിൽനിന്നു പുറത്തേക്കുവന്നു. പൂച്ച ഒരൊററ ചാട്ടം. അതിനെ കടന്നു പിടിച്ചു ചാക്കിനുള്ളിലാക്കി.

അങ്ങിനെ മനോഹരമായ ചിത്രവേലകൾ ചെയ്ത ആ ചെറിയ ചാക്കിനകത്തു അഞ്ചു പേരും ചുരുണ്ടു കിടന്നു. ആരും ഒന്നും മിണ്ടിയില്ല.

ഒരു കയറുകൊണ്ടു ചാക്കിന്റെ കഴുത്തു വരിഞ്ഞു കെട്ടിയതിന്നുശേഷം പൂച്ച കുടിലിന്നകത്തേക്കു വന്നു. അപ്പോഴതാ ബെഞ്ചിന്മേൽ ചത്തപോലെ പൂവങ്കോഴി ഇരിക്കുന്നു തൂവലുകളെല്ലാം പറിച്ചെടുത്തിരുന്നു. അതിന്റെ ഒരു കാലും ഊരിവലിച്ചെടുത്തിരുന്നു. അടുപ്പത്തു ഒരു പാത്രത്തിൽ വെള്ളം തിളയ്ക്കുന്നുണ്ടായിരുന്നു. കോഴിയെ വേവിച്ചെടുക്കാനുള്ള ഒരുക്കമാണ്.

പൂച്ച കോഴിയെ വാലിന്നു പിടിച്ചു പറഞ്ഞു:

"പ്രിയപ്പെട്ട പെററങ്കാ, കൊച്ചനിയാ, വാ, എഴുന്നേല്ക്ക്"

കോഴി ഞെട്ടി എണീററ് കൊക്കരെക്കോ എന്നുപറഞ്ഞു തുള്ളാൻ നോക്കി—പക്ഷെ, വയ്യ, ഒരു കാലുപോയ അതിനെങ്ങിനെ തുള്ളാൻ കഴിയും?

പൂച്ച കോഴിയുടെ വലിച്ചൂരിക്കളഞ്ഞ കാലെടുത്തു പഴയ സ്ഥാനത്തുതന്നെ ഒട്ടിച്ചുവെച്ചു. തൂവലുകളും പൂർവ്വസ്ഥിതിയിലാക്കി. ചുരുക്കത്തിൽ, കോഴിയെ കഴിയുന്നതും പഴയപോലെ ആക്കി.

ഇതിനുശേഷം കൎഷകൻെറ കുടിലിലുണ്ടായിരുന്ന എല്ലാം തീററകളും അവർ രണ്ടുപേരുംകൂടി കഴിച്ചു. എല്ലാ പാത്രങ്ങളും തല്ലിയുടച്ചു. എന്നിട്ട് തിരിച്ച് തങ്ങളുടെ വീട്ടിലേക്കു നടന്നു.

സൌഖ്യമായി അവർ ഇപ്പോഴും അവിടെ കഴിച്ചുകൂട്ടുന്നുണ്ട്.

പൂച്ച പറയുന്നതെല്ലാം കോഴി കൃത്യമായി അനുസരിക്കുന്നു. ഒരിക്കലും പൂച്ചയുടെ വാക്കുകൾ കോഴി ധിക്കരിക്കാറില്ല. കാരണം, അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകൾ കോഴിയെ വിവേകം പഠിപ്പിച്ചിരുന്നു.

—:=:—



## 5. ചെന്നായയും നായയും പൂച്ചയും

പണ്ടൊരിക്കൽ ഒരു സ്ഥലത്തു ഒരു കൃഷിക്കാരൻ താമസിച്ചിരുന്നു. അയാൾ ° ഒരു നായയുമുണ്ടായിരുന്നു. നായ ചെറുതായിരിക്കുമ്പോൾ അതു തന്റെ യജമാനന്റെ വീടു കാത്തുപോന്നു. നായക്കു വയസ്സായപ്പോൾ യജമാനൻ അതിനെ ആട്ടിപ്പായിച്ചു. നായ പുൽത്തകിടുകളിൽ അലഞ്ഞു തിരിഞ്ഞു ചുണ്ടെലികളെയും മററു ചെറുജന്തുക്കളെയും പിടിച്ചുതിന്നു് അതു ജീവിച്ചു.

ഒരു ദിവസം നായ തൻെറ നേക്ക ഒരു ചെന്നായ വരുന്നതു കണ്ടു.

"ഹലോ, മി: ശ്വാനൻ", ചെന്നായ പറഞ്ഞു.

നായ വിനീതമായി പ്രത്യുപചാരംചെയ്തു. ചെന്നായ ചോദിച്ചു.

"താങ്കളെങ്ങോട്ടേക്കാ?"

"ഞാൻ ചെറുപ്പമായിരുന്നപ്പോൾ" നായ വിവരിച്ചു, "എൻെറ യജമാനനു എന്നെ വലിയ ഇഷ്ടമായിരുന്നു. കാരണം ഞാനാണയാളുടെ വീടു കാത്തിരുന്നതു്. പക്ഷെ എനിക്കു വയസ്സായി. അപ്പോൾ അയാളെന്നെ ആട്ടി ഓടിക്കുകയും ചെയ്തു."

"അപ്പോൾ താങ്കൾക്കു വിശക്കുന്നുണ്ടായിരിക്കണമല്ലൊ." ചെന്നായ അന്വേഷിച്ചു.

"എനിയ്ക്കു വിശക്കുന്നു. വല്ലാതെ വിശക്കുന്നു", നായ മറുപടി നൽകി.

"അങ്ങിനെയാണെങ്കിൽ എൻെറ കൂടെ പോരൂ. താങ്കൾക്കു ഞാൻ ആഹാരമുണ്ടാക്കിത്തരാം, എന്താ പോരേ?"

അങ്ങിനെ നായ ചെന്നായയുടെകൂടെ പോയി. അവക്കു് വിശാലമായ പുൽതകിടിലൂടെയാണു് പോകേണ്ടിയിരുന്നതു്. കുറച്ചു നടന്നപ്പോൾ ഒരു പറ്റം ചെമ്മരിയാടുകൾ മേഞ്ഞുനടക്കുന്നതു കണ്ട ചെന്നായ നായയോടു പറഞ്ഞു:

"ആ മേഞ്ഞുനടക്കുന്ന ജന്തുക്കളേതെന്നു ചെന്നുനോക്കിവരാമോ?"

നായ പോയിനോക്കി ഉടനെ ദ്രുതഗതിയിൽ ഓടിവന്നു ചെന്നായയോടു പറഞ്ഞു:

"ചെമ്മരിയാട്ടിൻപറ്റമാണു്."

"നശിച്ച ജീവികൾ", ചെന്നായ പറഞ്ഞു, "നാമവയെ പിടിച്ചു തിന്നുകയാണെങ്കിൽ പല്ലിനു് മുഴക്കെ രോമംപറ്റും. വയർ നിറയുകയുമില്ല. വരൂ, നമുക്കു കുറേക്കൂടി പോവാം."

അങ്ങിനെ അവർ പിന്നേയും നടന്നു. നടന്നുനടന്നു് അവർ ഒരു പററം താറാവുകൾ മേയുന്നതുകണ്ടു.

"ആ മേഞ്ഞുനടക്കുന്ന ജീവികളേതാണെന്നു അറിഞ്ഞുവരാമോ?" ചെന്നായ നായയോടു പറഞ്ഞു.

നായ ചെന്നുനോക്കി തിരിച്ചുവന്നു ചെന്നായയെ അറിയിച്ചു:

"അവ താറാവുകളാണു്."

"നശിച്ച ജീവികൾ! നാമവയെ പിടിച്ചുതിന്നാൻ നോക്കിയെന്നിരിക്കട്ടെ, നമ്മുടെ പല്ലിന്നിടയിൽ മുഴുക്കെ തൂവലുകളായിരിക്കും. വയർ നിറയുകയുമില്ല. നമുക്കു കുറേക്കൂടി നടന്നുനോക്കാം."

അങ്ങിനെ അവർ പോയി. കുറേ ചെന്നപ്പോൾ ഒരു കുതിര മേയുന്നതു ചെന്നായ കണ്ടു.

"എന്താണാ ജീവിയെന്നു ചെന്നുനോക്കി വരാമോ?"

നായചെന്നു വേഗം മടങ്ങിവന്നു പറഞ്ഞു:

"അതൊരു കുതിരയാണു്."

"ശരി അതിനെ നമുക്കു പിടിച്ചുതിന്നാം," ചെന്നായ പറഞ്ഞു.

അങ്ങനെ രണ്ടു പേരുംകൂടി കുതിരയുടെ നേരെ പാഞ്ഞു. ചെന്നായ കാലുകൾകൊണ്ടു മണ്ണു മാന്തിമാന്തി അതിന്റെ പല്ലുകൾ പുറത്തു കാട്ടി ഇളിക്കാൻ തുടങ്ങി. തന്നെ സ്വയം ആവശ്യമായത്ര ദേഷ്യം പിടിപ്പിക്കാനാണു് ഇതെല്ലാം ചെയ്യുന്നതെന്നു ചെന്നായ അവകാശപ്പെട്ടു.

"ഏയ്, ശുനകാ, എന്റെ വാൽ വിറയ്ക്കുന്നുണ്ടോ?" നായയോടു് ചെന്നായ അന്വേഷിച്ചു.

നായ നോക്കി. വാൽ വിറയ്ക്കുന്നുണ്ടെന്നറിയിച്ചു.

"എന്റെ കണ്ണുകൾ ചുകന്നു കലങ്ങിയിട്ടുണ്ടോ എന്നു നോക്കൂ" ചെന്നായ വീണ്ടും പറഞ്ഞു.

"ഓ, നല്ലപോലെ ചുകന്നു കലങ്ങിയിരിക്കുന്നു," നായ നേർക്കി പറഞ്ഞു.

അതു കേട്ട ഉടൻ ചെന്നായ കുതിരയുടെ കുഞ്ചിരോമത്തിൽ കടന്നു പിടിച്ചു നിലത്തു തള്ളിയിട്ടു തുണ്ടം തുണ്ടമായി കടിച്ചു ചീന്താൻ തുടങ്ങി. രണ്ടുപേരുംകൂടി കുതിരയിറച്ചികൊണ്ടു് മൃഷ്ടാന്നഭോജനവും തുടങ്ങി. ചെന്നായക്കു ചെറുപ്പമായിരുന്നു അതിന്റെ പള്ള വേഗത്തിൽ നിറഞ്ഞു. നായക്കു വയസ്സായിരുന്നു. അതു ഇറച്ചി കടിച്ചു വലിച്ചു. എന്നിട്ടും വയറു നിറയെ പറിച്ചെടുക്കാനാവാതെ വിഷമിച്ചു. മററു നായ്ക്കളും ഓടിയെത്തി. കിളവൻനായയെ ആട്ടിപ്പായിച്ചു.

അങ്ങിനെ നായ ഒരിക്കൽകൂടി അലക്ഷ്യമായി അലയാൻ തുടങ്ങി. തന്റെ നേരെ തന്നെപ്പോലെതന്നെ വയസ്സായി തൊണ്ടുറഞ്ഞ ഒരു പൂച്ച വരുന്നതു കണ്ടു. പൂച്ച പുൽതകിടിൽ ചുണ്ടെലികളെ തേടി നടക്കുകയായിരുന്നു.

"ഹല്ലോ, പുസ്സ്, എങ്ങോട്ടേക്കാ?" നായ ചോദിച്ചു.

"എവിടെയാണോ ഈ റോഡ് പോകുന്നതു് അവിടേക്കു്. ലക്ഷ്യമൊന്നുമില്ല. ചെറുപ്പമായിരുന്നപ്പോൾ ഞാൻ എലിയെ പിടിച്ചു കൊടുത്തുകൊണ്ടു് എന്റെ യജമാനനെ കൂറോടെ സേവിച്ചു. പക്ഷെ, എനിക്കു വയസ്സായി കണ്ണും വയ്യെന്ന നിലവന്നു. എന്റെ കാഴ്ചയും നശിച്ചു. അപ്പോൾ എന്റെ യജമാനൻ എനിക്കു ഭക്ഷണം തരാതായി. മാത്രമല്ല, എന്നെ വീട്ടിൽനിന്നു് ആട്ടിയോടിക്കുകയും ചെയ്തു. അങ്ങിനെ, ഇതാ വിശാലമായ ലോകത്തിൽ ഞാൻ അനാഥനായി അലഞ്ഞുതിരിയുന്നു"

നായ പറഞ്ഞു:

"അങ്ങിനെയാണല്ലേ, ശരി. ഞാൻ നിന്നെ ചോറാം," ചെന്നായയെന്താണോ ചെയ്തതു്, അതുതന്നെ ചെയ്താൽ മതിയെന്നു നായ ധരിച്ചുവെച്ചിട്ടുണ്ടു്.

രണ്ടു പേരുംകൂടി റോഡിലൂടെ യാത്രയാരംഭിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ ഒരു പററം ചെമ്മരിയാടുകൾ മേയുന്നതു നായ കണ്ടു

"ഏതാണാമേഞ്ഞുനടക്കുന്ന ജീവികളെന്നു നോക്കിവരാമോ?" നായ പൂച്ചയോടന്വേഷിച്ചു

പൂച്ച ചെന്നുനോക്കി വേഗം തിരിച്ചുവന്നു പറഞ്ഞു:

"ചെമ്മരിയാടുകളാണ്," പൂച്ച അറിയിച്ചു.

"നശിച്ച ജീവികൾ! നാം അവയെ തിന്നാൻ തുടങ്ങിയാൽ പല്ലു നിറയെ രോമമായിരിക്കും. വയറൊട്ടു നിറയുകയുമില്ല. വരു, കുറേ ക്കൂടി നമുക്കു സഞ്ചരിച്ചുനോക്കാം."

അങ്ങിനെ കുറേ ദൂരം പോയപ്പോൾ അവർ താറാവുകളുടെ ഒരു പററം മേയുന്നതായി കണ്ടു.

നായ പൂച്ചയോടു പറഞ്ഞു.

"ആ മേയുന്ന ജീവികൾ ഏതാണെന്ന് നോക്കി വരാമോ?"

പൂച്ച ചെന്നുനോക്കി ഉടൻ മടങ്ങിവന്ന് അറിയിച്ചു:

"അവ താറാവുകളാണ്."

നശിച്ച ജീവികൾ! നാമവയെ തിന്നാൻതുടങ്ങിയാൽ നമ്മുടെ പല്ലുമുഴവൻ തൂവലുകൾ പററിപ്പിടിക്കും. വയറൊട്ടു നിറയുകയുമില്ല വരു, നമുക്കു പോകാം."

അങ്ങിനെ രണ്ടുപേരും ചേർന്ന് കുറേക്കൂടി സഞ്ചരിച്ചു. നടന്നു നടന്ന് ഒരു സ്ഥലത്ത് ഒരു കുതിര മേഞ്ഞുനടക്കുന്നതു നായ കണ്ടു.

നായ പറഞ്ഞു:

"ഏതാണാ മേയുന്ന ജീവിയെന്നു നോക്കിവരാമോ?"

പൂച്ച ചെന്നുനോക്കി ഉടൻ മടങ്ങിവന്നു പറഞ്ഞു:

"അതൊരു കുതിരയാണ്," പൂച്ച പറഞ്ഞു.

'ശരി', നായ പറഞ്ഞു, "അതിനെ നമുക്കു കൊല്ലാം. നമുക്കു വേണ്ടുവോളം ആഹാരം കഴിക്കുകയും ബാക്കി വേണ്ടവർക്കു കൊടുക്കുകയും ചെയ്യാം."

അതുംപറഞ്ഞു നായ നിലത്തു കൈകാലുകൾകൊണ്ടു് മാന്താനും പല്ലുകൾ പുറത്തുകാട്ടി മുരളാനും തുടങ്ങി. തന്നെ സ്വയം ദേഷ്യം പിടിപ്പിക്കുവാൻ ഇതൊക്കെ വേണമെന്നാണു് നായ മനസ്സിലാക്കിയിട്ടുള്ളതു്

നായ പൂച്ചയോടു ചോദിച്ചു:

"എൻെറ വാലു വിറയ്ക്കുന്നുണ്ടെന്നു നോക്ക്യേ"

"ഇല്ലല്ലോ" പൂച്ച പറഞ്ഞു.

ഇതുകേട്ടപ്പോൾ നായ പൂർവ്വാധികം ശക്തിയോടെ നിലത്തു മാന്താൻ തുടങ്ങി. ഭയങ്കരമായി സ്വയം ദേഷ്യംപിടിപ്പിക്കാൻ അതുകൊണ്ടു കഴിയുമെന്നാണു് നായയുടെ വിചാരം.

നായ പൂച്ചയോടു ചോദിച്ചു:

"നോക്ക്യേ, എൻെറ വാലു വിറയ്ക്കുന്നില്ലേ? വിറയ്ക്കുന്നുണ്ടെന്നു് പറ."

പൂച്ച സൂക്ഷിച്ചുനോക്കി പറഞ്ഞു:

"ആ, അല്പം വിറയ്ക്കുന്നുണ്ടു്."

"നോക്കിക്കോ, കുതിരയുടെ കഥ ഈ നിമിഷത്തിൽ കഴിച്ചുകളയാം".

ഇതുംപറഞ്ഞു കൂടുതൽ ഉഗ്രമായി നായ നിലത്തു മാന്താൻ തുടങ്ങി പൂച്ചയോടു പറഞ്ഞു:

"നോക്ക്യേ, എൻെറ കണ്ണു ചുകന്നു കലങ്ങുന്നില്ലേ?"

പൂച്ച നോക്കി പറഞ്ഞു:

"ഇല്ലല്ലോ."

“അതു കളവാണു്. ചുകന്നു കലങ്ങുന്നുണ്ടെന്നു് പറയണം,” നായ പറഞ്ഞു.

“അങ്ങിനെയാണോ? ശരി. കണ്ണു കലങ്ങിയിട്ടുണ്ടു്, അങ്ങിനെയാണു് താങ്കാം പറയുന്നതെങ്കിൽ.” പൂച്ച പറഞ്ഞു.

ഇതു കേട്ടതോടെ നായ ക്ഷുഭിതനായി കതിരയുടെ നേക്കു് കുരൈറാറച്ചാട്ടം. പക്ഷെ, കതിര അതിൻെറ കുളമ്പുകൊണ്ടു് നായയുടെ തല നോക്കി ചവിട്ടി കടഞ്ഞു. ചവിട്ടു കിട്ടിയപ്പോാം നായ നിലത്തു വീണു. കൈയും കാലും നീട്ടി അതു കിടപ്പായി. അതിൻെറ കണ്ണുകാം തുറിച്ചുനിന്നു. അല്പം കഴിഞ്ഞു പൂച്ച വീണുകിടക്കുന്ന നായയുടെ അടുത്തുചെന്നു ചെവിയിൽ പറഞ്ഞു:

“ആ, ചങ്ങാതി, ഇപ്പോാം താങ്കളുടെ കണ്ണുകാം ചുകന്നു കലങ്ങിയിട്ടുണ്ടു്.”

---



# 6. സെർകോ

വളരെ മുമ്പാണ്. ഒരു മനുഷ്യനുണ്ടായിരുന്നു അയാൾക്ക സെർകോ എന്ന ഒരു നായ ഉണ്ടായിരുന്നു. നായക്ക് വളരെ വയസ്സായപ്പോൾ ആ മനുഷ്യൻ അതിനെ വെളിയിലേക്ക് അടിച്ചോടിച്ചു. സെർകോ വയലുകളിലൂടെ നിരാശനും ദുഃഖിതനുമായി അലഞ്ഞുതിരിയാൻ തുടങ്ങി.

"ഞാനെന്റെ യജമാനനെ വളരെ വർഷങ്ങൾ കൂറോടുകൂടി സേവിച്ചു," സെർകോ സ്വയം പറഞ്ഞു, "ഞാൻ അയാളുടെ വീട്ടിനു

കാവലിരുന്നു. ഇപ്പോഴാം ഒരു തുണ്ടം റൊട്ടി തരാൻപോലും അയാറാം ലുബ്ധു കാണിക്കുന്നു. എന്നെ അടിച്ചുകറയകയും ചെയ്തു."

അങ്ങിനെ ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് തന്റെ നേക്ക് ഒരു ചെന്നായ വരുന്നതു് സെർകോ കണ്ടതു. ചെന്നായ സെർകോവിനെ സമീപിച്ചു പറഞ്ഞു:

"എന്തിനാ ഇങ്ങിനെ ചുമ്മാ അലഞ്ഞുനടക്കുന്നതു്?"

സെർകോ മറുപടി നൽകി:

"മറെറാന്നും എനിക്കു ചെയ്യാനില്ല. കാരണം, എന്റെ യജമാനൻ എന്നെ ആട്ടി കാടിച്ചുകളഞ്ഞു."

ചെന്നായ പറഞ്ഞു:

"നിനക്കു സമ്മതമാണെങ്കിൽ നിന്റെ യജമാനന്റെ പ്രീതി ഞാൻ നിനക്കു വീണ്ടും വാങ്ങിച്ചുതരാം."

സെർകോ സന്തോഷംകൊണ്ടു മതിമറന്നു.

"എന്നെ സഹായിക്കൂ, പൊന്നുചങ്ങാതീ," സർകോ പറഞ്ഞു, "നിങ്ങാം ചെയ്തുതന്ന സേവനത്തിന്നു് പ്രതിഫലം നൽകാൻ ഞാനൊരു വഴി കണ്ടെത്താതിരിക്കില്ല."

"ശരി, എന്നാൽ കേട്ടോളൂ", ചെന്നായ പറയാൻ തുടങ്ങി, "നിന്റെ യജമാനനും യജമാനത്തിയും വേഗംതന്നെ കൊയ്ത്തിന്നുവേണ്ടി വയലിലേക്കുപോകും. യജമാനത്തി അവരുടെ കുഞ്ഞിനെ പുല്ലിൻകൂനയുടെ ചുവട്ടിൽ കിടത്തിയാണ് പോവുകയെന്നു തീർച്ചയാണ്. നീ കുഞ്ഞിന്റെ അടുത്തായി നില്ക്കണം. എന്നാൽ എവിടെയാണ് കിടക്കുന്നതെന്നു് എനിയ്ക്കു് എളുപ്പം കണ്ടുപിടിക്കാമല്ലോ. ഞാൻ കുഞ്ഞിനെ വാരിയെടുത്തു കൊണ്ടുപോകും. നീ എന്റെ പിന്നാലെ തന്നെ കുരച്ചുംകൊണ്ടു് പാഞ്ഞുവരണം. അപ്പോഴാം ഞാൻ ഭയപ്പെട്ടുവെന്നു നടിച്ചു കുഞ്ഞിനെ വിട്ടേച്ചുപോകും."

അങ്ങിനെ കുറച്ചു കഴിഞ്ഞാറെ, യജമാനനും യജമാനത്തിയും കൊയ്യുവാൻവേണ്ടി വയലിലേക്കുപോയി. യജമാനത്തി കുഞ്ഞിനെ പുല്ലിൻകൂനക്കടുത്തു കിടത്തി കൊയ്യാൻ തുടങ്ങി. ആപത്തൊന്നും സംഭവിക്കുകയില്ലെന്നു അവൾക്കുറപ്പുണ്ടായിരുന്നു. പെട്ടെന്നു എങ്ങുനിന്നെന്നില്ലാതെ ഒരു ചെന്നായ പാഞ്ഞെത്തി. കുഞ്ഞിനേയും കടിച്ചെടുത്തു വയലുമുറിച്ചു കടന്നു അതു കാട്ടിലേക്കോടി.

സെർകൊ ചെന്നായയുടെ പിന്നാലെ ഓടി. സെർകോവിൻെറ യജമാനൻ പേടിച്ചു പരിഭ്രാന്തനായി നിലവിളിച്ചു. അയാൾക്കു നേരാംവണ്ണം ശബ്ദം വരുന്നില്ല.

"സെർക്കോ, ചെന്നായയെ പിടി, പിടി", യജമാനൻ പറഞ്ഞു.

സെർക്കോ ചെന്നായയുടെ അടുത്തു പാഞ്ഞെത്തി. കുട്ടിയെ പിടിച്ചെടുത്തു യജമാനന്നു കൊണ്ടുവന്നു കൊടുത്തു. സന്തോഷാധിക്യത്താൽ യജമാനൻ തൻെറ സഞ്ചിയിൽനിന്നു കുറച്ചു അപ്പവും ഒരു കഷ്ണം ഇറച്ചിയും എടുത്തു സെർക്കോവിൻെറ മുമ്പിൽ ഇട്ടുകൊണ്ടു പറഞ്ഞു:

"തിന്നു് സർകോ വയറു നിറയെ തിന്നു്. എൻെറ കുഞ്ഞിനെ രക്ഷിച്ചതിന്നാണിതു്."

വൈകുന്നേരം യജമാനനും യജമാനത്തിയും വീട്ടിലേക്കു പോകുമ്പോൾ സെർകോവിനേയും ഒപ്പംകൂട്ടി. വീട്ടിലേക്കു കടന്നപ്പോൾ, യജമാനൻ പറഞ്ഞു:

"കുറച്ചു പാൽപായസം വെച്ചോ. പാലു നല്ലവണ്ണം ചേർന്നോട്ടെ."

ഭാര്യ പാൽകഞ്ഞി വെച്ചു. യജമാനൻ ഭാര്യയെ തൻെറ അടുത്തുതന്നെ ഇരുത്തി പാൽകഞ്ഞി വിളമ്പാൻ പറഞ്ഞു.

ഭാര്യ വെച്ച പാൽകഞ്ഞി ഭർത്താവിൻെറമുമ്പാകെ കൊണ്ടുവന്നു വെച്ചു. യജമാനൻ അതു വാങ്ങി ഒരു പാത്രത്തിൽ നിറയെ വിളമ്പി സെർക്കോവിൻെറ മുന്നിലേക്കു നീക്കി. സെർക്കോവിന്നു പൊള്ളാതിരിക്കാൻ യജമാനൻ പാൽകഞ്ഞി ഇടയ്ക്കിടക്കു ഊതിക്കൊടുക്കുകകൂടി ചെയ്തു.

സെർകോ അവിടെയിരുന്നു ആലോചിക്കാൻ തുടങ്ങി:

"ഇതെല്ലാം ചെന്നായയുടെ പണികൊണ്ടു സാധിച്ചതാ. ചെയ്തു തന്ന സേവനത്തിന്നു ഏതെങ്കിലും തരത്തിൽ പ്രത്യുപകാരം ചെയ്യണം"

അങ്ങിനെയിരിക്കുമ്പോഴാണ് യജമാനന്റെ മൂത്ത മകളുടെ കല്യാണം വന്നതു്.

സെർകോ പാടത്തിലേക്കു പോയി ചെന്നായയെ കണ്ടുപിടിച്ചു പറഞ്ഞു:

"ഈ ഞായറാഴ്ച രാത്രി ഞങ്ങളുടെ തോട്ടത്തിലേക്കു വരൂ, ഞാൻ ഞങ്ങളുടെ വീട്ടിലേക്കു കൊണ്ടുപോവാം ചെയ്ത ഉപകാരത്തിനു് ഞാനും എന്തെങ്കിലും ചെയ്യണമല്ലോ."

ഞായറാഴ്ചവരെ ചെന്നായ കാത്തുനിന്നു ഞായറാഴ്ച വന്നു. സെർകോ പറഞ്ഞതുപോലെ നിശ്ചിതസമയത്തു ചെന്നായ തോട്ടത്തിലേക്കു ചെന്നു

ആ ദിവസമാണു് കല്യാണം നടക്കുന്നതു്. വീട്ടിൽ വലിയ തിരക്കും ബഹളവുമാണു്. സെർകോ ചെന്നായയെ കടിലിന്നകത്തേക്കു കൂട്ടിക്കൊണ്ടുപോയി ഒരു മേശയുടെ അടിയിൽ ഒളിപ്പിച്ചു. ചങ്ങാതിയെ ഇരുത്തിയതിന്നുശേഷം നായ ഒരു കുപ്പി വോഡ്കയും (റഷ്യൻ മദ്യം) മേശപ്പുറത്തുനിന്നു ഒരു നല്ല കഷണം ഇറച്ചിയുമെടുത്തു ചെന്നായക്കു കൊണ്ടുവന്നു സല്ക്കരിച്ചു ക്ഷണിക്കപ്പെട്ടെത്തിയ അതിഥികൾക്കു നായയെ അടിച്ചുകൊല്ലണമെന്നുണ്ടായിരുന്നു. പക്ഷെ സെർകോവിനെ തൊടാൻ യജമാനൻ അനുവദിച്ചില്ല. യജമാനൻ പറഞ്ഞു:

"സെർകോവിനെ തൊടരുതു്. എനിക്കു് അവൻ ചെയ്തുതന്ന നന്മയെന്തെന്നു നിങ്ങൾക്കറിയില്ല. അവൻ മരിക്കുന്നതുവരെ ഞാൻ അവനോടു് ദയയുള്ളവനായിരിക്കും"

സെർകോ മേശപ്പുറത്തുനിന്നു ഏററവും നല്ല രണ്ടുമൂന്നു് അപ്പക്കഷണങ്ങൾ തരഞ്ഞെടുത്തു ചെന്നായയ്ക്കു കൊണ്ടുപോയിക്കൊടുത്തു. ചെന്നായ സുഹൃത്തിൽനിന്നു ലഭിച്ച വിരുന്നുകൊണ്ടു് സംതൃപ്തനായി. സന്തോഷംകൊണ്ടു് മതിമറന്ന ചെന്നായ പറഞ്ഞു:

"ഞാൻ പാട്ടുപാടാൻ പോവുകയാം." ഇതു കേട്ടപ്പോഠം സെർകോ വിന്നു ഭയമായി.

"ദയവുചെയ്തു പാടരുതു്," സെർകോ യാചിച്ചു. "പാടിയാൽ ആകെ വഷളാവും ഞാൻ നിങ്ങഠംക്കു കുറച്ചുകൂടി വോഡ്ക കൊണ്ടു വന്നുതരാം. ഒരൊററ ഉപകാരം ചെയ്താൽ മതി—ചുമ്മാ ഇരിക്കണം."

ചെന്നായ കുറച്ചുകൂടി വോഡ്ക അകത്താക്കി ലഹരി മൂത്തപ്പോഠം ചെന്നായ വീണ്ടും പറഞ്ഞു:

"ഇക്കുറി ഞാൻ യഥാർത്ഥത്തിൽ പാടാൻതന്നെ പോവുകാ." ഇതും പറഞ്ഞു മേശക്കടിയിൽനിന്നു ഭയങ്കരമായി ഓരിയിടാൻ തുടങ്ങി.

അതിഥികഠം പേടിച്ചു അവരുടെ കസേലകളിൽനിന്നു പരിഭ്രമിച്ചു അങ്ങുമിങ്ങുമോടി ചിലർ മേശക്കടിയിലേക്കു നുഴഞ്ഞു രക്ഷപ്പെടാൻ നോക്കി. അപ്പോഴേക്കും അവിടെയതാ, ചെന്നായ ഇരിക്കുന്നു. ചിലർ പ്രാണനുംകൊണ്ടു് ഓടിപ്പോയി. മററുചിലർ ചെന്നായയെ കൊല്ലണമെന്നു പറഞ്ഞു. കാര്യം ഈ നിലക്കെത്തിയപ്പോഠം സെർകോ ചെന്നായയുടെ കഴുത്തിനുപിടിച്ചു. അതിനെ കടിച്ചു കൊല്ലാനാണു സെർകോ പോകുന്നതെന്നു തോന്നും കടിപിടിയും കടച്ചിലും മററും കണ്ടാൽ.

യജമാനൻ അതിഥികളോടു പറഞ്ഞു:

"ആരും ചെന്നായയെ തല്ലരുതു്. തല്ലിയാൽ അതു സെർകോവിനും കൊള്ളും. ചെന്നായയെ സെർകോതന്നെ ശരിപ്പെടുത്തിക്കോളും, നിങ്ങളാരും ബേജാറാവേണ്ട."

സെർകോ, ചെന്നായയെ പാടത്തിലേക്കു കൂട്ടിക്കൊണ്ടുപോയി പറഞ്ഞു:

"ഒരിക്കൽ നിങ്ങളെനിക്കൊരു നന്മ ചെയ്തുതന്നു ഇപ്പോഠം ഞാനതിന്നു പ്രത്യുപകാരം ചെയ്തിരിക്കുന്നു."

അതിന്നുശേഷം അവർ ശുഭാശംസകഠം കൈമാറി താന്താങ്ങളുടെ വഴിക്കുപോയി.

—:=:—



## 7. തുള്ളിച്ചാടുന്ന കുഞ്ഞാട്

പണ്ടൊരിക്കൽ ഒരു കിഴവനും കിഴവിയും ഉണ്ടായിരുന്നു. ഒരു ദിവസം കിഴവൻ ചന്തക്കുപോയി ഒരു കോലാടിനെ വാങ്ങി. അതിനെ വീട്ടിലേക്കു കൊണ്ടുവന്നു കിടന്നുറങ്ങി. രാവിലെ തന്റെ മൂത്ത മകനെ വിളിച്ചു ആടിനെ മേയ്ക്കാൻ കൊണ്ടുപോകണമെന്നേല്പിച്ചു. മകൻ അന്തിയാവുംവരെ ആടിനെ മേച്ചതിന്നുശേഷം അതിനേയും

തെളിച്ചു വീട്ടിലേക്കു തിരിച്ചു. വീട്ടിന്റെ കടക്കലെത്തിയപ്പോൾ അച്ഛനായ കിഴവൻ ചുകന്ന ബൂട്ട്സുമിട്ടു അവിടെ നില്ക്കുന്നതായി കണ്ടു. കിഴവൻ ചോദിച്ചു:

"കുഞ്ഞാടെ, തുള്ളിച്ചാടുന്ന എന്റെ പൊന്നാടെ, നിനക്കു വേണ്ടത്ര തിന്നാനും കുടിക്കാനും കിട്ടിയോ?"

"ഇല്ല, മുത്തച്ഛാ." ആടു മറുപടി പറഞ്ഞു. "ഞാൻ തിന്നിട്ടുമില്ല; കുടിച്ചിട്ടുമില്ല.

"ഞാനൊരു കൊച്ചുമരത്തിന്റെ
ചാരത്തോടി നടന്നപ്പോൾ,
പൊട്ടിയൊരിലയുടെ തുമ്പല്ലാ-
തപ്പുറമൊന്നും തിന്നല്ല.
ഞാനൊരു വെള്ളച്ചാലിന്റെ
തീരത്തോടി നടന്നപ്പോൾ
തട്ടിയ നീരിന്നുററല്ലാ-
തപ്പുറമൊന്നും കിട്ടില്ല.

"ഇത്രമാത്രമാണ് ഞാൻ തിന്നതും കുടിച്ചതും. ഒരിലയുടെ തുമ്പും ഒരു തുള്ളി വെള്ളവും."

കിഴവന്നു മകനോടു വല്ലാതെ കോപംവന്നു അവനെ വീട്ടിൽ നിന്നു അടിച്ചിറക്കുകയും ചെയ്തു.

പിറേറന്നു കിഴവൻ തന്റെ ഇളയ മകനെ ആട്ടിനെ മേയ്ക്കാൻ പറഞ്ഞയച്ചു. വൈകുന്നേരംവരെ ആട്ടിനെ മേയ്ച്ച് അവൻ വീട്ടിലേക്കു തിരിച്ചു. വീട്ടിന്റെ പടിക്കലെത്തിയപ്പോൾ അച്ഛനായ കിഴവൻ ചുകന്ന ബൂട്ടുസുമിട്ടു അവിടെ നില്ക്കുന്നതായി കണ്ടു കിഴവൻ ചോദിച്ചു:

"കുഞ്ഞാടെ, തുള്ളിച്ചാടുന്ന എന്റെ പൊന്നാടെ, നിനക്കു വേണ്ടത്ര തിന്നാനും കുടിക്കാനും കിട്ടിയോ?"

"ഇല്ല, മുത്തച്ഛാ." ആട് മറുപടി പറഞ്ഞു: "ഞാൻ തിന്നിട്ടുമില്ല; കുടിച്ചിട്ടുമില്ല.

"ഞാനൊരു കൊച്ചു മരത്തിന്റെ
ചാരത്തോടി നടന്നപ്പോൾ
പൊട്ടിയൊരിലയുടെ തുമ്പല്ലാ-
തപ്പുറമൊന്നും തിന്നില്ല.
ഞാനൊരു വെള്ളച്ചാലിന്റെ
തീരത്തോടി നടന്നപ്പോൾ
തട്ടിയ നീരിന്നുററല്ലാ-
തപ്പുറമൊന്നും കിട്ടീല്ല.

"ഇതു മാത്രമാണ് ഞാൻ തിന്നതും കുടിച്ചതും. ഒരിലയുടെ തുമ്പും ഒരു തുള്ളി വെള്ളവും."

ഇതുകേട്ടപ്പോൾ കിഴവൻ തന്റെ ഇളയ മകനേയും വീട്ടിൽനിന്നു അടിച്ചിറക്കി. മൂന്നാമത്തെ ദിവസം അയാൾ തന്റെ ഭാര്യയായ കിഴവിയെ ആട്ടിനെ മേയ്ക്കാൻ പറഞ്ഞയച്ചു. വൈകുന്നേരംവരെ മേച്ചു തീന്നശേഷം അന്തിയോടടുത്തു കിഴവി ആടിനേയും തെളിച്ചു വീട്ടിലേക്കു യാത്രയായി. കടക്കലെത്തിയപ്പോൾ അവിടെ കിഴവൻ ചുകന്ന ബൂട്ടുസുകളുമിട്ടു നില്ക്കുന്നു. കിഴവൻ ചോദിച്ചു:

"കുഞ്ഞാടെ, തുള്ളിച്ചാടുന്ന എന്റെ പൊന്നാടെ, നിനക്കു വേണ്ടത്ര തിന്നാനും കുടിക്കാനും കിട്ടിയോ?"

"ഇല്ലാ, മുത്തച്ഛാ" ആടു മറുപടി പറഞ്ഞു: "ഞാൻ തിന്നിട്ടുമില്ല; കുടിച്ചിട്ടുമില്ല.

"ഞാനൊരു കൊച്ചുമരത്തിന്റെ
ചാരത്തോടി നടന്നപ്പോൾ
പൊട്ടിയൊരിലയുടെ തുമ്പല്ലാ-
തപ്പുറമൊന്നും തിന്നില്ല.

ഞാനൊരു വെള്ളച്ചാലിൻെറ
തീരത്തോടി നടന്നപ്പോറം
തട്ടിയനീരിന്നുററല്ലാം–
തപ്പുറമൊന്നും കിട്ടീല്ല."

"ഇതു മാത്രമാണു് ഞാൻ തിന്നതും കുടിച്ചതും ഒരിലയുടെ തുമ്പും ഒരു തുള്ളി വെള്ളവും."

ഇതുകേട്ടപ്പോറം കിഴവന്നു ദ്വേഷ്യം വന്നു. കിഴവിയേയും വീട്ടിൽ നിന്നു പുറത്താക്കി.

നാലാമത്തെ ദിവസം അയാറംതന്നെ ആടിനെ മേയ്ക്കാൻ കൊണ്ടു പോയി. പകൽ മുഴുവൻ ആടിനെ മേച്ചു സന്ധ്യ മയങ്ങിയപ്പോറം വീട്ടിലേക്കു തിരിച്ചു. ആടിനെ റോഡിൽ തെളിച്ചുവിട്ടു് അയാറം ആദ്യം മുമ്പിലോടി കടക്കു സമീപം തൻെറ ചുകന്ന ബൂട്ടുസുകളുമിട്ടു് കാത്തുനിന്നു.

കിഴവൻ ചോദിച്ചു:

"കുഞ്ഞാടെ, തുള്ളിച്ചാടുന്ന എൻെറ പൊന്നാടെ, നിനക്കു വേണ്ടത്ര തിന്നാനും കുടിക്കാനും കിട്ടിയോ?"

"ഇല്ലാ, മുത്തച്ഛാ." ആടു മറുപടി പറഞ്ഞു: "ഞാൻ തിന്നിട്ടുമില്ല; കുടിച്ചിട്ടുമില്ല.

"ഞാനൊരു കൊച്ചു മരത്തിൻെറ
ചാരത്തോടി നടന്നപ്പോറം
പൊട്ടിയൊരിലയുടെ തുമ്പല്ലാ–
തപ്പുറമൊന്നും തിന്നില്ല.
ഞാനൊരു വെള്ളച്ചാലിൻെറ
തീരത്തോടി നടന്നപ്പോറം
തട്ടിയ നീരിന്നുററല്ലാ–
തപ്പുറമൊന്നും കിട്ടീല്ല.

"ഇതുമാത്രമാണ്  ഞാൻ തിന്നതും കുടിച്ചതും. ഓലയുടെ തുമ്പും ഒരു തുള്ളി വെള്ളവും."

കിഴവനു കഠിനമായി ദേഷ്യം വന്നു അയാൾ കൊല്ലന്റെ അടുത്തുപോയി തന്റെ കത്തി നല്ലപോലെ രാകി അണപ്പിച്ചുകൊണ്ടു വന്നു. ആടിന്റെ കഴുത്തു മുറിക്കാൻ പിടിച്ചപ്പോൾ അതു ഊരിച്ചാടി കാട്ടിലേക്കു പാഞ്ഞു. ആട് അവിടെ ഒരെലിയുടെ കുടിലുകണ്ടു. അതിനകത്തു കയറി അടുപ്പിന്റെ മേൽകയറി ഒളിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ എലി അവിടേക്കു കടന്നുവന്നു. ആരോ കുടിലിന്നകത്തുണ്ടെന്നു് അതിന്നു മനസ്സിലായി. എലി വിളിച്ചു ചോദിച്ചു:

"ആരാ എന്റെ അകത്തു്?"

ആട് അടുപ്പിന്നടുത്തുതന്നെ ഇരുന്നു മറുപടി നൽകി:

"ഞാനോ? നിമ്പിളികിമ്പിളിയെന്നറിയുന്ന
കോലാടാണു ഞാൻ ചങ്ങാതീ
കീറി കീറി മുറിഞ്ഞുതറിഞ്ഞൊരു
തോലും കോട്ടമായ് ഞാനിരിപ്പൂ
മൂന്നേമൂന്നുപണത്തിനൊരു തന്ത
വാങ്ങീ ചന്തയിൽനിന്നെന്നെ
എന്നോടാരും കളിച്ചിട്ടില്ലൊന്നു
മെല്ലെ മൂളിയാൽ നീ വിറക്കും
പോയ്ക്കോ ഇല്ലെങ്കിൽ നിന്റെ മേക്കിട്ടു
വയ്ക്കോലെന്നോണം ഞാൻ ചവിട്ടും
കുത്തുമൂത്തുള്ള കൊമ്പിൽ കൊളുത്തി
കോർക്കും, നിന്നെ ഞാൻ സൂപ്പാക്കും
വാലുകൊണ്ടുഞാൻ നിന്നെയടിച്ചു
വാരും പിന്നെ, ഛേ, കാണില്ല"

എലി ഇതുകേട്ടപ്പോൾ പേടിച്ചു ചുരുണ്ടുപോയി. പിന്നെ അത വിടെ നിന്നില്ല. പ്രാണനുംകൊണ്ടു് കടിലിൽനിന്നോടിപ്പോയി. ഒരു മരത്തിൻെറ ചുവട്ടിലിരുന്നു കരയാൻ തുടങ്ങി. പെട്ടെന്നു ആ വഴിക്കു് ഒരു കരടി ഉരുണ്ടുപിരണ്ടുവന്നു.

"ബ്വൂണ്ണീവ്വൂണ്ണീ, നീ എന്തിനാ കരയുന്നേ?" കരടി ചോദിച്ചു.

"എങ്ങിനെ കരയാതിരിക്കും ഗ്രൂമ്പ്ളീവാമ്പ്ളീ? ഒരു ഭയങ്കര ജന്തു എൻെറ കടിലിൽ കയറി ഇരിക്കുന്നു."

"വിഡ്ഢിത്തം പറയാതിരി. ഇപ്പം ഞാനതിനെ അടിച്ചു തുരത്തി കളയാം," ഇതുംപറഞ്ഞു് കരടി എലിയുടെ കടിലിലേക്കു പാഞ്ഞു.

"ഏ, ആരാ ബ്വൂണ്ണീവ്വൂണ്ണീയുടെ കടിലിൽ കയറി ഇരിക്കുന്നേ?" കരടി പുറത്തുനിന്നു വിളിച്ചുചോദിച്ചു.

ആട്ടു് അട്ടപ്പിന്നടുത്തുനിന്നു പറഞ്ഞു:

"ഞാനാ, നീബിളികീബിളിയെന്നറിയുന്ന
കോലാടാണുഞാൻ ചങ്ങാതീ.
കീറി കീറി മുറിഞ്ഞുതറഞ്ഞൊരു
തോലും കോട്ടുമായ് ഞാനിരിപ്പൂ
മൂന്നേമൂന്നു പണത്തിനൊരു തന്ത
വാങ്ങി ചന്തയിൽനിന്നെന്നെ
എന്നോടാരും കളിച്ചിട്ടില്ലൊന്നു
മെല്ലെ മൂളിയാൽ നീ വിറക്കും
പോയ്ക്കോ ഇല്ലെങ്കിൽ നിൻെറ മേക്കിട്ടു
വയ്ക്കോലെന്നോണം ഞാൻ ചവിട്ടും
കൂർത്തുമൂർത്തുള്ള കൊമ്പിൽ കൊളുത്തി
കോക്കും നിന്നെഞാൻ സൂപ്പാക്കും
വാലുകൊണ്ടുഞാൻ നിന്നെയടിച്ചു
വാരും പിന്നെ, ദേ, കാണില്ല"

കരടി ഇതുകേട്ടപ്പോഠം പേടിച്ചരണ്ടു് ഓടിപ്പോയി. അതു മരണ പ്പാച്ചിൽ പാഞ്ഞു.

"അയ്യോ, ബ്വണ്ണീറണ്ണി, വയ്യ വയ്യ," കരടി എലിയോടുപറഞ്ഞു.

"എനിക്കു നിന്നെ സഹായിക്കാനാവില്ല. ഞാൻതന്നെ പേടിച്ചു വിറച്ചുപോയി."

ബ്വണ്ണീറണി ഒരു മരത്തിൻെറ ചുവട്ടിൽ ചെന്നിരുന്നു കരയാൻ തുടങ്ങി. കരഞ്ഞുകരഞ്ഞു അതിൻെറ കണ്ണുകഠം ചുകന്നുപോയി.

പെട്ടെന്നു ആ വഴിക്കു് ഒരു ചെന്നായ കയറിവന്നു.

"എന്തിനാ നീ കരയുന്നേ ബ്വണ്ണീറണ്ണി?" ചെന്നായ ചോദിച്ചു.

"എങ്ങിനെ കരയാതിരിക്കും ഫൗളിപ്രൗളി? എൻെറ കുടിലിന്ന കത്തു ഒരു ഭയങ്കര ജന്തു കയറിക്കൂടിയിരിക്കുന്നു," എലി പറഞ്ഞു.

ചെന്നായ പറഞ്ഞു:

"ഞാനതിനെ അടിച്ചു തുരത്തിക്കളയാം."

"ഞാനതു വിശ്വസിക്കുന്നില്ല. കരടി ശ്രമിച്ചുനോക്കിയതാ. പക്ഷെ, പേടിച്ചു ഓടേണ്ടിവന്നു. പിന്നെ താങ്കഠംക്കെങ്ങിനെ സാധിക്കും?"

"ബേജാറാവേണ്ട, എന്നെ വിശ്വസിച്ചോളൂ," ഇതും പറഞ്ഞു ചെന്നായ കുടിലിലേക്കോടി.

"ഏ, ആരാ ബ്വണ്ണീറണ്ണീയുടെ കുടിലിൽ കയറി ഇരിക്കുന്നേ?"

കോലാടു് അകത്തുനിന്നു മറുപടി പറഞ്ഞു.

"ഞാനോ? നിബിളി കിബ്ളിയെന്നറിയുന്ന
കോലാടാണു് ഞാൻ ചങ്ങാതി
കീറി കീറി മുറിഞ്ഞുതറഞ്ഞൊരു
തോലും കോട്ടമായ് ഞാനിരിപ്പൂ

മൂന്നേമൂന്നു പണത്തിനൊരുതന്ത
വാങ്ങി ചന്തയിൽനിന്നെന്നെ
എന്നോടാരും കളിച്ചിട്ടില്ലൊന്നു
മെല്ലെ മൂളിയാൽ നിവീറക്കും
പോയ്ക്കോ ഇല്ലെങ്കിൽ നിൻെറ മേക്കിട്ടു
വയ്ക്കോലെന്നോണം ഞാൻ ചവിട്ടും
കുത്തുമൂത്തുള്ള കൊമ്പിൽ കൊളുത്തി
കോക്കും നിന്നെ ഞാൻ സൂപ്പാക്കും
വാലുകൊണ്ടുഞാൻ നിന്നെയടിച്ച
വരും പിന്നെ, ഛേ, കാണില്ല."

ചെന്നായ പേടിച്ചരണ്ടു പ്രാണനുംകൊണ്ടു ഓടിപ്പോയി.

"വയ്യ ബ്വണ്ണിറണ്ണി എനിക്കു നിന്നെ സഹായിക്കാനാവില്ല." ചെന്നായു പറഞ്ഞു

"എനിക്കുതന്നെ പേടിയാവുന്നു."

ബ്വണ്ണിറണ്ണി ഒരു മരത്തിൻെറ ചുവട്ടിൽ ചെന്നിരുന്നു കരയാൻ തുടങ്ങി. കരഞ്ഞു കരഞ്ഞു അതിൻെറ കണ്ണുകൾ ചുകന്നുപോയി.

പെട്ടെന്നു ഒരു കൂറക്കൻ ആ വഴിക്കു നടന്നുവന്നു. എലിയെ കണ്ടപ്പോൾ കൂറക്കൻ ചോദിച്ചു:

"എന്തിനാ നീ കരയുന്നേ, ബ്വണ്ണിറണ്ണി?"

"എങ്ങിനെ കരയാതിരിക്കും, സ്വൈലിവൈലി, എൻെറ കുടിലിന്നകത്തു ഒരു ഭയങ്കര ജന്തു കയറി ഇരിക്കുമ്പോൾ" എലി പറഞ്ഞു.

കൂറക്കൻ പറഞ്ഞു:

"സാരോല്ല. ഞാനതിനെ അടിച്ചു വെളിയിലാക്കിത്തരാം"

"എനിക്കതു വിശ്വാസമില്ല, സ്വൈലിവൈലി. കരടി അതു ശ്രമിച്ചുനോക്കി, സാധിച്ചില്ല. ചെന്നായ ശ്രമിച്ചുനോക്കി, സാധിച്ചില്ല. പിന്നെ, താങ്കൾക്കെങ്ങിനെ സാധിക്കും?"

"കണ്ണീതപ്പെടേണ്ട, എന്നെ വിശ്വസിച്ചോളൂ," ഇതുംപറഞ്ഞു കുറുക്കൻ എലിയുടെ കുടിലിന്നു നേരെ പാഞ്ഞു

"ആരാ, ആരാ ഈ കുടിലിന്നകത്തിരിക്കുന്നേ?" പുറത്തുനിന്നു കുറുക്കൻ വിളിച്ചുചോദിച്ചു. ആട് അടുപ്പിന്നടുത്തുനിന്നു മറുപടി നൽകി:

"ഞാനോ? നിബിളികിബിളിയെന്നറിയുന്ന
കോലാടാണുഞാൻ ചങ്ങാതീ
കീറി കീറി മുറിഞ്ഞുതാണൊരു
തോലും കോട്ടുമായ്ഞാനിരിപ്പൂ
മൂന്നേമൂന്നു പണത്തിന്നൊരു തന്ത
വാങ്ങി ചന്തയിൽനിന്നെന്നെ
എന്നോടാരും കളിച്ചിട്ടില്ലൊന്നു
മെല്ലെമൂളിയാൽ നീവിറക്കും
പോയ്ക്കോ ഇല്ലെങ്കിൽ നിന്റെ മേക്കിട്ടു
വയ്ക്കോലെന്നോണം ഞാൻ ചവിട്ടും
കൂർത്തുമൂർത്തുള്ള കൊമ്പിൽകൊളുത്തി
കോർക്കുംനിന്നെ ഞാൻ സൂപ്പാക്കും.
വാലുകൊണ്ടുഞാൻ നിന്നെയടിച്ചു
വാരും പിന്നെ, ദേ, കാണില്ല"

കുറുക്കൻ ഇതു കേട്ടപ്പോൾ പേടിച്ചരണ്ടു മരണഭയത്തോടെ ഓടി പ്പോയി.

"വയ്യ, ബണ്ണിമണ്ണി, എനിക്കു നിന്നെ സഹായിക്കാനാവില്ല ഞാൻതന്നെ വല്ലാതെ പേടിച്ചുപോയി"

ബണ്ണിമണ്ണി ഒരു മരത്തിന്റെ കീഴിലിരുന്നു പിന്നേയും കരയാൻ തുടങ്ങി. കരഞ്ഞുകരഞ്ഞു അതിന്റെ കണ്ണു ചുകന്നു.

പെട്ടന്നു ആ വഴിക്കു് ഒരു ഞണ്ടു് ഇഴഞ്ഞുവന്നു.

“എന്തിനാ നീ കരയുന്നേ, ബ്ലണ്ണിമണ്ണി?” ഞണ്ടു് ചോദിച്ചു.”

“എങ്ങിനെ ഞാൻ കരയാതിരിക്കും, എന്റെ കുടിലിന്നകത്തു ഒരു ഭയങ്കര ജന്തു കയറി ഇരിക്കുമ്പോൾ?” എലി പറഞ്ഞു.

ഞണ്ടു പറഞ്ഞു:

“ഞാനതിനെ ആട്ടി ഓടിച്ചുതരാം.”

“എനിക്കതിൽ വിശ്വാസമില്ല. കരടി ശ്രമിച്ചുനോക്കി, പക്ഷെ സാധിച്ചില്ല. ചെന്നായ ശ്രമിച്ചുനോക്കി, പക്ഷെ സാധിച്ചില്ല. കുറുക്കൻ ശ്രമിച്ചുനോക്കി, പക്ഷെ സാധിച്ചില്ല. താങ്കൾക്കെങ്ങിനെ, പിന്നെ, സാധിക്കാനാണു ?”

“ശരി, സാധിക്കോ ഇല്ലയോ എന്നു നോക്കിക്കോ,” ഇതും പറഞ്ഞു ഞണ്ടു് എലിയുടെ കുടിലുനോക്കി ഇഴഞ്ഞിഴഞ്ഞുപോയി.

“ആരാ, കുടിലിന്നകത്തു കയറിയിരിക്കുന്നേ?” ഞണ്ടു് വിളിച്ചു ചോദിച്ചു.

അകത്തുനിന്നു് ആടു് വിളിച്ചുപറഞ്ഞു:

“ഞാനോ? നിബിളികിബിളിയെന്നറിയുന്ന
കോലാടാണുഞാൻ ചങ്ങാതി
കീറികീറി മുറിഞ്ഞുതറഞ്ഞൊരു
തോലും കേട്ടുമായ് ഞാനിരിപ്പു
മൂന്നേമൂന്നു പണത്തിനൊരു തന്ത
വാങ്ങി ചന്തയിൽനിന്നെന്നെ
എന്നോടാരും കളിച്ചിട്ടില്ലൊന്നു
മെല്ലേ മൂളിയാൽ നീ വിറക്കും
പോയ്ക്കോ ഇല്ലെങ്കിൽനിന്റെ മേക്കിട്ടു
വയ്ക്കോലെന്നോണം ഞാൻ ചവിട്ടും
കൂത്തുമൂത്തുള്ള കൊമ്പിൽ കൊരുത്തി
കോർക്കും നിന്നെഞാൻ സൂപ്പാക്കും

വാലുകൊണ്ടുഞാൻ നിന്നെയടിച്ച
വാരും പിന്നെ, ദേ, കാണില്ല."

ഇതുകേട്ടപ്പോഠം ഞണ്ട് നിരങ്ങിനിരങ്ങി കടിലിന്നകത്തുകയറി ആടിരിക്കുന്ന അടുപ്പിന്നടുത്തുനിന്നു ഇങ്ങിനെ പറഞ്ഞു:

"ഞാനൊരു ഞണ്ടാ,ണറിയാമോ
നീ തടിയൂരാൻ നോക്കേണ്ട
ഞാൻ നിന്നെ പിച്ചും—നീ തുള്ളും
ഞാൻ നിന്നെ കൊത്തും—നീ കരയും."

അതും പറഞ്ഞു ഞണ്ട് അതിൻെറ കാലുകഠംകൊണ്ട് ആടിനെ ഇറുക്കാൻ തുടങ്ങി.

ആട് വേദനകൊണ്ടു നിലവിളിച്ചു. അടുപ്പിൻെറമേൽനിന്നു താഴെ തുള്ളി കടിലിൽനിന്നു ഓടി പുറത്തുപോയി. പിന്നെ, അതൊരിക്കലും കടിലിന്നടുത്തുപോലും പോയിട്ടില്ല

ബുണ്ണിവണ്ണിക്കു സന്തോഷംകൊണ്ട് കരളുനിറഞ്ഞു. കടിലിന്നകത്തേക്കു ചാടിക്കയറി. അതു് ഞണ്ടിനോട് വീണ്ടുംവീണ്ടും നന്ദി പറഞ്ഞു. ഇപ്പോഴും അതവിടെ സന്തോഷത്തോടും സന്തുഷ്ടിയോടും ജീവിക്കുന്നു.



## 8. സൂത്രക്കാരിയായ കുറക്കൻ

സൂത്രക്കാരിയായ ഒരു കുറക്കനുണ്ടായിരുന്നു പണ്ടൊരിക്കൽ. ഒരു ദിവസം ഉച്ചഭക്ഷണത്തിന്നു് കുറച്ചു തേൻ കിട്ടിയാൽ തരക്കേടില്ലെന്നു അതിന്നുതോന്നി. ദിവസവും ഇറച്ചി മാത്രം തിന്നുക. മടുപ്പുണ്ടാക

വാൻപിന്നെ എന്തെങ്കിലും വേണോ? മധുരിക്കുന്ന എന്തെങ്കിലും തിന്നാൻ ഒരിക്കലും കിട്ടാതിരിക്കുക.

"ഒന്നു പുറത്തുപോയി തേനീച്ചകളെ സന്ദർശിച്ചാലെന്താ," കരടിക്കുട്ടിക്കു തോന്നി, "അവരുടെ സ്വാദുള്ള കുറച്ചു തേൻ കൊണ്ടുവരാമല്ലോ"

അങ്ങിനെ കരക്കൻ തേനീച്ചത്തോട്ടത്തിൽ വന്നു വളരെ ശാന്തമായി ഒരു തേൻകൂടിന്റെ അടുത്തുചെന്നു് ഇരിപ്പായി. കുറച്ചു കഴിഞ്ഞു കൈ കൂട്ടിലേക്കിട്ടു തേൻ കോരിയെടുക്കാൻ നോക്കി. തേനീച്ചകൾക്കു് അതു തീരെ ഇഷ്ടപ്പെട്ടില്ല. അവർ തിക്കിത്തിരക്കി ഒച്ചയിട്ടുകൊണ്ടു് കൂട്ടിൽനിന്നു പുറത്തേക്കുവന്നു. അവരെല്ലാവരും കൂട്ടംചേർന്നു സൂത്രക്കാരിയായ കരക്കനെ പൊതിഞ്ഞു. സൂത്രക്കാരിയായ കരക്കൻ വാലും പൊക്കി പ്രാണനുംകൊണ്ടു് ഓട്ടംപിടിച്ചു. ഓടിഓടി അതിന്റെ മൂക്കിൽനിന്നു് വെള്ളംവരാൻ തുടങ്ങി. മൂക്കുപിടിച്ചുകൊണ്ടു് കരക്കൻ പറഞ്ഞു:

"തേൻ എന്തു മധുരമാ; പക്ഷെ തേനീച്ചകളാണു് സഹിച്ചുകൂടാത്തതു്."

കരക്കൻ വീട്ടിലേക്കു മടങ്ങി. ദേഹമാകെ വിങ്ങിവീർത്തിരുന്നു. "അയ്യോ, വയ്യ" എന്നുപറഞ്ഞു അതു വിശ്രമിക്കാൻ കിടന്നു. വളരെ, വളരെനേരം ചിന്തിച്ചു. തേനിന്റെ കാര്യം തലയിൽനിന്നു മാററിനിറുത്താൻ എന്തുചെയ്തിട്ടും ആവുന്നില്ല.

"നമ്മുടെ ഗ്രുംബ്ളിഗ്രംബ്ളിയുണ്ടല്ലോ, കരടി, അതിനെ ഒന്നു ചെന്നു കണ്ടാലെന്താ," കരക്കൻ ആത്മഗതംചെയ്തു. "അവിടെ കുറച്ചു ദിവസം അയാളോടൊപ്പം കഴിച്ചുകൂട്ടാം. മൂപ്പർ ധാരാളം തേൻ ശേഖരിച്ചുവെച്ചുകാണും."

വേഗം നടന്നു കരടിയുടെ കട്ടിലിലേക്കു പോയി.

"നമസ്കാരം ഗ്രുംബ്ളിഗ്രംബ്ളി," കരക്കൻ പറഞ്ഞു, "ഞാനൊന്നു പറയാൻ വന്നതാ."

പക്ഷെ, കരടി കിടന്നു മുരളുകയാണു് ചെയ്തതു്.

"ഗ്രുംബ്ളിറംബ്ളി, ദയവുചെയ്തു അങ്ങിനെ മുരളാതെ. നീ എന്നെ വല്ലാതെ പേടിപ്പിക്കുന്നു," കുറുക്കൻ പറഞ്ഞു, "ഞാൻ നിൻെറ കൂടെ താമസിച്ചോട്ടെ വീട്ടുകാര്യമെല്ലാം ഞാൻ നോക്കിക്കോളാം."

"ശരി, അങ്ങിനെയാവട്ടെ," ഗ്രുംബ്ളിറംബ്ളി സമ്മതിച്ചു.

അങ്ങിനെ രണ്ടുപേരും ചേർന്നു് വീടു ഭരിക്കാൻ തുടങ്ങി. കരടി വേട്ടക്കു പുറത്തുപോകും. തനിക്കും കുറുക്കനും വേണ്ടത്ര ഇറച്ചി ദിവസവും കൊണ്ടുവരികയുംചെയ്യും. പക്ഷെ, കുറുക്കനു മറേറതിനേക്കാളും അധികം ആവശ്യം തേനായിരുന്നു.

ഒരു ദിവസം സൂത്രക്കാരിയായ കുറുക്കൻ പറഞ്ഞു, "ഗ്രുംബ്ളി റംബ്ളി, തേനീച്ചത്തോട്ടത്തിൽ പോകാമോ? എനിക്കു കുറച്ചു തേൻ വേണം മധുരമുള്ളതെന്തെങ്കിലും തിന്നാൻ ഒരു കൊതിയാവുന്നു."

ഇതുകേട്ടപ്പോൾ ഗ്രുംബ്ലിറംബ്ലി തേനീച്ചത്തോട്ടത്തിലേക്കുപോയി നിറച്ചും തേൻ നിറഞ്ഞ രണ്ടു വലിയ കൂടുകൾ എടുത്തുകൊണ്ടുവന്നു.

"ഇതാ നീ ആവശ്യപ്പെട്ട തേൻകൂടു്," കരടി പറഞ്ഞു. "ഇതിലൊന്നു നമുക്കു് ഇപ്പോൾ തിന്നാം. മറേറതു മഴക്കാലത്തേക്കുവേണ്ടി സൂക്ഷിച്ചുവെക്കാം, എന്താ?"

അങ്ങിനെ ഒന്നിലുള്ള തേൻ മുഴുവൻ രണ്ടുപേരുംകൂടി കഴിച്ചു. അതു കാലിയാവാൻ അധികസമയമൊന്നും വേണ്ടിവന്നില്ല. രണ്ടാമത്തെ തേൻകൂടു് അവർ അട്ടത്തു ഒരു സ്ഥലത്തൊളിപ്പിച്ചുവെച്ചു.

ഗ്രുംബ്ലിറംബ്ലിക്കു് വളരെ ക്ഷമയുണ്ടായിരുന്നു. പക്ഷെ, കുറുക്കൻ സദാപി അട്ടത്തുവെച്ച തേനിനെക്കുറിച്ചു ചിന്തിക്കുകയായിരുന്നു. അതെങ്ങിനെ കട്ടുമെന്നായി അതിൻെറ ആലോചന. അട്ടത്തു കേറിച്ചെല്ലാമെന്നുവെച്ചാൽ ഒരു വിഷമമുണ്ടു്. എന്താനാ അവിടെ കയറിയതെന്നു ഗ്രുംബ്ളിറംബ്ളി ചോദിക്കും. അങ്ങിനെ നൈരാശ്യ

ത്തോടെ കുറുക്കൻ കിടക്കയിൽ കിടന്നു ചുമരിന്നു തൻെറ വാലിട്ട ടിച്ചുകൊണ്ടിരുന്നു; പുറത്തുനിന്നു് ആരോ മുട്ടുമ്പോലെ.

"ആരാ വിളിക്കുന്നേ?" ഗ്രുംബ്ളീറംബ്ളി ചോദിച്ചു.

"അയൽവീട്ടുകാരാ" കുറുക്കൻ പറഞ്ഞു. "എന്നെ വിളിക്കാൻ വന്നതാ. അവക്കു ഒരുണ്ണി പിറന്നിരിക്കുന്നു."

"ശരി, എന്നാ ചെന്നുനോക്കു്. ഞാനിവിടെ കിടക്കാം," കരടി പറഞ്ഞു.

അങ്ങിനെ കുറുക്കൻ പുറത്തിറങ്ങി. പൊത്തിപ്പിടിച്ചു് അട്ടത്തു കയറി വയറുനിറയെ തേൻ കോരിക്കുടിച്ചു. കുറച്ചുകഴിഞ്ഞു കുറുക്കൻ തിരിച്ചുവന്നു ഗ്രുംബ്ളിറംബ്ളി ചോദിച്ചു:

"ഉണ്ണിക്കെന്താ അവർ പേരിട്ടതു്?"

"പകുതിയോളം തീന്നു," കുറുക്കൻ പറഞ്ഞു.

"ഓ എന്തൊരു പന്തിയില്ലാത്ത പേരു്."

"ഉം, എന്താ അതിൽ പന്തിയില്ലായ്മ? നല്ല സുഖമുള്ള പേരു്."

"പോട്ടെ, ഞാനൊന്നും പറഞ്ഞില്ല," കരടി പറഞ്ഞൊഴിഞ്ഞു.

പിറേറന്നും സൂത്രക്കാരിയായ കുറുക്കൻ തൻെറ കിടക്കയിൽ കിടന്നു വാലുകൊണ്ടു് ചുമരിനിട്ടടിക്കാൻ തുടങ്ങി. പുറത്തുനിന്നു ആരോ മുട്ടുമ്പോലെ.

"ആരാ വിളിക്കുന്നതു്?" ഗ്രുംബ്ളിറംബ്ളി ചോദിച്ചു.

"അയൽവീട്ടുകാരാ," കുറുക്കൻ പറഞ്ഞു. "എന്നെ വിളിക്കുകയാ. അവക്കൊരു മകൻ പിറന്നിരിക്കുന്നു."

"ശരി, എന്നാ ചെന്നുനോക്കു്. ഞാനിവിടെ കിടക്കാം."

സൂത്രക്കാരിയായ കുറുക്കൻ പുറത്തേക്കു പോയി. പൊത്തിപ്പിടിച്ചു അട്ടത്തുകയറി ബാക്കിയുണ്ടായിരുന്ന തേനും വാരിവാരി അകത്താക്കി. ഒരു തുള്ളിപോലും തേൻ കുട്ടിൽബാക്കിവെക്കാതെ തികച്ചുംഅടിച്ചുവിട്ടു.

കുറച്ച സമയം കഴിഞ്ഞു് കുറുക്കൻ അകത്തേക്കു കയറിവന്നു. കരടീ ഞെട്ടി ഉണൎന്നു ചോദിച്ചു:

"ഓ, നീ വന്നോ. പെൺകുട്ടിക്കു് അവരെന്തു പേരാ വിളിച്ചേ?"

"കുറഞ്ഞു കുറഞ്ഞു വരുന്നു," കുറുക്കൻ പറഞ്ഞു.

"ഓ, എന്തൊരു പന്തീയില്ലാത്ത പേര്!"

"ഉം, പന്തിയില്ലായ്മ എന്താ അതിലുള്ളതു്? സുഖമായ പേര്."

"ശരി, സമ്മതിച്ചു," കരടി പിന്നെ തൎക്കിക്കാൻ പോയില്ല.

മൂന്നാമത്തെ ദിവസം സൂത്രക്കാരിയായ കുറുക്കൻ തന്റെ വാലിട്ടു വീണ്ടും ചുമരിന്നു തല്ലാൻ തുടങ്ങി. പുറത്തുനിന്നു് ആരോ വിളിക്കുന്നുണ്ടെന്ന മട്ടിൽ.

"ആരോ വിളിക്കുന്നുണ്ടു്," കരടി പറഞ്ഞു

"അയൽവീട്ടുകാരാ", കുറുക്കൻ പറഞ്ഞു: "അവൎക്കു ഒരു ഉണ്ണിക്കൂടി പിറന്നിരിക്കുന്നു. എന്നെ വിളിക്കാൻ വന്നതാ"

"എന്തിന്നാ എപ്പോഴും എപ്പോഴും അവർ നിന്നെ വന്നുവിളിക്കുന്നേ?"

"അവർ എന്റെ ചങ്ങാതിത്തം ഇഷ്ടപ്പെടുന്നതുകൊണ്ടുതന്നെ."

"ശരി, എന്നാ ചെന്നുനോക്കു്", കരടി പറഞ്ഞു.

കുറുക്കൻ അതു കേൾക്കേണ്ട താമസം, പുറത്തേക്കു പോയി പൊത്തിപ്പിടിച്ചു അട്ടത്തു കയറി. കൂട്ടിൽ അവിടവിടെ പററിപ്പിടിച്ചിരുന്ന തേൻ നക്കിത്തുടച്ചു അവസാനം കൂടുതന്നെ മറിച്ചിട്ടു് ഓരോ അറയും നല്ലപോലെ നക്കി വെടിപ്പാക്കി ഇനി ഒന്നുമില്ലെന്നായപ്പോൾ താഴെയിറങ്ങി തന്റെ കിടക്കയിൽതന്നെ വന്നു ചുരുണ്ടുകിടന്നു.

കുറച്ചു കഴിഞ്ഞു ശ്രീമതി കരടി അന്വേഷിച്ചു, "അല്ല, പുതിയ കുഞ്ഞിന്നു് അവരെന്താ പേരിട്ടതു്?"

"ചെറിയൊരു പേര്" സൂത്രക്കാരിയായ കുറുക്കൻ പറഞ്ഞു: "എല്ലാം അവസാനിച്ചു."

“ഇതെന്തൊരു പേരാണപ്പ. ഞാനിതൊന്നും കേട്ടിട്ടില്ല”, കരടി സാശ്ചര്യം പറഞ്ഞു.

“നിനക്കെന്തറിയാം? കുഞ്ഞിന്നവർ ആ പേര് കൊടുത്തിട്ടുണ്ടെങ്കിൽ, അതിന്നർത്ഥം അങ്ങിനെയൊരു പേര് ഉണ്ടായിരിക്കണമെന്നാണ്.”

“എന്തും നടക്കുന്ന കാലമാണല്ലോ”, ഗ്രുംബ്ൾറംബ്ളി പറഞ്ഞു. എന്തോ ആലോചിച്ചതിന്നുശേഷം കരടി സ്വയം പറഞ്ഞു:

“കുറച്ചു തേൻ കുടിച്ചാലെന്താ?”

എഴുന്നേററു അട്ടത്തേക്കു കയറി തേൻകൂടു നോക്കി— അതിന്നകത്തു ഒന്നുമില്ല, ശൂന്യശൂന്യം!

ടിക്സിവിക്സി, നിന്നെ ഞാനിപ്പോൾ കൊന്നതിന്നും” ദേഷ്യം സഹിക്കവയ്യാതെ കരടി വിളിച്ചു പറഞ്ഞു, “നീയാ ഈ തേൻ മുഴുക്കെ കട്ടുകുടിച്ചതു്.”

കരടി താഴെ ഇറങ്ങി കുറുക്കന്റെ പിന്നാലെ പാഞ്ഞു. പക്ഷെ, കുറുക്കന്നു കൂടുതൽ വേഗതയിൽ ഓടാൻ കഴിയുന്നതുകൊണ്ടു്, കരടിക്കു തൊടാൻ കഴിഞ്ഞില്ല. ടിക്സിവിക്സി ഓടി കാട്ടിന്നുള്ളിൽ കയറി. അതിന്നുശേഷം കരടി അവളെ കണ്ടിട്ടില്ല.



## 9 മലമ്പൂച്ച

പണ്ടൊരിക്കൽ ഒരു കിഴവനും കിഴവിയും താമസിച്ചിരുന്നു. അവരുടെ വീട്ടിൽ ഒരു മലമ്പൂച്ച പതിവായി പതുങ്ങി വന്ന് അവരുടെ കോഴിക്കുഞ്ഞുങ്ങളെ പിടിച്ചുകൊണ്ടുപോയിരുന്നു. ആദ്യം കുഞ്ഞുങ്ങളെയെല്ലാം തിന്നു തീർത്തശേഷം ഒരു ദിവസം അച്ചിക്കോഴിയെത്തന്നെ പൂച്ച പിടിച്ചുകൊണ്ടുപോയി.

കിഴവൻ പറഞ്ഞു:

“ഈ മലമ്പൂച്ചയെ അടിച്ചു ശരിപ്പെടുത്തിയേ ഞാൻ ഇനി വീട്ടിലേക്കു മടങ്ങുള്ളു.” ഇതും പറഞ്ഞു വയസ്സൻ ഒരു വലിയ വടിയുമായി പുറപ്പെട്ടു.

വളരെ നേരം കിഴവൻ നടന്നു നടന്നുനടന്നു് ഒരു കമ്പളങ്ങാതോട്ടു് റോഡിൽ കിടക്കുന്നതായി കണ്ടു

“അപ്പച്ചാ എങ്ങോട്ടു പോകുന്നു?” കമ്പളങ്ങാതോട്ടു് അന്വേഷിച്ചു.

“മലമ്പൂച്ചയെ അടിച്ചു ശരിപ്പെടുത്താൻ” കിഴവൻ പറഞ്ഞു.

“ഞാനുംകൂടെ പോരട്ടെ?”

“പോരാമല്ലോ.”

അങ്ങിനെ അവർ രണ്ടുപേരുംകൂടി നടക്കാൻ തുടങ്ങി. കുറേ നടന്നപ്പോൾ വഴിക്കു ഒരു പിടി വിളഞ്ഞിൽ കിടക്കുന്നതു കണ്ടു.

“അപ്പച്ചാ എങ്ങോട്ടു പോകുന്നു?” വിളഞ്ഞിൽ ചോദിച്ചു.

“മലമ്പൂച്ചയെ അടിച്ചു ശരിപ്പെടുത്താൻ,” കിഴവൻ പറഞ്ഞു.

“ഞാനുംകൂടെ പോരട്ടെ?”

“പോരാമല്ലോ.”

അങ്ങിനെ അവർ മൂന്നുപേരുംകൂടി നടക്കാൻ തുടങ്ങി. കുറേ നടന്നപ്പോൾ വഴിയിൽ ഒരു വടി കിടക്കുന്നതു കണ്ടു.

“അപ്പച്ചാ, എങ്ങോട്ടു പോകുന്നു?” വടി ചോദിച്ചു.

“മലമ്പൂച്ചയെ അടിച്ചു ശരിപ്പെടുത്താൻ,” കിഴവൻ പറഞ്ഞു.

“ഞാനുംകൂടെ പോരട്ടെ?”

“പോരാമല്ലോ.”

അങ്ങിനെ അവർ നാലുപേരുംകൂടി നടക്കാൻ തുടങ്ങി. കുറേ നടന്നപ്പോൾ വഴിയിൽ ഒരു ചെമ്മീൻ കിടക്കുന്നതു അവർ കണ്ടു

"അപ്പച്ചാ എങ്ങോട്ടു പോകുന്നു?" ചെമ്മീൻ ചോദിച്ചു.

"മലമ്പൂച്ചയെ അടിച്ചു ശരിപ്പെടുത്താൻ," കിഴവൻ പറഞ്ഞു.

"ഞാനുംകൂടെ പോരട്ടെ?" ചെമ്മീൻ ചോദിച്ചു.

"പോരാമല്ലോ."

അങ്ങിനെ അവർ അഞ്ചുപേരുംകൂടി നടക്കാൻ തുടങ്ങി. കുറേ നടന്നപ്പോൾ ഒരു ചമ്മട്ടി വഴിയിൽ കിടക്കുന്നതു അവർ കണ്ടു.

"അപ്പച്ചാ, എങ്ങോട്ടു പോകുന്നു?" ചമ്മട്ടി ചോദിച്ചു.

"മലമ്പൂച്ചയെ അടിച്ചു ശരിപ്പെടുത്താൻ" കിഴവൻ മറുപടി പറഞ്ഞു.

"ഞാനുംകൂടെ പോരട്ടെ?"

"പോരാമല്ലോ."

അങ്ങിനെ അവർ ആറുപേരുംകൂടി നടക്കാൻ തുടങ്ങി. കുറേ നടന്നപ്പോൾ വഴിയിൽ ഒരു പൂവങ്കോഴി കിടക്കുന്നതു അവർ കണ്ടു.

"അപ്പച്ചാ, എങ്ങോട്ടു പോകുന്നു?" പൂവങ്കോഴി ചോദിച്ചു.

"മലമ്പൂച്ചയെ അടിച്ചു ശരിപ്പെടുത്താൻ," കിഴവൻ പറഞ്ഞു.

"ഞാനുംകൂടെ പോരട്ടെ?"

"പോരാമല്ലോ."

അങ്ങിനെ അവർ ഏഴുപേരുംകൂടി നടക്കാൻ തുടങ്ങി. നടന്നു നടന്നു് അവർ മലമ്പൂച്ചയുടെ കുടിലിലെത്തി. ജനാലക്കിടയിലൂടെ അവർ അകത്തേക്കു എത്തിനോക്കി. പക്ഷേ അതിനകത്തെങ്ങും മലമ്പൂച്ചയെ കാണാൻ കഴിഞ്ഞില്ല. അവരെല്ലാവരും അകത്തു കയറി മൂലയിൽ ഒളിച്ചിരിക്കാൻ തുടങ്ങി. ചമ്മട്ടി കയറി അടുപ്പിൽ കടന്നിരുന്നു. കമ്പളങ്ങാതോടു് വാതിൽപ്പടിക്കു മുമ്പിൽ കിടന്നു. വ്ളഞ്ഞിൽ വാതിൽപ്പൊളിക്കു പിന്നിൽ പതുങ്ങി. വടി എഴുന്നേററു അട്ടത്തു കയറി. ചെമ്മീൻ വെള്ളംനിറക്കുന്ന പാത്രത്തിൽ ചെന്നിരുന്നു.

പൂവങ്കോഴി പാറന്നു. അട്ടപ്പിന്നുമേൽ കെട്ടിയ പരമ്പിൽ കയറി. കിഴവൻ അട്ടപ്പിൻതിണ്ണയിൽ സ്ഥലം പിടിച്ചു.

കുറേ കഴിഞ്ഞു കാട്ടുപൂച്ച അകത്തേക്കു കയറി വന്നു. ചൂട്ടുപൊള്ളുന്ന അട്ടപ്പിന്നകത്തുനിന്നു ചമ്മട്ടി ഇങ്ങിനെ പാട്ടുപാടി:

മലമ്പൂച്ചെ, മലമ്പൂച്ചെ
കഥപറയാം കേട്ടോളൂ
നിനക്കുണ്ടേ വീരന്മാർ
വഴിതാണ്ടി വരുന്നവർ
അവർ നിൻെറ പിടലിക്കു
പടപടെ പിടക്കുമേ!
ഇനി നിൻെറ കുരുത്തക്കേ-
ടവരോടു നടക്കില്ല.
എവിടെ നീ പിടിച്ചതാം
പിടക്കോഴീം കുട്ട്യോളും
അവയെ നീ വിട്ടേക്കു
സമയല്ല, പത്തെണ്ണും
കളിയല്ലേ, വിട്ടേക്കു."

"എന്തു്, എന്താണു്?" മലമ്പൂച്ച അന്വേഷിച്ചു

പക്ഷെ, ചമ്മട്ടി തുടർന്നു പാടിക്കൊണ്ടേ ഇരുന്നു. അട്ടപ്പിന്നകം ചൂടുകൊണ്ടു തപിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടു അട്ടപ്പിൽനിന്നു ക്രമേണ ക്രമേണ പാട്ടു കേൾക്കാതായി. "പ്ഫ്ഫ്" എന്ന ഒരു ചീററൽ മാത്രം പുറത്തു വന്നു.

മലമ്പൂച്ച വല്ലാതെ പേടിച്ചുപോയി. വെള്ളത്തൊട്ടിയിലേക്കു തുള്ളി. അവിടെവെച്ചു ചെമ്മീൻ അതിൻെറ കാലിൽ തൻെറ

കൈകൊണ്ട ചവണപോലെ ഇറുക്കി. മലമ്പൂച്ച അവിടെനിന്നു അടുപ്പിന്മേലെ കെട്ടിയ പരമ്പിലേക്കു ചാടി. അവിടെവെച്ചു കോഴി അതിന്റെ തലക്കുകൊത്തി. രക്ഷയില്ലാതെ പൂച്ച, വാതിൽപ്പടിയിലേക്കു പാഞ്ഞു. പക്ഷെ കുമ്പളങ്ങാതോട്ടു് വഴുതി പടോ എന്നു അതു വീണു. അവിടെ കിടന്നുരുണ്ടപ്പോൾ വിളഞ്ഞിൽ പററി ആകെ ഒട്ടിപ്പിടിക്കാൻ തുടങ്ങി. അപ്പോൾ അടുത്തുനിന്നു വടി താഴെ തുള്ളി പൂച്ചയുടെ പിടലിക്കു പിടിക്കാൻ തുടങ്ങി.—ബ്ളോം. ബ്ളോം.

കിഴവൻ തന്റെ പിടക്കോഴിയേയും കുഞ്ഞുങ്ങളേയും പിടിച്ചു് വീട്ടിലേക്കു പോന്നു.



## 10. കോലാടും ചെമ്മരിയാടും

പണ്ടുപണ്ടൊരിക്കൽ അങ്ങൊരു ഗ്രാമത്തിൽ ഒരു കിഴവനും കിഴവിയും താമസിച്ചിരുന്നു. അവക്കു ഒരു കോലാടും ഒരു ചെമ്മരിയാടും ഉണ്ടായിരുന്നു. കോലാടും ചെമ്മരിയാടും വലിയ സ്നേഹിതന്മാരായിരുന്നു. കോലാട് എവിടെയൊക്കെ പോകുന്നുവോ അവിടെയെല്ലാം പിന്നാലെതന്നെ ചെമ്മരിയാടും എത്തുമെന്നതു തീർച്ചയായിരുന്നു. കുറച്ചു കേബേജിനുവേണ്ടി കോലാട് പച്ചക്കറിത്തോട്ടത്തിൽ

പോകമായിരുന്നു. അതുതന്നെ ചെമ്മരിയാടും ചെയ്തു. കോലാടു പഴത്തോട്ടത്തിൽ പോകമായിരുന്നു. പിന്നാലെതന്നെയുണ്ടാവും ചെമ്മരിയാടും.

"കിഴവത്തി", കിഴവൻ ഒരു ദിവസം വിളിച്ചു പറഞ്ഞു: "നമുക്കീ കോലാടിനേയും ചെമ്മരിയാടിനേയും അടിച്ചുപായിക്കാം. രക്ഷയില്ല. മറെറങ്ങിനെ പച്ചക്കറിത്തോട്ടത്തിലും പഴത്തോട്ടത്തിലും അവയെ കടത്താതിരിക്കാൻ കഴിയും. പോ, പോ, ഇനി എന്റെ കൺമുമ്പിൽ നിങ്ങളെ രണ്ടെണ്ണത്തിനേയും കണ്ടുപോകരുതു്."

അങ്ങിനെ കോലാടും ചെമ്മരിയാടും ഒരു ചാക്കുമായി വീടുവിട്ടിറങ്ങിപ്പോയി. അവർ ബഹുദൂരം നടന്നു. നടന്നു നടന്നു് അവ ഒരു വയലിന്റെ ഒത്ത നടുവിൽ ഒരു ചെന്നായയുടെ തല കിടക്കുന്നതു കണ്ടു. ചെമ്മരിയാട്ടു് നല്ല കരുത്തനായിരുന്നു. പക്ഷെ ധൈര്യം നന്നേ കുറയും. കോലാടിന്നു ധൈര്യം വളരെ കൂടും. പക്ഷെ, ശക്തിയില്ല.

കോലാടു പറഞ്ഞു:

"ചെമ്മരിയാടെ, ആ ചെന്നായയുടെ തലയെടുത്തോളൂ. നീ നല്ല കരുത്തനാണല്ലോ"

"ഹോ, വേണ്ട, കോലാടെ, നീ എടുത്താൽ മതി നീ വളരെ ധീരനാണല്ലോ"

രണ്ടുപേരും ചേർന്നു ചെന്നായയുടെ തലയെടുത്തു ചാക്കിലിട്ടു് നടക്കാൻ തുടങ്ങി. കുറേ ദൂരം പോയപ്പോൾ തങ്ങളുടെ മുമ്പിലായി ഒരു വെളിച്ചം കണ്ടു.

"അതൊരു വീടായിരിക്കണം." അവർ പറഞ്ഞു. "നമുക്കങ്ങോട്ടു പോകാം. രാത്രി അവിടെ കഴിച്ചുകൂട്ടാം. അങ്ങിനെയാണെങ്കിൽ നമ്മെ ചെന്നായ പിടിക്കില്ലല്ലോ"

അവർ വെളിച്ചം കണ്ട ദിക്കിലേക്കു പോയി. പക്ഷെ അതാ കുറേ ചെന്നായ്ക്കൾ വളഞ്ഞിരുന്നു സൂപ്പുണ്ടാക്കുകയാണു്. അതിന്റെ വെളിച്ചമാണവർ കണ്ടതു്!

“ഏയ് ചങ്ങാതിമാരേ,” കോലാടും ചെമ്മരിയാടും ഒപ്പം വിളിച്ചു പറഞ്ഞു.

“ഹല്ലോ,” ചെന്നായ്ക്കൾ പ്രത്യുപചാരം ചെയ്തുകൊണ്ടു പറഞ്ഞു, “നിങ്ങൾ വന്നതു നന്നായി. ഞങ്ങളുടെ സൂപ്പ് വെന്തു പാകമാവുന്നതുവരെ നിങ്ങളെ പിടിച്ചു തിന്നാമല്ലോ.”

ഇതു കേട്ടപ്പോൾ കോലാടിനു ഭയം കയറി ചെമ്മരിയാട് പേടിച്ചു മരവിച്ചുപോയി.

കോലാട് പറഞ്ഞു: “ചെമ്മരിയാടെ, ചാക്കഴിച്ചു ചെന്നായയുടെ തല പുറത്തെടുക്കു”

കോലാട് പറഞ്ഞതുപോലെ ചെന്നായ ചെയ്തു കോലാട് പറഞ്ഞു:

“ആ തല്ലയല്ല. വലിയ തല.”

ചെമ്മരിയാട് അതേ തലതന്നെ പുറത്തെടുക്കാൻ നോക്കി കോലാട് വീണ്ടും പറഞ്ഞു:

“ആ തലയല്ല. ഏററവും വലിയ തല. ഇതു കേട്ടപ്പോൾ ചെന്നായ്ക്കൾ ഭയപ്പെട്ടുപോയെന്നു പറയണ്ടേതില്ലല്ലോ. എങ്ങിനെയാണ് അവിടെനിന്നു രക്ഷപ്പെടേണ്ടതെന്നായി പിന്നെ അവരുടെ ചിന്ത. കാരണം, അതാ, അവരുടെ കൺമുമ്പിൽനിന്നു ഒരു ചെമ്മരിയാട് ഒന്നിനുപുറകെ മറെറാന്നായി ചെന്നായകളുടെ തല ചാക്കിൽനിന്നു പുറത്തെടുക്കുന്നു! എങ്ങിനെ അവിടെ നില്ക്കും?

ഒരു ചെന്നായ പറഞ്ഞു:

“സഹോദരന്മാരെ, ഞങ്ങൾ ഇവിടെ കത്തിയിരുന്നു സൂപ്പു വേവിക്കുന്നവരുണ്ടല്ലോ, നല്ലവരാ. സൂപ്പ് പാകമായി വരുന്നുണ്ട്. ഇനി വേണ്ടതു കുറച്ചു വെള്ളമാ. ഞാൻ പോയി കുറച്ചു കൊണ്ടുവരാം. എന്താ?”

അതും പറഞ്ഞു, ചെന്നായ അല്പം നടന്നു. തന്നെ കോലാടും ചെമ്മരിയാടും കാണില്ലെന്നായപ്പോൾ അവിടെനിന്നു പറഞ്ഞു,

"നശിച്ചുപോട്ടെ, ജന്തുക്കൾ വന്നിരിക്കുന്നു." പിന്നെ ചെന്നായ ഓടാൻ തുടങ്ങി.

രണ്ടാമത്തെ ചെന്നായ തനിയ്ക്കെങ്ങിനെ അവിടെനിന്നു രക്ഷപ്പെടാമെന്ന കാര്യം പുകഞ്ഞാലോചിക്കുകയായിരുന്നു.

"ആ, അസത്തു് പോയിട്ടു് നേരമെത്രയായി. കണ്ടില്ലേ," രണ്ടാമത്തെ ചെന്നായ പറഞ്ഞു. "അവൻ ഭൂമിക്കടിയിൽ താണുപോയെന്നാ തോന്നുന്നതു്! സൂപ്പിന്നുള്ള വെള്ളം അവൻ കൊണ്ടുവരുമെന്നു് തോന്നുന്നില്ല. ഞാൻ പോയി നോക്കട്ടെ. അസത്തിൻെറ ചെവിക്കുപിടിച്ചു കൊണ്ടുവന്നുകളയാം."

ഇതുംപറഞ്ഞു രണ്ടാമത്തെ ചെന്നായയും സ്ഥലംവിട്ടു. പിന്നെ, അതു മടങ്ങിവരികയുണ്ടായില്ല.

മൂന്നാമത്തെ ചെന്നായ അവിടെയിരുന്നു രക്ഷപ്പെടാനുള്ള മാർഗ്ഗം ആലോചിക്കുകയായിരുന്നു. അല്പസമയം കഴിഞ്ഞു് അതു തന്നത്താൻ പിറുപിറുത്തു:

"രണ്ടസത്തുക്കളും പോയിട്ടു് എത്രനേരമായി. രണ്ടിനേയും തൂക്കിപ്പിടിച്ചു കൊണ്ടുവന്നുകളയാം." ഇതുംപറഞ്ഞു മൂന്നാമത്തെ ചെന്നായയും സ്ഥലം വിട്ടു. കുറച്ചുദൂരം നടന്നപ്പോൾ, വാലുംപൊക്കി ഓട്ടം പിടിച്ചു. കഷ്ടിച്ചു രക്ഷപ്പെടാൻ കഴിഞ്ഞതിൽ അതു സ്വയം സമാധാനിച്ചു.

കോലാടു് ചെമ്മരിയാടോടു് പറഞ്ഞു:

"ചെമ്മരിയാടെ, വേഗം വേഗം സമയമില്ല. നമുക്കു് സൂപ്പും ശാപ്പിട്ടു് ഉടൻ സ്ഥലം വിടണം. ജീവൻ വേണമെങ്കിൽ."

അതിനിടയിൽ ആദ്യത്തെ ചെന്നായ തലപുകഞ്ഞാലോചിച്ചാലോചിച്ചു് അവസാനം പറഞ്ഞു:

"അല്ലാ, സഹോദരന്മാരെ, ആ കോലാടിനേയും ചെമ്മരിയാടിനേയും നാമെന്തിനേ ഭയപ്പെട്ടതു ? നമുക്കു മടങ്ങിപ്പോയി അവരെ പിടിച്ചു ശാപ്പിടണം. അസത്തുകൾ!"

ചെന്നായ്ക്കൾ തിരിച്ചുപോയി. ഈ സമയംകൊണ്ട് കോലാടും ചെമ്മരിയാടും അവരുടെ സൂപ്പുമുഴുവൻ കോരിക്കുടിച്ച്, അടുപ്പിലെ തീയും കെടുത്തി, ഒരു നീണ്ട കാററാടിമരത്തിന്റെ തുഞ്ചത്തു കയറിക്കൂടിയിരുന്നു. അവിടെ അവർ ഇരുന്നു. ചെന്നായ്ക്കൾ അവരെ കണ്ടതേയില്ല അവർ മരത്തിന്റെ ചോട്ടിൽ വട്ടമിട്ടുനിന്നു എങ്ങിനെയാണ് കോലാടിനേയും ചെമ്മരിയാടിനെയും പിന്തുടന്നു പിടിക്കാൻ കഴിയുകയെന്നു ആലോചിച്ചു. അങ്ങിനെ ആലോചിക്കുന്നതിന്നിടയിൽ അവർ മേലോട്ടു നോക്കിയപ്പോഴുണ്ട് അവിടെ കോലാടും ചെമ്മരിയാടും ഇരിക്കുന്നു. രണ്ടുപേരിലുംവെച്ചു ധീരനായ കോലാടു് കൂടുതൽ ഉയരത്തിലുള്ള ഒരു കൊമ്പിൽ കയറിയിരിക്കുന്നു. ധീരത കുറഞ്ഞ ചെമ്മരിയാടാകട്ടെ അല്പം താഴത്തെ കവച്ചത്തിലും ഇരിക്കുന്നു.

"ശരി" കൂട്ടത്തിൽ കിഴവനായ ഒരു ചെന്നായയോട് മററുള്ളവർ പറഞ്ഞു. "നിങ്ങളാണല്ലോ ഞങ്ങളുടെ കൂട്ടത്തിൽ മൂപ്പുചെന്ന ആൾ. അവരെ താഴെ കൊണ്ടുവരാൻ എന്തുചെയ്യണമെന്നു പറഞ്ഞുതരണം."

കിഴവനായ ചെന്നായ മരച്ചോട്ടിൽ കിടന്നു കുറേനേരം ആലോചിച്ചു. എന്തുചെയ്യണമെന്നറിയാതെ അതു അന്തുതപ്പെട്ടു.

ചെമ്മരിയാടിനെ സംബന്ധിച്ചാണെങ്കിൽ അതു കിടുകിടാ വിറക്കുകയായിരുന്നു. അങ്ങിനെ വിറച്ചു വിറച്ച് അതിന്റെ പിടിവിട്ടുപോയി. ഠപടപടാന്നു താഴേക്കുരുണ്ടു കിഴവൻചെന്നായയുടെമേൽ ചെന്നുവീണു.

മേലെനിന്നു കോലാട് അതു കണ്ടപ്പോൾ "ആ കിഴവൻ ചെന്നായയെ പിടി" എന്നും പറഞ്ഞു താഴേക്കു തുള്ളി ചെന്നായ്ക്കളുടെ ഇടയിൽ വീണു.

ചെന്നായ്ക്കൾ ആകെ പരിഭ്രമിച്ചു വിരണ്ടുപോയി. അവർ പ്രാണനുംകൊണ്ടു് വാലുംപൊക്കി ഓടാൻ തുടങ്ങി. ഓട്ടത്തിന്റെ വേഗതകൊണ്ട് അവർ പിന്നിട്ട വഴിനീളെ പൊടിപടലം ഉയന്നിരുന്നു

കോലാടും ചെമ്മരിയാടുംകൂടി ഒരു കൊച്ചുകുടിൽ കെട്ടി ആരോഗ്യത്തോടും സന്തോഷത്തോടുംകൂടി അവിടെ പാക്കാൻ തുടങ്ങി. ഓരോ വഷം കഴിയുംന്തോറും അവർ കൂടുതൽ കൂടുതൽ സമ്പന്നരായി.



## 11. വാലുപോയ കുറുക്കൻ

ഒരു ദിവസം സ്മൈലിവൈലിയെന്ന കുറുക്കൻ ഒരു കോഴിക്കുഞ്ഞിനേയും കട്ടു നിരത്തിലൂടെ ഓടാൻ തുടങ്ങി. ഓടി ഓടി അന്തിവന്നു തലയിൽ കയറിയതു് അതറിഞ്ഞില്ല. കൂരിരുട്ടായി.

നേരെ മുമ്പിലായി സ്മൈലീവൈലി ഒരു കുടിലുകണ്ടു. നേരിട്ടു് കുടിലിനകത്തുകയറി അവിടെ താമസിക്കുന്നവരുടെ മുമ്പിൽ വളരെ വിനീതനായി താണുതൊഴുതുകൊണ്ടു് കുറുക്കൻ പറഞ്ഞു:

“നമസ്കാരം, നല്ലവരേ, നമസ്കാരം.”

“നമസ്കാരം സൈസ്സലിവൈലി.”

“ഇന്നുരാത്രി ഞാൻ ഈ കുടിലിൽ കിടന്നുപൊറുത്തോട്ടെ.”

“പക്ഷെ, സൈസ്സലിവൈലി, ഞങ്ങൾക്കുതന്നെ കിടക്കാൻ വേണ്ടത്ര ഇടമില്ല. പിന്നെ ഞങ്ങൾ നിന്നെ എവിടെ കിടത്തും?”

“ഓ, സ്ഥലത്തിന്റെ കാര്യം സാരമില്ല. ആ ബഞ്ചിന്റെ കീഴിൽ ഞാൻ ചുരുണ്ടുകൊള്ളാം. രോമംനിറഞ്ഞ വാലുകൊണ്ട് തലയണയുമാക്കാം. അങ്ങിനെ രാത്രി കഴിച്ചുകൂട്ടാനാണ് ഞാൻ വിചാരിക്കുന്നത്.”

“ശരി, ശരി, ഇവിടെ കിടന്നോളൂ.”

“ഞാനെന്റെ കോഴിക്കുഞ്ഞിനെ എവിടെയാ സൂക്ഷിക്കുക.”

“ആ അടുപ്പിന്നിടയിൽ വെച്ചോളൂ”

പറഞ്ഞതുപോലെ സൈസ്സലിവൈലി ചെയ്തു. എല്ലാവരും ഉറങ്ങിയപ്പോൾ പാതിരാത്രി കുറുക്കൻ ശബ്ദമുണ്ടാക്കാതെ എഴുന്നേറ്റു കോഴിക്കുഞ്ഞിനേയും പിടിച്ചുതിന്നു തൂവലുകളെല്ലാം അടിച്ചുവാരി ദൂരെ ഒരു മൂലയിൽ ഒതുക്കി ഒളിപ്പിച്ചു. രാവിലെ, നന്നനേരത്തെ, കുറുക്കൻ എഴുന്നേറ്റു നല്ലതുപോലെ കാലും മുഖവും കഴുകി, വീട്ടുകാരോട് നമസ്കാരംപറഞ്ഞു ചോദിച്ചു:

“അല്ല, എന്റെ കോഴിക്കുഞ്ഞെവിടെ?”

“അടുപ്പിന്നിടയലുണ്ടല്ലോ”

“ഞാൻ നോക്കി, പക്ഷെ, അവിടെ കണ്ടില്ല” അതുംപറഞ്ഞു കത്തിയിരുന്നു സൈസ്സലിവൈലി കടുകടെ കരയാൻ തുടങ്ങി.

“ഈ ലോകത്തിൽ എനിക്കാകെ ഉണ്ടായിരുന്നതു് ഒരു കോഴിക്കുഞ്ഞുമാത്രമാണ്. അതും ആരോ കട്ടുകൊണ്ടുപോയിരിക്കുന്നു. എനിക്കു ഒരു താറാവിനെ പകരം കിട്ടണം.”

മറെറന്തുകൊണ്ടും സൈസ്മലിവൈലി തൃപ്തിപ്പെട്ടമായിരുന്നില്ല. താറാവിനെ കൊട്ടത്തേ പററ. കുറുക്കൻ താറാവിനെ പിടിച്ചു തൻെറ സഞ്ചിയിലാക്കി അവിടെനിന്നു് ഇറങ്ങി തിരിച്ചു.

റോഡിലിറങ്ങിയപ്പോഠം സൈസ്മലിവൈലി തിരിഞ്ഞുനോക്കാതെ ഓട്ടം പിടിച്ചു. ഓടി ഓടി പകൽ ഇരുട്ടിയതറിഞ്ഞില്ല. കൂരിരുട്ടായി. നേരെ മുന്നിൽ കുറുക്കൻ ഒരു കുടിലുകണ്ടു. നേരിട്ടങ്ങോട്ടു കയറി അക ത്തിരിക്കുന്നവരെ താണു തൊഴുതു പറഞ്ഞു:

"നമസ്കാരം, നല്ലവരെ, നമസ്കാരം."

"നമസ്കാരം, സൈസ്മലിവൈലി"

"ഇന്നു രാത്രി ഞാനിവിടെ കിടന്നു പൊറുത്തോട്ടെ?"

"ഞങ്ങളുടെ കുടിലു് വളരെ ചെറുതാണല്ലോ. കണ്ടില്ലേ, നിന്നെ എവിടേയാണു് ഞങ്ങഠം കിടത്തുക?"

"സാരമില്ല. ആ ബെഞ്ചിൻെറ ചോട്ടിൽ ഞാൻ കിടന്നുചുരുണ്ടു കൊള്ളാം. രോമം നിറഞ്ഞ എൻെറ വാലു് തലയണയുമാക്കാം. അങ്ങിനെ, രാത്രി കഴിച്ചുകൂട്ടാനാണു് ഞാൻ കരുതുന്നതു്."

"എന്നാൽ വിരോധമില്ല. ഇവിടെ താമസിക്കാം."

"ഞാനെവിടെയാണു് എൻെറ താറാവിനെ വെക്കുക?"

"വാത്തിൻകൂടയിൽ സൂക്ഷിക്കാമല്ലോ."

പറഞ്ഞതുപോലെ സൈസ്മലിവൈലി ചെയ്തു. എല്ലാവരും ഉറ ങ്ങിയപ്പോഠം, പാതിരാത്രി, ശബ്ദമൊന്നുമുണ്ടാക്കാതെ കുറുക്കൻ എഴു നേററ താറാവിനെ പിടിച്ചുതിന്നു. തൂവലുകളെല്ലാം അടിച്ചുവാരി ഒരു മൂലയിൽ ഒതുക്കിക്കൂട്ടി. പിറേറന്നു രാവിലെ, നന്നേ നേരത്തെ, സൈസ്മലിവൈലി എഴുന്നേററ, നല്ലപോലെ കാലും മുഖവും കഴുകി, വീട്ടുകാരോടു് നമസ്കാരം പറഞ്ഞു ചോദിച്ചു:

"എൻെറ താറാവു് എവിടെ?"

അവർ വാത്തിൻകൂടയിൽ നോക്കി. പക്ഷെ, താറാവിനെ അവിടെ കാണാനില്ല. ഗൃഹനായകൻ പറഞ്ഞു:

"ഒരു പക്ഷെ, വാത്തുകളുടെകൂടെ അതിനെ തുറന്നുവിട്ടിരിക്കുമോ?"

സൈമലിവൈലി പൊട്ടിക്കരയാൻ തുടങ്ങി

"എനിക്കു് ഈ ലോകത്തിൽ ആകെയുണ്ടായിരുന്നതു് ആ താറാവു മാത്രമായിരുന്നു. അതും നഷ്ടപ്പെട്ടു. പകരം എനിക്കു് ഒരു വാത്തിനെ കിട്ടണം."

മറെറാന്നുകൊണ്ടും സൈമലിവൈലി തൃപ്തിപ്പെടുമായിരുന്നില്ല. ഒരു വാത്തിനെ കൊടുത്തേ പററൂ.

സൈമലിവൈലി ഒരു വാത്തിനേയും പിടിച്ചു തൻെറ ചാക്കിലാക്കി അവിടെനിന്നു ഇറങ്ങിത്തിരിച്ചു. റോഡിലെത്തിയപ്പോൾ തിരിഞ്ഞുനോക്കാതെ ഓടാൻ തുടങ്ങി.

ഓടി ഓടി സന്ധ്യവന്നണഞ്ഞതറിഞ്ഞില്ല. കൂരിരുട്ടായി. കുറുക്കൻ നേരെമുന്നിൽ ഒരു കുടിലുകണ്ടു. നേരിട്ടു് അതിന്നകത്തു കയറി താണുതൊഴുതു കുറുക്കൻ പറഞ്ഞു:

"നമസ്കാരം, നല്ലവരേ, നമസ്കാരം. ഞാനിന്നു രാത്രി ഇവിടെ കിടന്നു പൊറുത്തുകൊള്ളട്ടെ."

"ഞങ്ങളെങ്ങിനെ അതിനനുവദിക്കും സൈമലിവൈലി. ഇവിടെയുള്ളവക്കുതന്നെ സ്ഥലമില്ല."

"ഓ അതു സാരമില്ല. ആ ബെഞ്ചില്ലേ, അതിൻെറ ചുവട്ടിൽ ഞാൻ കിടന്നു ചുരുണ്ടുകൊള്ളാം. രോമം നിറഞ്ഞ എൻെറ വാലു് തലയണയാക്കാം. അങ്ങിനെ രാത്രി കഴിച്ചുകൂട്ടാനാണു് ഞാൻ വിചാരിക്കുന്നതു്."

"അങ്ങിനെയാണെങ്കിൽ ഇവിടെ കിടന്നോളൂ."

"എവിടെയാ ഞാനെൻെറ വാത്തിനെ വെക്കുക?"

"ആട്ടിൻ കൂടുണ്ടല്ലോ കുഞ്ഞാടുകളുടെ കൂടെ താമസിപ്പിക്കാം."

പറഞ്ഞതുപോലെ സൈമ്മലിവൈലി ചെയ്തു. എല്ലാവരും ഉറങ്ങിയപ്പോൾ, പാതിരാത്രി, ആരുമാരുമറിയാതെ കുറുക്കൻ എഴുന്നേററു പോയി വാത്തിനെ പിടിച്ചുതിന്നു. തൂവലുകളെല്ലാം പെറുക്കിക്കൂട്ടി ഒരു മൂലയിൽ ഒതുക്കിവെച്ചു. പിറേറന്നുരാവിലെ നന്നനേരത്തെ, സൈമ്മലിവൈലി എഴുന്നേററു് കാലും മുഖവുമെല്ലാം നല്ലപോലെ കഴുകി വീട്ടുകാരോടു് നമസ്കാരം പറഞ്ഞു പോകാൻ പുറപ്പെട്ടുകൊണ്ടു ചോദിച്ചു:

"എൻെറ വാത്തെവിടെ?"

അവർ ചെന്നു് ആട്ടിൻകൂട്ടനോക്കി. പക്ഷെ, വാത്തു് അവിടെയെങ്ങുമില്ല.

"ഇങ്ങിനെയൊരു കഷ്ടം എനിക്കു് ഒരിക്കലും ഉണ്ടായിട്ടില്ല. ഞാൻ പലേടത്തും രാത്രികാലം കഴിച്ചുകൂട്ടിയിട്ടുണ്ടു്. യാതൊന്നും നഷ്ടപ്പെടുകയുണ്ടായിട്ടില്ല ഇതേവരെ," സൈമ്മലിവൈലി പറഞ്ഞു.

ഗൃഹനായകൻ സംശയം പ്രകടിപ്പിച്ചു:

"ഒരുപക്ഷെ, കുഞ്ഞാടുകൾ നിൻെറ വാത്തിനെ അറിയാതെ ചവിട്ടി കൊന്നിരിക്കുമോ?"

"അതൊന്നും എനിക്കറിയേണ്ട," കുറുക്കൻ പറഞ്ഞു:

"എനിക്കു ഒരു കുഞ്ഞാടിനെ പകരം കിട്ടണം."

മറെറാന്നുകൊണ്ടും സൈമ്മലിവൈലി തൃപ്തിപ്പെട്ടമായിരുന്നില്ല. ഒരു കുഞ്ഞാടിനെ കൊടുക്കാതെ പററു. കുറുക്കൻ ഒരാട്ടിൻ കുഞ്ഞിനേയും പിടിച്ചു് തൻെറ ചാക്കിലിട്ടു് അവിടെനിന്നു ഇറങ്ങിത്തിരിച്ചു.

റോഡിലെത്തിയപ്പോൾ തിരിഞ്ഞുനോക്കാതെ കുറുക്കൻ ഓടാൻ തുടങ്ങി. ഓടി ഓടി സന്ധ്യ വന്നണഞ്ഞതറിഞ്ഞില്ല. കൂരിരുട്ടായി. നേരെ മുന്നിൽ ഒരു കുടിലുകണ്ടു. നേരിട്ടു് അകത്തുകയറി അവിടെയുള്ളവരെ താണുതൊഴുതപേക്ഷിച്ചു:

"നല്ലവരെ, ഇന്നൊന്നു ഇവിടെ കിടക്കാൻ അനുവദിക്കണം."

"അയ്യോ സൈമലിവൈലി, അതുവയ്യ. ഞങ്ങൾക്കു ഒരു ഇടവു മില്ല. നിന്നെ എങ്ങിനെ കിടത്തും?"

"ഓ സാരമില്ല. ആ ബെഞ്ചിൻെറ അടിയിൽ ഞാൻ കിടന്നു ചുരുണ്ടുകൊള്ളാം. നിറഞ്ഞ രോമമുള്ള എൻെറ വാലുണ്ടല്ലോ തലയ ണയ്ക്ക്. അങ്ങിനെ രാത്രി കഴിച്ചുകൂട്ടാനാണ് ഞാൻ വിചാരിക്കുന്നത്."

"അങ്ങിനെയാണെങ്കിൽ താമസിച്ചോളൂ."

"ഞാനെൻെറ ആട്ടിൻകുഞ്ഞിനെ എവിടെ പാർപ്പിക്കും?"

"അതിനെ മുററത്താക്കിയാൽ മതി."

പറഞ്ഞതുപോലെ സൈമലിവൈലി ചെയ്തു. എല്ലാവരും ഉറ ങ്ങിയപ്പോൾ, പാതിരാത്രി, ആരുമാരുമറിയാതെ കുറുക്കൻ എഴുന്നേററ ആട്ടിൻകുഞ്ഞിനെ പിടിച്ചുതിന്നു. പിറേറന്നു രാവിലെ നന്നെ നേരത്തെ, സൈമലിവൈലി എഴുന്നേററ കാലും മുഖവുമെല്ലാം നല്ല പോലെ കഴുകി പോകാൻപുറപ്പെട്ടുകൊണ്ടു് വീട്ടുകാരോടു നമസ്കാരം പറഞ്ഞു് ചോദിച്ചു:

"എൻെറ കുഞ്ഞാട്ട് എവിടെ?"

അതും പറഞ്ഞു അവിടെയിരുന്നു കരയാൻ തുടങ്ങി.

"ഇങ്ങിനെയൊരു കഷ്ടം എൻെറ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഞാൻ പലേടത്തും രാത്രി കഴിച്ചുകൂട്ടിയിട്ടുണ്ട്."

ഗൃഹനായകൻ സംശയം പ്രകടിപ്പിച്ചു:

"ഒരു പക്ഷെ എൻെറ മകൻെറ ഭാര്യ, കാളകളെ തെളിച്ചിറക്കു മ്പോൾ കൂട്ടത്തിൽ കുഞ്ഞാടും പെട്ടിരിക്കുമോ?"

അതെന്തായാലും വേണ്ടില്ല, എനിക്കു നിങ്ങളുടെ മകൻെറ ഭാര്യയെ പകരം കിട്ടണം."

കിഴവൻ കരഞ്ഞു, കിഴവൻെറ സഹധർമ്മിണി കരഞ്ഞു. അവരുടെ മകൻ കരഞ്ഞു. മകൻെറ കുട്ടികൾ കരഞ്ഞു. പക്ഷെ, സൈമലി

വൈലി കരീഞ്ഞിന്നു വിട്ടുകൊടുക്കാൻ ഭാവമില്ല. മകന്റെ ഭാര്യയേയും പിടിച്ചു ചാക്കിൽകെട്ടി. ചാക്ക് ഇറയത്തുവെച്ചു കുറുക്കൻ ഒന്നു അല്പനേരം പുറത്തുപോയി എന്തോ ആലോചിച്ചുകൊണ്ടുനിന്നു. അതിന്നിടയിൽ കിഴവന്റെ മകൻ തന്റെ ഭാര്യയെ ചാക്കിൽനിന്ന് അഴിച്ചുവിട്ടു പകരം ഒരു നായയെ ഉള്ളിലാക്കി കെട്ടി.

സ്റ്റൈലിവൈലി തിരിച്ചുവന്നു ചാക്കുമെടുത്തു ചുമന്നു യാത്രയായി. വളരെ ദൂരം ചെന്നതിന്നുശേഷം കുറുക്കൻ ആലോചിച്ചു.

"കോഴിക്കുഞ്ഞിനുപകരം ഒരു താറാവ്. താറാവിന്നുപകരം ഒരു വാത്ത്. വാത്തിനുപകരം ഒരു ആട്ടിൻകുഞ്ഞ്. ആട്ടിൻകുഞ്ഞിനു പകരം ഒരു ചെറുപ്പക്കാരിയായ ഭാര്യയും."

സന്തോഷംകൊണ്ട് അതു ചാക്കൊന്നു കലുക്കി. അകത്തിരുന്ന നായ മുട്ടുണ്ടു:

"ഘർർ, ഘർർർ"

സ്റ്റൈലിവൈലി ആത്മഗതംചെയ്തു:

"കിഴവന്റെ മകന്റെ ഭാര്യ വല്ലാതെ പേടിച്ചിരിക്കയാണെന്നു തോന്നുന്നു. കണ്ടില്ലേ, അവൾ ഓരിയിടുന്നു. ചാക്കു തുറന്ന് ഒന്നവളെ നോക്കണമെന്നു തോന്നുന്നു."

ചാക്കിന്റെ കെട്ടഴിച്ചുനോക്കിയപ്പോൾ അതാ ഒരു നായ "ബൗ, ബൗ" എന്നു പറഞ്ഞു കുറുക്കന്റെ നേക്കു കുരച്ചുചാടുന്നു.

സ്റ്റൈലിവൈലി വാലുംപൊക്കി ഓടാൻ തുടങ്ങി. നായ വിട്ടില്ല. പിന്നാലെതന്നെ നായയും ഓടി. കുറുക്കൻ ഓടി ഓടി ഒരു കാട്ടിന്റെ ഉള്ളിലോട്ടു കയറി. വിടാതെ നായയുമുണ്ട്. അവസാനം സ്റ്റൈലിവൈലി തന്റെ മാളത്തിലേക്കു പാഞ്ഞു രക്ഷപ്പെട്ടു. കുറുക്കൻ മാളത്തിന്നകത്തും നായ പുറത്തുമായി അങ്ങിനെ ഇരിപ്പായി.

സ്റ്റൈലിവൈലി പറഞ്ഞു:

"കൊച്ചു ചെവികളേ നിങ്ങളിത്ര
പച്ചപ്പാവങ്ങളായ് തീർന്നുവല്ലോ

എന്തിനേ പേടിച്ചു പാഞ്ഞു നിങ്ങൾ
സുന്ദരമാകുമീ നല്ലനാളിൽ
നിസ്സാരനാകു മീ നായമൂലം
ഇത്രമേൽ ചാപല്യം കാട്ടിയാലോ
എന്തിനേ പേടിച്ചു പാഞ്ഞു നിങ്ങൾ
എന്നോടു കാരണം ചൊല്ലിയാലും"

കൊച്ചു ചെവികൾ മറുപടി നൽകി:

"നായയെ പേടിച്ചു പാഞ്ഞതല്ല
നേരുപറയട്ടെ കേട്ടുകൊള്ളു:
നീയിട്ട പൊന്നിന്റെ കോട്ടു പക്ഷെ
നായ കടിച്ചെങ്ങാൻ കീറിയാലോ
എന്നുള്ള ഭീതിയാലോടിയതാ-
ണല്ലാതെ, ഞാനെന്താ ഭീരുവാണോ?"

"വളരെ വളരെ നന്ദി, കൊച്ചു ചെവികളെ. ഇതിന്നുവേണ്ടി ഞാൻ നിങ്ങൾക്കു ഒരു ജോഡി സ്വർണ്ണക്കമ്മൽ വാങ്ങിച്ചുതരുന്നുണ്ട്," സൈലിവെലി പറഞ്ഞു.

എന്നിട്ട്, വീണ്ടുമിങ്ങിനെ പാടി:

"കൊച്ചു പാദങ്ങളെ നിങ്ങളിത്ര
പച്ചപ്പാവങ്ങളായ് തീർന്നുവല്ലോ
എന്തിനേ പേടിച്ചു പാഞ്ഞു നിങ്ങൾ
സുന്ദരമാകുമീ നല്ല നാളിൽ
നിസ്സാരനാകുമീ നായമൂലം
ഇത്രമേൽ ചാപല്യം കാട്ടിയാലോ
എന്തിനേ പേടിച്ചു പാഞ്ഞു നിങ്ങൾ
എന്നോടു കാരണം ചൊല്ലിയാലും"

കൊച്ചുപാദങ്ങൾ മറുപടി നൽകി:

"നായയെ പേടിച്ച പാഞ്ഞതല്ല
നേര പറയട്ടെ കേട്ടുകൊള്ളൂ:
നീയിട്ട പൊന്നിൻെറ കോട്ട പക്ഷെ
നായ കടിച്ചെങ്ങാൻ കീറിയാലോ
എന്നുള്ള ഭീതിയാലോടിയതാ-
ണല്ലാതെ, ഞാനെന്താ ഭീരുവാണോ?
ഇത്തിരി ശങ്കിച്ച നിന്നതില്ല
ഒററ വീർപ്പാലെ കുതി കുതിച്ചു"

"വളരെ, വളരെ നന്ദി കൊച്ചുപാദങ്ങളെ. വെള്ളിയുടെ മടമ്പു കെട്ടിച്ച ഒരു ജോഡി സ്വൎണ്ണബൂട്ടുസുകൾ ഈ ഉപകാരത്തിന്നു ഞാൻ നിങ്ങൾക്കു വാങ്ങിച്ചുതരുന്നുണ്ട്," ഇതും പറഞ്ഞു സൈസ്സലിവെലി വീണ്ടും പാടി:

"കൊച്ചു കേമത്താനേ എൻെറ വാലേ
മാച്ചിലുപോലെ നടപ്പവനെ
എന്തിനേ ഇത്രക്കു വേഗതയിൽ
മണ്ടി നീ കാൎയ്യം കുറച്ചിലായി
നിസ്സാരനാകുമീ നായമൂലം
ഇത്രക്കു ചാപല്യം കാട്ടിയാലോ"

വാല മറുപടി നൽകി:

"മണ്ടി ഞാൻ, പക്ഷെ ഇടക്കുനിന്നു
നിൻെറ പിടലിക്കു രണ്ടു തന്നു
നീ അറിയാതെ നിൻ കാലുകൾക്കു
ഞാനൊരു കത്തിരിപ്പൂട്ടുവെച്ചു
ഞാൻ ധൃതിപ്പെട്ടില്ല മെല്ലെമെല്ലെ
ഏഞ്ഞുവലിഞ്ഞെല്ലാം ഞാൻ നടന്നു

കാർണമെന്തെന്നോ നീ കുഴിയിൽ
വീഴുന്നതിന്നു ഞാൻ കാത്തിരിപ്പു."

ഇതുകേട്ടപ്പോൾ സൈ്വലിവൈലിക്കു കഠിനമായ ദേഷ്യംവന്നു. മാളത്തിന്നുള്ളിൽനിന്നു വാല് പുറത്തേക്കിട്ടുകൊടുത്തുകൊണ്ടു പറഞ്ഞു.

"അങ്ങിനെയാണെങ്കിൽ, നായേ, ഇതാ നിനക്കെന്റെ വാല് എടുക്കാം. കഴിയുന്നത്ര കടിച്ചെടുത്തുകൊള്ളുക."

നായ അതിന്റെ പല്ലുമുഴവൻ വാലിൽ ആഴത്തിൽ തറപ്പിച്ച് ഒരു വലി. വാല് മുഴുവൻ ഇങ്ങുപോന്നു.

കുറേ കഴിഞ്ഞപ്പോൾ അടുത്ത വീട്ടുകാരായ ചുണ്ടെലികളെ ഒന്നു സന്ദർശിച്ചു വന്നാലെന്തെന്നു സൈ്വലിവൈലിക്കു തോന്നി. മാളത്തിൽനിന്നു പുറത്തുവന്നു് എലികളുടെ വാസസ്ഥലത്തേക്കു ചെന്നു.

ചുണ്ടെലികൾ കുറുക്കനെ വാലില്ലാതെ കണ്ടപ്പോൾ അവർ ചിരിച്ചു ചിരിച്ചു മണ്ണുകപ്പിപ്പോയി.

സൈ്വലിവൈലി പറഞ്ഞു:

"എനിക്കു് ഒരു വാലില്ലായിരിക്കാം. പക്ഷെ, നിങ്ങളെക്കാൾ ഭംഗിയായി എനിക്കു മോതിരനൃത്തം ചെയ്യാൻ കഴിയും."

"എങ്ങിനെയാ അതു് ചെയ്യുക?" എലികൾ താല്പര്യം പ്രകടിപ്പിച്ചു.

"അതു നിസ്സാരമായ വേലയാണു്. നിങ്ങളുടെ വാലുകളെല്ലാം ഒന്നിച്ചു കെട്ടിയാൽ മതി, തൽക്ഷണം നിങ്ങൾക്കതു പഠിക്കാം."

"ശരി, എന്നാലതു നടക്കട്ടെ."

അങ്ങിനെ സൈ്വലിവൈലി എല്ലാം ചുണ്ടെലികളേയും അവരുടെ വാലുപിടിച്ചു ചേർത്തുകെട്ടി അടുത്തുള്ള ഒരു മണൽ കുമ്പാരത്തിന്നുമേൽ ചാടിക്കയറി ഉറക്കെ വിളിച്ചുപറഞ്ഞു:

"ഓടിക്കോ, ഓടിക്കോ, കോന്ത്രപ്പല്ലൻ ചെന്നായ വരുന്നു."

എലികൾ നാലുഭാഗത്തേക്കും ഓടാൻനോക്കി. അവർ അങ്ങോട്ടുമിങ്ങോട്ടും വലിച്ചുകെട്ടിമറഞ്ഞു. അതിന്നിടയിൽ എല്ലാവരുടേയും വാലുകൾ ഊരിപ്പോന്നു.

വാലുപോയതിന്നുശേഷം എലികളെല്ലാം ഒരു സ്ഥലത്തിരുന്നു, കുറുക്കനോടു പ്രതികാരം ചെയ്യാൻ എന്താണു് വഴിയെന്നു ആലോചിച്ചു. അവരുടെ ഈ ഗൂഢാലോചന സ്ലൈലിവെലി ഒളിച്ചിരുന്നു കേട്ടു. തനിക്കു രക്ഷയില്ലെന്നു കുറുക്കൻ മനസ്സിലാക്കി. പിന്നെ, അവിടെ നിന്നില്ല. കാട്ടിൽനിന്നു് കുറുക്കൻ പ്രാണനുംകൊണ്ടു് ഓടിപ്പോയി. അതിന്നുശേഷം കുറുക്കനെ പിന്നെ ആരും കണ്ടിട്ടില്ല.

ചുണ്ടെലികളെസംബന്ധിച്ചേടത്തോളം, ഈ സംഭവത്തെത്തുടർന്നു് അവർ വാലില്ലാതെയാണു് നടക്കുന്നതു്.



## 12. പാവപ്പെട്ട ചെന്നായ

പണ്ടൊരിക്കൽ ഒരു പാവപ്പെട്ട ചെന്നായ ഉണ്ടായിരുന്നു. വിശപ്പുകൊണ്ടു് അതു മരിക്കാറായി. അതിന്നു യാതൊരാഹാരവും കിട്ടിയിരുന്നില്ല. അതുകൊണ്ടു് ഒരുനാൾ അതു ആഹാരംതേടി ഒരു കൃഷിക്കാരൻെറ വീട്ടിൽ കയറി. കുറച്ചെന്തെങ്കിലും തിന്നാൻ തരണേ എന്നപേക്ഷിച്ചു. വളരെ വളരെ പാവത്താനാണു് താനെന്നു ചെന്നായ പെരുമാററത്തിൽ വരുത്തിത്തീർക്കുകയും ചെയ്തു!

"ഏ കൃഷിക്കാരാ, എന്നോടു ദയയുണ്ടാവണേ", ചെന്നായ് പറഞ്ഞു: "എനിയ്ക്കു തിന്നാനെന്തെങ്കിലും തരണം. അല്ലെങ്കിൽ ഞാൻ ചത്തുപോകും."

"എന്താണു നിനക്കു വേണ്ടതു്?" കൃഷിക്കാരൻ ചോദിച്ചു.

"എന്തായാലും മതി", ചെന്നായ മറുപടി നൽകി.

"ശരി, നീ അവിടെ പള്ളീലച്ചൻെറ ആടുമേയുന്നതു കണ്ടോ? നിനക്കു പോയി അതിനെ പിടിച്ചു തിന്നുകൂടേ? എളുപ്പമാണു് പിടിക്കാൻ."

അതു കേൾക്കേണ്ട താമസം, ചെന്നായ ഓടി. ഒരു ശരംപോലെ മൈതാനത്തിലേക്കു തുള്ളി.

"നമസ്കാരം കോലാടെ", അതു പറഞ്ഞു, "കൃഷിക്കാരൻ പറഞ്ഞു നിന്നെ പിടിച്ചു തിന്നാൻ."

"എന്നെ പിടിച്ചു തിന്നാൻ നീ ആരാണെന്നറിഞ്ഞില്ല," കോലാടു് ചോദിച്ചു.

"ഞാനൊരു ചെന്നായയാണു്."

"നീ കള്ളംപറയുകയാ, നീയൊരു നായ മാത്രമാണു്."

"അല്ല, ഞാനൊരു ചെന്നായയാണു്. അച്ഛനാണെ സത്യം."

"ഓ, ശരി, അങ്ങിനെയാണെങ്കിൽ, എൻെറ ഏതുഭാഗമാണു് നീ ആദ്യം ഭക്ഷിക്കുക?"

"നിൻെറ തല", ചെന്നായ പറഞ്ഞു.

"എൻെറ തലയോ?" കോലാടു് സാശ്ചര്യം ചോദിച്ചു, "എൻെറ പാവത്താനായ ചെന്നായ, നിനക്കെന്നെ തിന്നുകയാണു് യഥാർത്ഥ ഉദ്ദേശമെങ്കിൽ, എൻെറ വാലാണു് ആദ്യം തുടങ്ങേണ്ടതു്. തിന്നു തിന്നു് എൻെറ മദ്ധ്യഭാഗത്തെത്തുമ്പോഴേക്കും ഞാൻ മേഞ്ഞുകൊണ്ടിരി

ക്കുക - വും. അപ്പോഴാം എൻെറ ബാക്കിഭാഗം നീ തിന്നാൻ തുട ങ്ങുമ്പോഴാം ഞാൻ തടിച്ചുകൊഴുത്തിട്ടുണ്ടാവും.''

"ശരിയാണു്, ശരിയാണു്'', ചെന്നായ പറഞ്ഞു. പിന്നെ ആലോചിക്കാനൊന്നുമുണ്ടായിരുന്നില്ല. ഒരു തുള്ളൽ, കോലാടിൻെറ വാൽ വായിലാക്കി. പക്ഷെ, കോലാടു് പിൻകാലുകൊണ്ടു് ഒരൊററ ച്ചവിട്ടു്. പ്ടോം എന്നു പറഞ്ഞു ചെന്നായ നിലത്തുവീണു. വീണ ചെന്നായയെ കോലാടു് കുളമ്പടികൊണ്ടു് ചവിട്ടി ഞെരിച്ചു. ചവിട്ടി ച്ചവിട്ടി ചെന്നായ പതംവന്നു. താൻ ചത്തിരിക്കയാണോ, അല്ല ശ്വാസം കഴിക്കുന്നുണ്ടോ എന്നു തിരിച്ചറിയാനാവാത്തവിധം ചെന്നായ അവശനായി. കോലാടു് തുള്ളിച്ചാടി സ്ഥലംവിട്ടു. ഓടിപ്പോയ വഴി യിൽ പൊടിപടലം ഉയന്നിരുന്നു.

ചെന്നായ അവിടെ കുത്തിയിരുന്നു ആലോചിക്കാൻ തുടങ്ങി:

"ഞാനെന്തൊരു വിഡ്ഢിയാണു്! ഞാനെന്തുകൊണ്ടു ചെന്നായയുടെ കൊരളിനു പിടിച്ചില്ല?'' വിഷണ്ണനായി അതു കൃഷിക്കാരൻെറ കുടി ലിലേക്കുതന്നെ മടങ്ങിപ്പോയി.

"കൃഷിക്കാരാ, ദയവുണ്ടാകണേ'', ചെന്നായ പറഞ്ഞു, "എനിക്കു വല്ലാതെ വിശക്കുന്നു. എന്തെങ്കിലും തിന്നാൻ തരണം. ഒരു പിടി അന്നം മതി. അല്ലെങ്കിൽ ഞാൻ വിശന്നു മരിച്ചുപോകും.''

"ഉം, കോലാടിനെക്കൊണ്ടു് നീ തൃപ്തനായില്ല?'' കൃഷിക്കാരൻ ചോദിച്ചു.

ഇതു കേട്ടപ്പോഴാം ചെന്നായ ഉച്ചത്തിൽ ഓരിയിട്ടു.

"കോലാടു്! അതു നശിച്ചുപോണം. അവരതിൻെറ ജീവനോടെ തൊലിയുരിച്ചു അതുകൊണ്ടു അരപ്പട്ട ഉണ്ടാക്കണേ ഈശ്വരാ! നിങ്ങള റിയോ, എൻെറ നെഞ്ചു് അതു ചവിട്ടി ഉടച്ചുകളഞ്ഞു.''

"ശരി, അങ്ങിനെയാണെങ്കിൽ'', കൃഷിക്കാരൻ പറഞ്ഞു, "അങ്ങ ുവിടെ ഒരു തടിച്ച ചെമ്മരിയാടു് മേയുന്നതു കണ്ടോ, ആ കുന്നിൻ മുക

ളിൽ? അതിനെ പോയി പിടിച്ചുതിന്നു്."

ചെന്നായ കുന്നിൻമുകളിലേക്കു പാഞ്ഞു. അവിടെ ചെമ്മരിയാട്ടു് മേയുന്നുണ്ടു്.

"നമസ്കാരം ചെമ്മരിയാടെ", ചെന്നായ പറഞ്ഞു.

"നമസ്കാരം."

"കൃഷിക്കാരൻ പറഞ്ഞു നിന്നെ പിടിച്ചു തിന്നാൻ".

"എന്നെ പിടിച്ചു തിന്നാൻ വന്ന നീ ആരാണെന്നറിഞ്ഞില്ല."

"ഒരു ചെന്നായ."

"നീ കളവു പറയുകയാ. നീ ഒരു നായയാണു്."

"അയ്യോ, നായയല്ലേ. ഞാനൊരു ചെന്നായയാണു്. അച്ഛനാണെ സത്യം."

"ശരി, അങ്ങിനെയാണെങ്കിൽ നീ എങ്ങിനെയാണു് എന്നെ തിന്നാൻ പോകുന്നതു്?"

"അതൊന്നു പറയാനുണ്ടോ? നിൻെറ തല ആദ്യം തിന്നും."

"എൻെറ തലയോ? ഭേഷായി." ചെമ്മരിയാട്ടു പറഞ്ഞു, "നീ ഇത്ര പാവമായിപ്പോയല്ലോ ചെമ്മരിയാടെ. നിനക്കെന്നെ തിന്നണമെന്നു് യഥാർത്ഥത്തിലുണ്ടെങ്കിൽ നീ ആ ഉയർന്ന മേടില്ലേ; അതിൻെറ മുകളിൽ കയറി വാപൊളിച്ചിരിക്കണം. ഞാൻ വായിലേക്കു തുള്ളി വീഴാം."

ഇതു കേട്ടപ്പോൾ ചെന്നായ കുന്നിൻമേടിൽ കയറി വായും പൊളിച്ചു ഇരിപ്പായി. അണ്ണാക്കുവരെ കാണാമായിരുന്നു. അത്ര വലുപ്പത്തിലാണു് അതു വായ പിളർന്നതു്. ചെമ്മരിയാട്ടു് കുതിച്ചു പാഞ്ഞു വന്നു് അതിൻെറ കൊമ്പുകൊണ്ടു തലക്കു ആഞ്ഞുകുത്തി. കുത്തുകൊണ്ടപ്പോൾ ചെന്നായ ഉരുണ്ടുപിരണ്ടു വീണുപോയി. വായനിറച്ചുമാണു് ചെന്നായക്കു് കിട്ടിയതു്!

വീണേടത്തുനിന്നു് എഴുന്നേററു കുത്തിയിരുന്നു ചെന്നായ കരയാൻ തുടങ്ങി.

"ഞാനെന്തൊരു വിഡ്ഢിയാണു്." അതു ആത്മഗതംചെയ്യാൻ തുടങ്ങി, "എൻെറ ബുദ്ധിയെല്ലാം എവിടെപ്പോയി? വായിലേക്കു ഭക്ഷണം ഓടിവന്നു വീഴുകയെന്നതു് ആരു കേട്ടിട്ടുണ്ടു് ഇന്നേവരെ?"

അങ്ങിനെയിരുന്നാലോചിച്ചാലോചിച്ചു് കുറച്ചുകഴിഞ്ഞപ്പോൾ ചെന്നായ ഭക്ഷണത്തിന്നു ചോദിക്കാൻ കൃഷിക്കാരൻെറ വീട്ടിലേക്കു തിരിച്ചുപോയി.

"കൃഷിക്കാരാ ദയവിചാരിക്കണേ" ചെന്നായ പറഞ്ഞു, "എനിക്കു വല്ലാതെ വിശക്കുന്നു. എന്തെങ്കിലും തരണം. അല്ലെങ്കിൽ വിശപ്പുകൊണ്ടു ഞാൻ മരിച്ചുപോകും."

കൃഷിക്കാരൻ പറഞ്ഞു:

"നല്ല തീററിക്കാരനാ നീ, സംശയമില്ല! ആഹാരം തനിയെ തുള്ളി വായിൽ വീഴണമല്ലോ. പക്ഷെ, നിന്നെ ബുദ്ധി ഉപദേശിക്കുന്നതുകൊണ്ടു് കാര്യമില്ല. ഇവിടെനിന്നു കുറച്ചുപോയാൽ ആ വഴിമുക്കിൽ ഒരു കിഴവിയുടെ കൈയിൽനിന്നു് ഒരു കഷണം ആട്ടിറച്ചി വീണുപോയിട്ടുണ്ടു്. ചെല്ലു്, അതു തിരഞ്ഞുപിടിച്ചു തിന്നു്. ഇറച്ചിക്കഷണം നിൻേറതായിരിക്കും, അതോടിപ്പോവുകയില്ലല്ലോ."

കൃഷിക്കാരൻ പറഞ്ഞതുപോലെ ചെന്നായ ചെയ്തു. കുറച്ചു ദൂരം റോഡിലൂടെ നടന്നപ്പോൾ ഇറച്ചിക്കഷണം കണ്ടു അതിൻെറ മുമ്പിലിരുന്നു ചെന്നായ ആലോചിച്ചു.

"ഇതു നല്ലതുതന്നെ. പക്ഷെ, ഇറച്ചിക്കഷണത്തിന്നു ഉപ്പുണ്ടാകുമല്ലോ. തിന്നാൽ ദാഹമുണ്ടാകും. ആദ്യം ചെന്നു ഒരിറക്കു വെള്ളം കുടിച്ചുവരുന്നതാ നല്ലതെന്നു തോന്നുന്നു."

അതും പറഞ്ഞു ചെന്നായ പുഴയിലേക്കു പോയി. അതിന്നിടയിൽ തൻെറ ആട്ടിറച്ചിക്കഷണം വീണുപോയ കാര്യം ഓർമ്മവന്ന കി

ഴവി അതന്വേഷിക്കാൻ മടങ്ങിവന്നു. അതാ റോഡിൻെറ നടുവിൽ അതു കിടക്കുന്നു. അതും എടുത്തു കിഴവി അവരുടെ വഴിക്കുപോയി.

കുറച്ചു കഴിഞ്ഞു ചെന്നായ മടങ്ങി വന്നു. അപ്പോഴേക്കും ഇറച്ചിക്കഷണം നഷ്ടപ്പെട്ടിരുന്നു. ചെന്നായ റോഡിലിരുന്നു കരയാൻ തുടങ്ങി.

"ഞാനെന്തൊരു വിഡ്ഢിയാണ്," ചെന്നായ ഓർത്തു "എൻെറ ബുദ്ധി എവിടെ പോയി? ആഹാരം കഴിക്കുന്നതിന്നുമുമ്പു വെള്ളംകുടിക്കുകയെന്നതു് ആരു കേട്ടിട്ടുണ്ടു് ഇന്നേവരെ?"

അതും ആലോചിച്ചു വളരെ നേരം ചെന്നായ അവിടെ ഇരുന്നു. ഓ, അപ്പോഴേക്കും അതിന്നു ഭയങ്കരമായ വിശപ്പുകൊണ്ടു സഹിക്കവെയ്യാതായിരുന്നു.

വീണ്ടും എഴുന്നേററു ഭക്ഷണത്തിന്നു ചോദിക്കാൻ അതു കൃഷിക്കാരൻെറ വീട്ടിലേക്കു പോയി.

കൃഷിക്കാരാ, എന്നോടു ദയ വിചാരിക്കണം. എനിക്കെന്തെങ്കിലും തിന്നാൻ തരൂ. അല്ലെങ്കിൽ ഞാൻ വിശന്നു ചത്തുപോകും."

"ഓ, നീ എന്നെ നിൻെറ ഭിക്ഷതെണ്ടൽകൊണ്ടു ശല്യപ്പെടുത്തുന്നു." കൃഷിക്കാരൻ പറഞ്ഞു. നിന്നെപ്പോലുള്ളവരെ എന്തുപറഞ്ഞാണു് നേരെയാക്കുക? ഗ്രാമത്തിന്നടുത്തായി ഒരു പന്നി മേയുന്നുണ്ടു്. പോയി അതിനെ പിടിച്ചുതിന്നു്."

ചെന്നായ ഓടിച്ചെന്നപ്പോൾ അവിടെ പന്നി മേയുന്നുണ്ടു്.

"നമസ്കാരം പന്നി," ചെന്നായ പറഞ്ഞു "കൃഷിക്കാരൻ എന്നോടു പറഞ്ഞു നിന്നെ പിടിച്ചു തിന്നാൻ."

"എന്നെ പിടിച്ചുതിന്നാൻ വന്ന നീയാരാണു്?"

"ഞാനോ? ഒരു ചെന്നായ."

"നീ കള്ളം പറയുകയാ. നീ ഒരു നായയാണു്."

"അയ്യോ, അല്ലേ, ഞാനൊരു ചെന്നായയാണ്."

"അല്ല, ഇക്കാലത്തു ചെന്നായകൾക്കു സ്വന്തമായി ആഹാരമൊന്നും കിട്ടാറില്ലേ?"

"കിട്ടാറില്ല."

"അങ്ങിനെയാണെങ്കിൽ, എൻെറ പുറത്തു കയറി ഇരിക്കു ഞാൻ നിന്നെ ഗ്രാമത്തിലേക്കു കൊണ്ടുപോകാം. അവരിന്ന് അവരുടെ മൂപ്പന്മാരെ തിരഞ്ഞെടുക്കുന്ന ദിവസമാ. ഒരു പക്ഷെ, നിന്നെ തിരഞ്ഞെടുത്തേക്കും."

"അങ്ങിനെയാണോ? നമുക്കു പോകാം."

ചെന്നായ പന്നിയുടെ പുറത്തുകയറി ഗ്രാമത്തിലേക്കു നടകൊണ്ടു. ഗ്രാമകേന്ദ്രത്തിലെത്തിയപ്പോൾ പന്നി ഒച്ചയിടാൻ തുടങ്ങി. ചെന്നായ പോലും പേടിച്ചുപോയി അതുകേട്ടപ്പോൾ.

"നീ എന്തിനാ ഇങ്ങിനെ ഒച്ചയിടുന്നേ?" ചെന്നായ പന്നിയോടു ചോദിച്ചു.

"ഞാൻ ഗ്രാമത്തിലുള്ളവരെയെല്ലാം കരിടത്തു വിളിച്ചുകൂട്ടുകയാ. നിന്നെ അവരുടെ മൂപ്പനായി തിരഞ്ഞെടുക്കാൻ."

പറഞ്ഞതുപോലെ ഗ്രാമീണർ കയ്യിൽ കിട്ടിയ കന്താല്, പാര, കൈക്കോട്ട്, മഴു അങ്ങിനെ സകലതുമെടുത്തു നാലുഭാഗത്തുനിന്നും ഓടിയെത്തി. അവരെ കണ്ടപ്പോൾ ചെന്നായയുടെ നെഞ്ചിടിപ്പ് മിക്കവാറും നിലച്ചുപോയി.

"എന്തിനാ ഇത്രയേറെ ആളുകൾ ഇങ്ങോട്ട് ഓടിവന്നേ?" പന്നിയോടു വളരെ മെല്ലെ ചെന്നായ മന്ത്രിച്ചു.

"നിന്നെ കാണാൻ," പന്നി മറുപടിനൽകി.

പിന്നെ അധികം കാത്തുനില്ക്കേണ്ടിവന്നില്ല. ഗ്രാമീണർ ചെന്നായയെ വളഞ്ഞു അടിക്കുവാനും കുത്തുവാനും ചതയ്ക്കുവാനും തുടങ്ങി.

ൾടിയുടെ ഊക്കുകൊണ്ടു് ചെന്നായ് വിശപ്പുതന്നെ മറന്നുപോയി. വീണേടത്തുനിന്നു് എങ്ങിനെയെല്ലാമോ നത്തി, കുത്തി എഴുന്നേററ ചെന്നായ റോഡിലൂടെ പായാൻ തുടങ്ങി. അപ്പോഠം എതിരേയുണ്ടു് തൻെറ വാരക്കോലുമായി ഒരു തുന്നക്കാരൻ വരുന്നു.

''ഞാൻ നിന്നെ പിടിച്ചുതിന്നാൻപോവുകാ,'' ചെന്നായപറഞ്ഞു.

''അങ്ങിനെ ചെയ്യാൻ കഴിയുമെന്നു ധരിക്കുന്ന നീ ആരാ?'' തുന്നക്കാരൻ ചോദിച്ചു.

''ഞാനോ? ഒരു ചെന്നായ.''

''നീ കള്ളം പറയുകയാ. നീ ഒരു നായയാണു്.''

''അയ്യോ, കള്ളം പറയുകയല്ലേ, ഞാനൊരു ചെന്നായയാണു്. സത്യം.''

''ഒരു ചെന്നായയുടെ അത്ര നീ വലുതല്ലല്ലോ. ശരി, ഞാനൊന്നു അളന്നുനോക്കട്ടെ.''

തുന്നക്കാരൻ ചെന്നായയുടെ വാലുപിടിച്ചു. അതിനെ ചുററിക്കാനും വടികൊണ്ടു് പൊതിരെ അടിക്കാനും തുടങ്ങി.

''ഒരു വാര നീളം, ഒരു വാര വീതി.''

ചെന്നായ പേടിച്ചു വിറച്ചുപോയി. പ്രാണനുംകൊണ്ടു് അതോടാൻ തുടങ്ങി.

ഇക്കുറി ചെന്നായ കൃഷിക്കാരനെ കാണാൻ ചെല്ലുന്നതിന്നു പകരം സ്വന്തം സഹോദരങ്ങളായ ചെന്നായ്ക്കളുടെ അടുത്തേക്കാണു് പോയതു്.

''സഹോദരങ്ങളെ''? ചെന്നായ മുറവിളി കൂട്ടി, ''എനിയ്ക്കെന്താ പററിയതെന്നു നിങ്ങളറിയോ? ഭയങ്കരം. ഭയങ്കരം!''

ചെന്നായ കഥയെല്ലാം അവരോടു പറഞ്ഞു. അവരെല്ലാംകൂടി തുന്നക്കാരനെ പരതിപ്പുറപ്പെട്ടു.

പുലിവായിലല്ലേ! തുന്നക്കാരനെന്തുചെയ്യും? അയാൾ ചുററും നോക്കി, ഒരു മരം കണ്ടു. അതിൻെറ തുഞ്ചത്തേക്കു് അയാൾ പാഞ്ഞു കയറി. താഴെ മരത്തിന്നു ചുററുമായിനിന്നു മേലോട്ടുനോക്കി ചെന്നായ്ക്കൾ പല്ലുകടിച്ചു.

വലിയ ചെന്നായ പറഞ്ഞു:

"സഹോദരങ്ങളെ, ഇതുകൊണ്ടൊന്നും കാര്യമില്ല. ഈ കാത്തു നില്പുകൊണ്ടു് അവനെ ഒരിക്കലും നമുക്കു കിട്ടില്ല. നാം ചെയ്യേണ്ടതു ഇതാണു്: ഞാൻ താഴെ നില്ക്കാം. എൻെറ പുറത്തു നിങ്ങളിലാരെങ്കിലുമൊരാൾ കയറണം. അയാളുടെ പുറത്തു മറെറാരാൾ. അങ്ങിനെ നമുക്കു ശരിയായ ഒരേണി ഉണ്ടാക്കാം."

വലിയ ചെന്നായ പറഞ്ഞതുപോലെ അവരെല്ലാം ചെയ്തു. ഓരോരുത്തരുടെ പുറത്തായി അവർ കയറി.

ഏററവും മേലെയുള്ള ചെന്നായ പറഞ്ഞു:

"ശരി, തുന്നക്കാരാ, വേഗം ഇറങ്ങിക്കോ. ഞങ്ങൾ നിന്നെ പിടിച്ചുതിന്നാൻ പോവുകയാ."

"അയ്യോ സഹോദരങ്ങളേ," തുന്നക്കാരൻ പറഞ്ഞു. "എൻെറ മേൽ ദയയുണ്ടാകണേ. എന്നെ പിടിച്ചുതിന്നരുതേ."

"തിന്നണമെന്നതിൽ സംശയമില്ല," ചെന്നായ്ക്കൾ പറഞ്ഞു, "പിന്നെ വെറുതെയെന്തിനു സമയം കളയുന്നു?"

"എന്നാൽ ഒന്നു നില്ക്കണം," തുന്നക്കാരൻ പറഞ്ഞു, "മരിക്കുന്നതിനുമുമ്പു് ഒരു നുള്ളു പൊടിവലിക്കാൻ നിങ്ങളെന്നെ അനുവദിക്കണം."

പൊടി നുള്ളിയെടുത്തു് അയാൾ മൂക്കിൽ തിരുമ്പിക്കയററി ഉച്ചത്തിൽ ഒന്നു തുമ്മി.

“ഫ്ലപ്”—ഫെ”

ഏണിയുടെ അടിയിലുള്ള വലിയ ചെന്നായ ഇതു കേട്ടപ്പോൾ കരുതിയതു് മുകളിലുള്ളവനെ തുന്നക്കാരൻ അടിക്കുന്നുണ്ടെന്നാണു്. ‘ഒരു വാര നീളം, ഒരു വാര വീതി” എന്നു പറയുന്നതുപോലെയും ‘അതിനു തോന്നി. പേടിച്ചരണ്ട ചെന്നായ പതുങ്ങി. മേലെയുള്ള ചെന്നായ്ക്കളെല്ലാം ഛടഃപടോ എന്നു് ഉരുണ്ടുകെട്ടി നിലത്തുവീണു. വലിയ ചെന്നായ ഓട്ടംതുടങ്ങി. മററു ചെന്നായ്ക്കളും മൂപ്പനെ അനുഗമിച്ചു. തുന്നക്കാരൻ മരത്തിന്മേൽനിന്നിറങ്ങിവന്നു തന്റെ വഴിക്കു പോയി.



## 13. കൊച്ചുപെണ്ണു കുറുക്കനും കൊച്ചാങ്ങള ചെന്നായയും

പണ്ടൊരിക്കൽ ഒരു കുറുക്കനുണ്ടായിരുന്നു. സ്വന്തമായി ഒരു കുടിലുണ്ടാവുന്നതു് എത്ര നല്ലതാണെന്നു് അതു ആലോചിച്ചു. അങ്ങിനെ കുറുക്കൻ ഒരു കുടിലുണ്ടാക്കുകയും ചെയ്തു. അവിടെ പ്രമാണിയെപ്പോലെ വസിച്ചുവന്നു.

ശൈത്യകാലം വന്നു. കുറുക്കൻ തണുത്തുവിറയ്ക്കാൻ തുടങ്ങി. തന്റെ അടുപ്പു മൂട്ടുന്നതിനു് ഒരു വെളിച്ചം കിട്ടുമോ എന്നന്വേഷിച്ചു കുറുക്കൻ ഗ്രാമത്തിലേക്കു പാഞ്ഞു. ഒരു കിഴവിയുടെ വീട്ടിൽ ചെന്നു കുറുക്കൻ പറഞ്ഞു:

"നമസ്കാരം, അമ്മൂമ്മേ. നിങ്ങൾക്കു സുഖംതന്നേയല്ലേ? കുറച്ചു തീ തരുമോ? ഒരുനാൾ നിങ്ങൾക്കെന്തുവേണമെങ്കിലും ഈ ഉപകാരത്തിനുവേണ്ടി ചെയ്തുതരാം."

"ശരി, അനിയത്തി കുറച്ചിരുന്നു് തീ കാഞ്ഞിട്ടു പോ. ഞാൻ അടുപ്പത്തുനിന്നു ബോണ്ട ചുട്ടെടുത്തോട്ടെ."

അമ്മൂമ്മ കുറച്ചു ബോണ്ടകൾ അടുപ്പത്തുനിന്നെടുത്തു തണിയാൻ മേശപ്പുറത്തുവെച്ചു. നോക്കിയിരിക്കുന്ന കുറുക്കൻ, അതിൽ ഏററവും വലുതും പാകംവന്നതുമായ ബോണ്ടയെടുത്തു ഒരൊററ ഓട്ടം. ജീവിതത്തിൽ അതുങ്ങിനെ ഓടിയിട്ടില്ല. ദൂരെ ഒരു സ്ഥലത്തെത്തിയപ്പോൾ ബോണ്ടയുടെ അകത്തുള്ള ഉഴുന്നും പരിപ്പും പഴവും പഞ്ചസാരയുമെല്ലാം എടുത്തുതിന്നശേഷം അതിന്നകത്തു് അടിക്കാട്ടും ഈർച്ചപ്പൊടിയും നിറച്ചു. അതുംകൊണ്ടു ധൃതഗതിയിൽ ഓട്ടം തുടങ്ങി.

ഓടി ഓടി ഒരു സ്ഥലത്തു രണ്ടു ഇടയക്കുട്ടികൾ പശുക്കളെ വെള്ളം കുടിപ്പിക്കാൻ കൊണ്ടുപോകുന്നതു കണ്ടു.

കുറുക്കൻ പറഞ്ഞു:

"നമസ്കാരം, തങ്കക്കുടങ്ങളേ"

"നമസ്കാരം, ചേച്ചി" അവർ പ്രത്യഭിവാദനം നൽകി.

"നമുക്കൊരു ഇടപാടുചെയ്യാം. നിങ്ങൾ എനിക്കു ഒരു കന്നുകുട്ടനെ താ ഞാൻ നിങ്ങൾക്കു ഒരു ബോണ്ട തരാം."

"ശരി, അങ്ങിനെയാവട്ടെ."

"പക്ഷെ, ഒരു കാര്യം ഞാൻ ഗ്രാമത്തിൽനിന്നു പുറത്തു പോകുന്നതുവരെ ബോണ്ട നിങ്ങൾ തിന്നരുതു്." അങ്ങിനെ കുറുക്കൻ ഒരു

കന്നുകുട്ടനെ വാങ്ങി പകരം ബോണ്ടകൊടുത്തു. കന്നുകുട്ടനേയും പിടിച്ചു കുറുക്കൻ കാട്ടിലേക്കു ധൃതിപിടിച്ചു നടന്നു. ഇടയ്ക്കിടയ്ക്കു ബോണ്ട തിന്നാൻ നോക്കിയപ്പോഴാണ് അതു് അടിക്കട്ടും ഈർച്ചപ്പൊടിയും കൊണ്ടു് നിറച്ചതാണെന്നു കണ്ടതു്.

കൊച്ചുപെണ്ണു് കുറുക്കൻ തൻെറ കുടിലിൽ ചെന്നു് ഒരു മരം മുറിച്ചു് അതുകൊണ്ടു തനിക്കൊരു നുകമുണ്ടാക്കി. കാളയെ നുകത്തിനു കെട്ടി സവാരിക്കിറങ്ങിയപ്പോൾ അതാ എതിരെതന്നെ ഒരു ചെന്നായ ഓടിക്കൊണ്ടുവരുന്നു.

"നമസ്കാരം കൊച്ചുപെണ്ണേ," ചെന്നായ പറഞ്ഞു.

"നമസ്കാരം കൊച്ചാങ്ങളെ."

"എവിടുന്നാ നിനക്കീ നുകവും കാളയും കിട്ടിയതു്?"

"ഞാൻ സ്വന്തമായുണ്ടാക്കി."

"കുറച്ചു സമയം ഞാൻ നിൻെറ കൂടെ സവാരി ചെയ്തോട്ടെ?"

"അയ്യോ, അതെങ്ങിനെ സാധിക്കും? നീ എൻെറ നുകം പൊട്ടിച്ചുകളയും."

"ഇല്ല. പൊട്ടിക്കുകയോ? എൻെറ ഒരു കാലുമാത്രമേ ഞാൻ നുകത്തിന്മേൽ വെക്കുകയുള്ളു."

"എന്നാൽ അങ്ങിനെയാവട്ടെ."

അങ്ങിനെ കുറുക്കനും ചെന്നായയും ചേർന്നു് സവാരി തുടങ്ങി. കുറച്ചു ചെന്നപ്പോൾ ചെന്നായ പറഞ്ഞു:

"ഞാനെൻെറ രണ്ടാമത്തെ കാലും നുകത്തിന്മേൽ വെച്ചാലെന്താ, കൊച്ചുപെണ്ണേ?"

"അയ്യോ, നീ എൻെറ നുകം പൊട്ടിച്ചുകളയുമോ?"

"ഇല്ല, ഇല്ല, ഞാൻ പൊട്ടിക്കില്ല."

"എന്നാൽ അങ്ങിനെതന്നെ."

അങ്ങിനെ രണ്ടുപേരുംകൂടി സവാരി തുടങ്ങി. പെട്ടെന്നു് അവർ എന്തോ പൊട്ടുന്ന ഒരൊച്ചകേട്ടു.

"നിൽക്കു കൊച്ചാങ്ങളേ. നിങ്ങളെൻെറ നുകം പൊട്ടിക്കുമെന്നാ തോന്നുന്നതു്," കുറുക്കൻ പരാതിപ്പെട്ടു.

"കൊച്ചുപെണ്ണേ, നീ ബേജാറാവേണ്ട. ഞാൻ ഒരു അടക്ക പൊട്ടിക്കുകയായിരുന്നു."

"ഓ, അതുവ്വോ?"

അങ്ങിനെ രണ്ടുപേരും സവാരി തുടന്നു. കുറേ കഴിഞ്ഞപ്പോൾ ചെന്നായ ചോദിച്ചു.

"കൊച്ചുപെണ്ണേ, എൻെറ മൂന്നാമത്തെ കാലു് നുകത്തിന്നുമേൽ കയററിവെച്ചാലെന്താ?"

"വെറുതെ വഷളത്താ പറയാതെ. നീ ഇതു പൊട്ടിക്കും. എൻെറ നുകം പൊട്ടിയാൽപിന്നെ ഞാൻ എങ്ങിനെയാണു് വിറക കൊണ്ടു വരിക?"

"വെറുതെനിന്നു ഒച്ചയിടണ്ട. ഞാനിതു പൊട്ടിക്കുകയൊന്നുമില്ല"

"ശരി, അങ്ങിനെയാവട്ടെ എന്നാൽ."

ചെന്നായ അതിൻെറ മൂന്നാമത്തെ കാലും നുകത്തിന്മേൽവെച്ചു. അപ്പോൾ എന്തോ പൊട്ടുന്നതു കേട്ടു.

"എൻെറ പൊന്നാങ്ങളെ," കുറുക്കൻ അപേക്ഷിച്ചു, ദയവുചെയ്തു പോകു. അല്ലെങ്കിൽ എൻെറ കൊച്ചനിയൻ എൻെറ നുകം പൊട്ടിച്ചു താറുമാറാക്കും."

"അയ്യോ, കൊച്ചുപെണ്ണേ, ഞാൻ ഒരടക്ക പൊട്ടിക്കുകയായിരുന്നു."

"എന്നാ, ഒന്നെനിക്കും തരു"

"ഒന്നും ബാക്കിയില്ല. അതവസാനത്തെതായിരുന്നു."

അങ്ങിനെ, അവർ സവാരി തുടന്നു. കുറേ പോയപ്പോൾ ചെന്നായ ചോദിച്ചു:

"ഇനി ഞാൻ തടി മുഴവൻ നുകത്തിൽ കയററിവെച്ചാലെന്താന്നാ കൊച്ചുപെണ്ണു ആലോചിക്കുന്നതു്."

"അയ്യോ, അതു ചെയ്യരുതേ കൊച്ചാണ്ണളേ. നീ നുകം പൊട്ടിച്ചു കളയും."

"ഇല്ല. ഞാൻ സൂക്ഷിക്കാം."

"ശരി, സൂക്ഷിക്കണമെന്നുതന്ന്യാ ഞാനും പറയുന്നതു്."

അങ്ങിനെ, ചെന്നായ നുകത്തിന്നു മുകളിൽ വലിഞ്ഞുകയറി. കയറിയതോടെ നുകം പൊട്ടി പൊളിയുകയുംചെയ്തു. കുറുക്കൻ ചെന്നായയെ വായക്കു തോന്നിയതുപോലെ ശകാരിച്ചു. ശകാരിച്ചുശകാരിച്ചു് അവസാനം കുറുക്കൻ പറഞ്ഞു.

"പോ, ഒരു മരംമുറിച്ചു കട്ടകളാക്കി നുകത്തിന്മേൽവെച്ചു് കൊണ്ടുവാ. കഴുവേറി."

"ഞാനെങ്ങിനെയാ അതു ചെയ്യുക? ഏതുമരമാ നിനക്കു വേണ്ട തെന്നു് എനിക്കറിയുമോ?"

"കഴുവേറി, എന്റെ നുകം പൊട്ടക്കേണ്ടതെങ്ങിനെയെന്നു നിനക്ക റിയാലോ. പക്ഷെ, ഒരു മരം മുറിക്കണമെന്നു പറയുമ്പോഠം, നിനക്കു് അറിയില്ലെന്നു നടിക്ക്യ?"

വീണ്ടും ചെന്നായയെ പുലഭ്യം പറയാൻ തുടങ്ങി. ശകാരിച്ചു ശകാരിച്ചു് അവസാനം കുറുക്കൻ പറഞ്ഞു:

"നീ കാട്ടിലെത്തിയ ഉടൻ ഇങ്ങിനെ പറയണം: മരം മരം, കത്തനെയുള്ള മരം, വളഞ്ഞ മരം, നീ മുറിഞ്ഞു മുറിഞ്ഞു ചെറിയ കട്ടകളായി നിലത്തു വീഴുക! മരം മരം, കത്തനെയുള്ള മരം, വളഞ്ഞ മരം, നീ മുറിഞ്ഞു മുറിഞ്ഞു ചെറിയ കട്ടകളായി നിലത്തു വീഴുക!"

അതും ഉരുവിട്ടുകൊണ്ടു ചെന്നായ കാട്ടിലേക്കു നടകൊണ്ടു. കാട്ടിലെത്തിയപ്പോഠം അതു പറഞ്ഞു:

"മരം മരം, കത്തനെയുള്ള മരം, വളഞ്ഞ മരം, നീ മുറിഞ്ഞു മുറിഞ്ഞു ചെറിയ കട്ടകളായി നിലത്തു വീഴക!"

പറഞ്ഞതുപോലെ മരം മുറിഞ്ഞു മുറിഞ്ഞു വീണു. കട്ടകൾ ആകെ വളഞ്ഞു പിരിഞ്ഞു കിടന്നതുകൊണ്ടു നേക്കനേരെ ഒരു വടി അതുകൊണ്ടുണ്ടാക്കാൻപോലും കഴിഞ്ഞില്ല. പിന്നെ നുകമുണ്ടാക്കുന്ന കാര്യം പറയേണ്ടല്ലോ.

ചെന്നായ കട്ടകൾ കുറക്കന്റെ അടുത്തേക്ക് എടുത്തുകൊണ്ടു പോയി. കുറക്കൻ ഒന്നുനോക്കി, ചെന്നായയെ വീണ്ടും പുലഭ്യം പറയാൻ തുടങ്ങി:

"കഴുവേറി. നീ ഞാൻ പറഞ്ഞുതന്നതു തല തിരിച്ചായിരിക്കും പറഞ്ഞിരിക്കുക."

"കൊച്ചുപെണ്ണേ, ഞാൻ അവിടെനിന്നു പറഞ്ഞു: മരം മരം, വളഞ്ഞു പിരിഞ്ഞ മരം, നീ മുറിഞ്ഞു മുറിഞ്ഞു നിലത്തു വീഴക."

"എനിക്കതറിയാം. നിന്റെ തലയിൽ ചളിയാ, വെറം ചളി. ഇവിടെ ഇരി. ഞാൻതന്നെ പോയി മരം മുറിച്ചു കൊണ്ടുവരാം."

അതും പറഞ്ഞു കുറക്കൻ നടകൊണ്ടു. ചെന്നായ അവിടെ കാത്തിരുന്നു. കുറേനേരം കഴിഞ്ഞു. അതിന്നു വിശപ്പു കലശലായി. അതു കുറക്കന്റെ കുടിലിന്നകത്തെല്ലാം തിരഞ്ഞുനോക്കി. യാതൊന്നും കണ്ടില്ല. കുത്തിയിരുന്നു ആലോചിച്ചാലോചിച്ച് അതവസാനം പറഞ്ഞു: "ഈ കാളക്കുട്ടനെ പിടിച്ചുതിന്നു ഓടി രക്ഷപ്പെടാമെന്നു തോന്നുന്നു."

കാളക്കുട്ടന്റെ പള്ള തുരന്നു ചെന്നായ ഒരു ചെറിയ പോര മുണ്ടാക്കി. അകത്തുള്ളതെല്ലാം വാരിവലിച്ചു ശാപ്പിട്ടു. അതിന്നുശേഷം ഒരു പററം കുഞ്ഞാററക്കിളികളെ പിടിച്ചു, വീണ്ടും നിറച്ചു, ഒരു പിടി വൈക്കോലെടുത്തു പോരമടച്ച് അവിടെനിന്നു വായുവേഗത്തിൽ ഓടിക്കളഞ്ഞു.

കുറേക്കഴിഞ്ഞു കുറുക്കൻ കാട്ടിൽനിന്നു മടങ്ങിവന്നു. ഒരു പുതിയ നരകമുണ്ടാക്കി അതിനകത്തു കയറിയിരുന്നു പറഞ്ഞു:

"കാളക്കുട്ടാ, എഴുന്നേല്ക്കൂ."

പക്ഷെ, കാളക്കുട്ടനിൽ ഒരനക്കവും കണ്ടില്ല. കുറേ വിളിച്ചും അനങ്ങുന്നില്ലെന്നായപ്പോൾ കുറുക്കൻ ഒരു വടിയെടുത്തു കാളക്കുട്ടനെ പൊതിരെ തല്ലാൻതുടങ്ങി. തല്ലിത്തല്ലി വയ്ക്കോൽ ഉതിർന്നുപോയി. കുഞ്ഞാററക്കിളികൾ പുറത്തേക്കു പറന്നു.

"കൊലച്ചതിയാ," കുറുക്കൻ അട്ടഹസിച്ചു. "നിനക്കു ഞാൻ കാണിച്ചുതരാം. ഇതിനു പകരം ചോദിച്ചില്ലെങ്കിൽ ഞാൻ കൊച്ചു പെണ്ണല്ല."

കുറുക്കൻ അവിടെനിന്നു ഇറങ്ങിപ്പോയി.

റോഡിലെത്തിയപ്പോൾ കുറുക്കൻ വിലങ്ങനെ ചത്തതുപോലെ അവിടെ കിടന്നു.

കുറേക്കഴിഞ്ഞപ്പോൾ അതുവഴി കുറേ കാളവണ്ടിക്കാർ മത്സ്യപ്പെട്ടികളും കയററി വന്നു.

കാളവണ്ടിക്കാർ കുറുക്കനെ ചെന്നുനോക്കി. അവർ പറഞ്ഞു:

"നമുക്കിതിനെ എടുത്തുകൊണ്ടുപോകാം. വിററാൽ വിലകിട്ടും."

അവർ കുറുക്കനെ എടുത്തു അവസാനത്തെ വണ്ടിയിലിട്ടു തങ്ങളുടെ വഴിക്കുപോയി. അവർ പിറകോട്ടു നോക്കുന്നില്ലെന്നു കുറേക്കഴിഞ്ഞപ്പോൾ മനസ്സിലാക്കിയ കുറുക്കൻ വണ്ടിയിൽനിന്നു ഓരോ മത്സ്യത്തെയായി പുറത്തേക്കെറിയാൻ തുടങ്ങി. റോഡിൽ കുറേ അധികം മത്സ്യം വീണുകഴിഞ്ഞുവെന്നു കണ്ടപ്പോൾ കുറുക്കൻ ഒച്ചപ്പാടുണ്ടാക്കാതെ വണ്ടിയിൽനിന്നിറങ്ങി. വണ്ടിക്കാർ അവരുടെ വഴിക്കുപോയി. കുറുക്കൻ മത്സ്യമെല്ലാം പെറുക്കി ഒരു സ്ഥലത്തുകൂട്ടി. അതിന്റെ മുമ്പിലിരുന്നു ഒന്നൊന്നായി ഭക്ഷിക്കാൻ തുടങ്ങി.

കുറേനേരം കഴിഞ്ഞപ്പോൾ ചെന്നായ അവിടെ എത്തി.

"നമസ്കാരം, കൊച്ചുപെണ്ണേ", ചെന്നായ ദൂരത്തുനിന്നുതന്നെ വിളിച്ചുപറഞ്ഞു.

"നമസ്കാരം കൊച്ചാങ്ങളെ, വരണം, വരണം."

"എന്തുചെയ്യുകയാ നീ?" അടുത്തെത്തിയപ്പോൾ ചെന്നായ ചോദിച്ചു.

"മത്സ്യം തിന്നുകയാ."

"കുറച്ചു എനിക്കും താ"

"വേണെങ്കിൽ പോയി പിടിക്കണം."

"എങ്ങിനെയാ പിടിക്കുക? എനിക്കറിയില്ലല്ലോ."

"ശരി, അറിയില്ലെങ്കിൽ വേണ്ട. എന്നിൽനിന്നു് നിനക്കൊരു മുള്ളും കിട്ടില്ല."

"എങ്ങിനെയാ മത്സ്യം പിടിക്കുക എന്നെങ്കിലും എന്നോടു പറയില്ലേ കൊച്ചുപെണ്ണേ?"

കുറുക്കൻ ആത്മഗതം ചെയ്തു:

"നീ അവിടെ നില്ലു് പൊന്നാങ്ങളെ! നീ എന്റെ കള്ള കാട്ടനെ പിടിച്ചതിന്നു. അതിന്നു ഞാനിപ്പം പകരം വീട്ടിക്കളയാം."

ഇതുംപറഞ്ഞു കുറുക്കൻ ചെന്നായയുടെ നേക്കു തിരിഞ്ഞു പറഞ്ഞു:

"പുഴയിലേക്കു പോയി നീ നിന്റെ വാലു് മഞ്ഞിൻകട്ടയുടെ തുളയിൽ താഴ്ത്തുക. സാവധാനം അതു അനക്കിക്കൊണ്ടിരിക്കണം. അനക്കുന്നതിന്നിടയിൽ ഇങ്ങിനെ പറയണം: "വലിയ മത്സ്യങ്ങളേ ചെറിയ മത്സ്യങ്ങളെ, വാ, വാ, വാലുവന്നു പിടിക്കിൻ. വലിയ മത്സ്യങ്ങളേ, ചെറിയ മത്സ്യങ്ങളേ, വാ, വാ, വാലുവന്നു പിടിക്കിൻ."

"ചെറുത്തു് നന്ദിയുണ്ടു്, ഇതു പറഞ്ഞതിന്നു"' ചെന്നായ അറിയിച്ചു.

ചെന്നായ നേരിട്ടു് പുഴക്കരയിലേക്കാണു് ഓടിയതു്. ഒരു മഞ്ഞിൻകട്ടയുടെ തുളയിൽ വാലും താഴ്ത്തി അല്ലാല്ലം അനക്കിക്കൊണ്ടു് ചെന്നായ പറഞ്ഞു:

"വാ, വാ, വലിയ മത്സ്യങ്ങളെ, ചെറിയ മത്സ്യങ്ങളെ, വാലു വന്നു പിടിക്കിൻ."

പുഴക്കരയിലുള്ള ചുള്ളിക്കാടുകളിൽ ഒളിച്ചിരുന്ന കുറുക്കൻ അതു നോക്കുന്നുണ്ടായിരുന്നു.

കുറുക്കൻ മന്ത്രിച്ചു:

"മരവിച്ചുപോട്ടെ, മരവിച്ചുപോട്ടെ, കുറുക്കന്റെ വാൽ" അതു പറഞ്ഞപ്പോഠം മഞ്ഞിൻകട്ട പൊട്ടുന്നതു കേട്ടു. ചെന്നായ അതിന്റെ വാലു് മാളത്തിലിട്ടു് ഇളക്കിക്കൊണ്ടേ ഇരുന്നു.

"വാ, വാ, വലിയ മത്സ്യങ്ങളെ, ചെറിയ മത്സ്യങ്ങളെ, വാലിന്നു വന്നു പിടിക്കിൻ."

കുറുക്കൻ ആവത്തിച്ചുകൊണ്ടിരുന്നു:

"മരവിച്ചുപോട്ടെ, മരവിച്ചുപോട്ടെ, കുറുക്കന്റെ വാലു്"' മഞ്ഞിന്നകത്തു വാലു് മരവിച്ചു പറ്റുന്നതുവരെ ചെന്നായ അവിടെയിരുന്നു മീൻ പിടിച്ചു! വാലു് മഞ്ഞിൻകട്ടയിൽ കുടുങ്ങിയെന്നു കണ്ടപ്പോഠം കുറുക്കൻ ഗ്രാമത്തിലേക്കു് ഓടിച്ചെന്നു് അറിയിച്ചു.

"നല്ലവരേ, നല്ലവരേ, വരിൻ, വരിൻ, ചെന്നായയെ കൊല്ലുവിൻ."

ഗ്രാമവാസികൾ തങ്ങളുടെ മഴുവും മമ്മട്ടിയും കുന്താലിയും മററുമായി പുഴക്കരയിലേക്ക ഓടിയെത്തി. അവർ ചെന്നായയുടെ മേൽ ചാട അതിനെ തല്ലിക്കൊന്നു.

കുറുക്കനെ സംബന്ധിച്ചാണെങ്കിൽ, അതിപ്പോഴും തന്റെ കുടിലിൽ വലിയ പ്രമാണിയായി കഴിച്ചുകൂട്ടുകയാണു്.

---

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. MR9 Acc. No. 77747

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MP9 77747
TVK·U

ടി.വി.കെ

ഉക്രേനിയൻ നാടോടിക്കഥകൾ.